Ci.
XIV.
53.

N12<526908246 021
LS
ubTÜBINGEN
Br

Vergleichung von Hinduism & Romanism
v. Miss. [illegible]
Tritschur
(malayalam

# ഇന്ദുമാൎഗ്ഗത്തിന്നും

# റോമമാൎഗ്ഗത്തിന്നും

## തമ്മിലുള്ള സംബന്ധം.

UNIV. BIBL. TÜBINGEN

---

ലോകത്തിന്റെ ഇരുളിനെ നീക്കി പ്രകാശിപ്പിപ്പാൻ ഒരു സൂൎയ്യൻ ഉണ്ടായിരിക്കുന്നതുപോലെ മനുഷ്യരുടെ മനസ്സിന്റെ ഇരുളിനെ നീക്കി പ്രകാശിപ്പിപ്പാൻ ഒരു വേദം ഉണ്ടായിരിക്കെണം, ആ വേദം ഏതെന്ന മനുഷ്യൻ ദൈവാത്മാവിനാൽ പ്രകാശിപ്പിക്കപ്പെട്ടിരിക്കുന്ന തന്റെ ബുദ്ധിയുടെ കണ്ണുകൊണ്ടു മാത്രം അറിയെണ്ടതാകുന്നു. എല്ലാ വേദവും ഞാൻ തന്നെ സത്യവേദം എന്ന പറയുന്നു. എങ്കിലും ദൈവത്തെയും അവന്റെ ലക്ഷണങ്ങളെയും ക്രിസ്തു ഉണ്ടാക്കിയ രക്ഷാവഴിയെയും പാപമോചനത്തെയും വെളിപ്പെടുത്തുന്നത തന്നെ സത്യവേദം. ഏതു വേദം ദൈവത്തിന്റെ ലക്ഷണങ്ങൾക്കും ക്രിസ്തു മുഖാന്തരമുള്ള രക്ഷാ വഴിക്കും വിരോധമായിരിക്കുന്നുവൊ അത ദൈവത്താൽ ഉണ്ടായ വെദമാകയില്ല.

റോമമാൎഗ്ഗം തന്നെ സത്യവേദമാൎഗ്ഗം എന്ന പറകയും ദൈവവേദത്തെ ജനങ്ങൾക്ക കൊടുക്കാതെയും അതിനെ തള്ളിക്കളഞ്ഞ അതിനെ വായിക്കുന്നവരെ പതിതർ എന്ന പറഞ്ഞ നിന്ദിച്ച പാപ്പായുടെ കല്പനകളെ ദൈവകല്പനകളായിട്ട സ്വീകരിക്കയും ചെയ്തു വരുന്നു. ആത്മാവാകുന്ന ദൈവത്തെ ആത്മാവിലും സത്യത്തിലും വന്ദിക്കെണ്ടതായിരിക്കുമ്പോൾ റോമക്കാർ സ്വരൂപവന്ദന കൊണ്ടും കൎമ്മാചാരങ്ങളെകൊണ്ടും വ്യാജപ്പുതുമകൾകൊണ്ടും, കള്ളക്കഥകൾകൊണ്ടും തങ്ങളുടെ മാൎഗ്ഗത്തെ നിലനിറുത്തുന്നു. ആകയാൽ റോമമാൎഗ്ഗം ഇന്ദുമാൎഗ്ഗത്തൊട ചേൎന്നിരിക്കുന്നു എന്ന കാണിപ്പാനായി ൟ പുസ്തകം എഴുതപ്പെട്ടു.

തങ്ങളുടെ ആത്മവൎദ്ധനയെ ആഗ്രഹിക്കുന്നവർ ഇതിനെ ശുഷ്കാന്തിയുള്ള ആത്മാവോടെ വായിച്ച സത്യമൊ അല്ലയൊ എന്ന വിചാരിച്ച സത്യമാൎഗ്ഗത്തെ ഏററുകൊണ്ട അതിൻ പ്രകാരം നടക്കുന്നവരായിവരട്ടെ.



Ci XIV. 53.

## രണ്ടു മാൎഗ്ഗങ്ങളുടെയും സംബന്ധം.

റോമ മാൎഗ്ഗം തന്നെ സത്യമെന്നു റോമക്കാർ ചൊല്ലി വരുന്നു. എന്നാൽ ഒരു വൃക്ഷത്തെ അതിന്റെ ഫലങ്ങളെക്കൊണ്ടു അറിയുന്നതുപോലെ ഓരൊരൊ മാൎഗ്ഗത്തെ അതാതിന്നടുത്ത ക്രിയകളെക്കൊണ്ടു തിരിച്ചു അറിയെണം. റോമമാൎഗ്ഗം തന്നെ സത്യവേദമാൎഗ്ഗമെന്നു പറഞ്ഞിട്ടു ദൈവം ചെയ്യരുതെന്നു വിലക്കിയതിനെ ചെയ്കയും അവൻ ചെയ്വാൻ കല്പിച്ചിരിക്കുന്നതിനെ തള്ളിക്കളകയും ചെയ്യുന്നു.

റോമമാൎഗ്ഗത്തിൽ ഉൾപ്പെട്ടിരിക്കുന്ന ആളുകൾ എല്ലാവരും കന്യകമറിയയെ സേവിക്കയും ദൈവദൂതന്മാരെ വണങ്ങുകയും മരിച്ചുപോയ പുണ്യവാന്മാരെ വിചാരിച്ചു അവരുടെ രൂപങ്ങളെ കുമ്പിടുകയും സത്യ കൎമ്മത്തിന്നുള്ള അപ്പം ദൈവം എന്നു വെച്ചു അതിനെ വന്ദിക്കയും ചെയ്യുന്നതും പ്രയോജനമില്ലാത്ത മററനേകം വിഗ്രഹാരാധനയെയും പ്രമാണിക്കുന്നതും അജ്ഞാനമാൎഗ്ഗമായിരിക്കുന്നു. ആകയാൽ അജ്ഞാനവും റോമമാൎഗ്ഗവും അവ രണ്ടും ഇരട്ടപെററവരെന്നപോലെ ഒന്നായിരിക്കുന്നു എന്നു പലപല ദൃഷ്ടാന്തങ്ങളെക്കൊണ്ടും തെളിയിക്കാം.

### ൧ അദ്ധ്യായം.

അജ്ഞാനികളുടെ വിഗ്രഹാരാധനെക്കും റോമക്കാരുടെ സ്വരൂപാരാധനെക്കും ഉള്ള സംബന്ധം.

അജ്ഞാനികൾ പൊന്നു, വെള്ളി, ചെമ്പു മുതലായ പഞ്ചലോഹങ്ങളെക്കൊണ്ടും, കല്ലു, മരം, മണ്ണു, മുതലായവയെക്കൊണ്ടും ആണിന്റെയും പെണ്ണിന്റെയും സ്വരൂപമുണ്ടാക്കി അവയെ ഓരൊ അമ്പലങ്ങളിൽ വെച്ചു ഭഗവാൻ എന്നും ഭഗവതി എന്നും ത്രിമൂൎത്തികൾ എന്നും മററും തങ്ങളുടെ മനസ്സിൽ തോന്നുന്ന ഓരൊരൊ ദൈവമെന്നു ഭാവിച്ചു ജീവനും ബുദ്ധിയുമുള്ള തങ്ങൾ ജീവനും ബുദ്ധിയുമില്ലാത്തവയെ തിരഞ്ഞെടുത്തുകൊണ്ടു സത്യ ദൈവത്തിന്നു ചെയ്യേണ്ടുന്ന ആരാധനയെ അവെക്കു ചെയ്തു അവയുടെ മുമ്പാകെ തേവാരം മന്ത്രം ഓതി തങ്ങളുടെ കുറവുകൾ ഒക്കെയും അവയോടു പറഞ്ഞു പോരുന്നു.

പിന്നെയും തങ്ങളുടെ വിഗ്രഹങ്ങൾക്കു അനേകം ഉത്സവങ്ങളെ നടത്തിച്ചു അവയെ ആനപ്പുറത്തും മററും വാഹനങ്ങളിൽ കരേററി, ബഹു ആഡംബരത്തോടും ആട്ടം പാട്ടു കേ

ളിക്കെ മുതലായവയോടും ബ്രാഹ്മണ ഗുരുക്കന്മാരുടെയും തമ്പുരാക്കന്മാരുടെയും സഹായത്തോടെ തങ്ങളുടെ ദൈവങ്ങളെ കൊണ്ടു ഊര പ്രദക്ഷിണം വെപ്പിക്കുന്നു.

## റോമക്കാരും.

മീതെ സ്വൎഗ്ഗത്തിലെങ്കിലും താഴെ ഭൂമിയിലെങ്കിലും ഭൂമിക്ക കീഴെ വെള്ളത്തിലെങ്കിലും ഉള്ള യാതൊന്നിന്റെ പ്രതിമയെ എങ്കിലും ഉണ്ടാക്കയും നീ അവയെ കുമ്പിടുകയെങ്കിലും അവയെ സേവിക്കയെങ്കിലും അരുതെന്ന ദൈവം കല്പിച്ച കല്പനയെ തള്ളിക്കളഞ്ഞ തങ്ങളുടെ ഇഷ്ട പ്രകാരം സ്വൎഗ്ഗ സേനകളായ ദൈവ ദൂതന്മാരെ പോലെയും ഭൂമിയിലെ മനുഷ്യൎക്ക തുല്യങ്ങളായും സ്വരൂപങ്ങളെ ഉണ്ടാക്കി വെച്ച പരിശുദ്ധ ദൈവത്തെ അറിയാത്ത ഇന്ദുക്കാരുടെ പ്രവൃത്തികളിൽ ഒന്നിനെയും തള്ളാതെ കണ്ടു കല്ലിന്നു പകരം മരത്തെയും കളിമണ്ണിന്നു പകരം പിഞ്ഞാണമണ്ണിനെയും ചെമ്പിന്നു പകരം പിച്ചളയേയും പഞ്ചലോഹത്തിന്നു പകരം പൊന്നവെള്ളി ദന്തങ്ങളെയും തിരഞ്ഞെടുത്തകൊണ്ടു ആണായും പെണ്ണായുമുള്ള രൂപങ്ങളെ ഉണ്ടാക്കി കുറവ തീൎത്ത തങ്ങളുടെ വീടുകളിലും പള്ളികളിലും അവയെ വെച്ച ചായമിട്ട സ്വരൂപങ്ങളെയും പ്രതിമകളെയും വന്ദിച്ച അവെക്ക ഇന്ദുക്കാരുടെ ദൈവങ്ങളിൻ പേർ മാത്രം ഇടാതെ മറിയ അന്തൊനി മുതലായവരുടെ പേരിട്ടു അവയുടെ മുമ്പിൽ മുട്ടുകുത്തി ദൈവത്തിന്ന മാത്രമല്ലാതെ വെറെ ഒന്നിന്നും ചെയ്യ കൂടാത്തതായ അധിക ഭക്തിയുള്ള ആരാധനയെ അവെക്ക ചെയ്യ വരുന്നു.

പിന്നെയും സാരം കൂടാതെയുള്ള പല പല ഉത്സവങ്ങളിൽ പുണ്യവാന്മാരുടെ സ്വരൂപങ്ങളെ കൊണ്ടാടി രഥം രൂപക്കൂട മുതലായവയിൽ കരെററി അവ ചാഞ്ചാടി വീഴാതിരിക്കത്തക്കവണ്ണം ചുട്ടംകെട്ടി തമ്പോറടിച്ച കുഴലൂതി മേളതാളം മുഴക്കി ബഹുആരവാരത്തോടും ആഡംബരത്തോടും ദീപട്ടി, മത്താപ്പ, മുതലായ വെളിച്ചങ്ങളോടും വാണം വെടി മുതലായ കാഴ്ചകളോടും എഴുന്നെള്ളിച്ച പള്ളിക്കാർ അണി അണിയായി വന്ന പാടുന്നവർ അത്യന്തഭയഭക്തിയോടെ രണ്ടു കൈകളും കൂപ്പി സ്വരൂപങ്ങളുടെ ചെവികളിൽ ഏല്പിക്കുന്നതു പോലെ കീൎത്തനം പാടി തെരുവുകളിൽ പ്രദക്ഷിണം വെച്ചു വന്ന തങ്ങളുടെ ആഡംബരം പോരാ എന്നു കണ്ടാൽ നാണമില്ലാതെ കണ്ടു മററൊരു പള്ളിയിലെ കുട, നകാരം മുത

ലായവയെയും ഇരന്ന മേടിച്ച കൊണ്ടു വന്ന ലജ്ജയിൽ തങ്ങളുടെ മഹിമകളെ കാണിച്ച ഇപ്രകാരമായ തങ്ങളുടെ ആരാധനയെ പ്രസിദ്ധമാക്കി വരുന്നു.

പിന്നെയും ഇന്തുക്കാർ തങ്ങൾ തിരഞ്ഞെടുത്തിരിക്കുന്ന ദേവതകൾക്കും തങ്ങളുടെ മരിച്ചുപൊയ കാരണവന്മാൎക്കും കല്ലു കൊണ്ട രൂപങ്ങളെ ഉണ്ടാക്കി വെച്ച അവ മുഖാന്തരമായിട്ട ആരാധന ചെയ്യുന്നത ദൈവത്തിന ഇഷ്ടമാകുന്നു എന്നും ഗുരുക്കന്മാർ വിഗ്രഹങ്ങൾക്ക പ്രാണ പ്രതിഷ്ഠ ചെയ്തു അൎച്ചിച്ചു ഉടനെ അവ ദൈവമാകുന്നു എന്നും ചൊല്ലുന്നതുപോലെ തന്നെ

റോമക്കാരും തങ്ങൾ പരിശുദ്ധന്മാരായി തിരഞ്ഞെടുത്തു കൊണ്ടവൎക്ക സ്വരൂപങ്ങളെ ഉണ്ടാക്കി തങ്ങളുടെ പള്ളികളിൽ വെച്ച അവ മുഖാന്തരം ആരാധന ചെയ്യുന്നത ദൈവത്തെ ബഹുമാനിക്കുന്നതാകുന്നു എന്നും ദൈവഭക്തിക്ക കാരണമായിരിക്കുന്നതെന്നും പറയുന്നു.

അത കൂടാതെയും സ്വരൂപങ്ങൾ പൂജിക്കപ്പെട്ടു ഉടനെ ദൈവീകവും ദൈവ ശക്തിയും മറ്റ സത്വതത്വങ്ങളും സ്വരൂപങ്ങളിൽ ഉണ്ടായിരിക്കുന്നു എന്നും അതിന്നടയാളമായി സ്വരൂപങ്ങൾ പല സമയങ്ങളിൽ വിശേഷപ്പെട്ട അത്ഭുതങ്ങളെ ചെയ്തു, സ്വപ്നങ്ങളിൽ കാണപ്പെടുന്നു എന്നും പറയുന്നു. സ്വരൂപങ്ങൾ ഇങ്ങിനെ ചെയ്യുമൊ എന്ന ചോദിക്കുന്നവരോട അവർ ഉള്ളത തന്നെ എങ്ങിനെ എന്നാൽ ഇപ്രകാരമുള്ള പ്രവൃത്തികളെ ചെയ്യുന്നതിന സ്വരൂപങ്ങൾക്ക തങ്ങളിൽ തന്നെ ശക്തിയില്ലാതിരുന്നാലും പരിശുദ്ധന്മാരുടെ ജപത്തിനാലും അപേക്ഷയാലും സ്വരൂപങ്ങൾ അത്ഭുതങ്ങളെ ചെയ്യുന്നതിന്ന ദൈവം അവെക്ക ശക്തിയെ നല്കുന്നു എന്ന നിശ്ചയിച്ച പറയുന്നു.

പിന്നെയും റോമക്കാർ സ്വരൂപവണക്കത്തെ സ്ഥിരപ്പെടുത്തിപ്പറയുന്ന ന്യായമാവിത. ദൈവം വിഗ്രഹാരാധനയെ വിലക്കിയത ഉള്ളത തന്നെ എങ്കിലും അവന്ന വിരോധമായ അന്യ ദൈവങ്ങളെ പോലെ വിഗ്രഹത്തെ ഉണ്ടാക്കരുതെന്നല്ലാതെ തനിക്ക സമമായൊരു രൂപത്തെ ഉണ്ടാക്കരുതെന്ന കല്പിച്ചിട്ടില്ല എന്ന പറയുന്നു. ദൈവം തനിക്ക സമമായും യാതൊരു സ്വരൂപത്തെയും ഉണ്ടാക്കരുതെന്ന എത്രയും സൂക്ഷ്മമായി കല്പിച്ചിരിക്കുന്നു. ഏശായ ദീൎഘദൎശനത്തിൽ ൪൬. ൫.

അതകൊണ്ട റോമക്കാർ ദൈവത്തിന്ന സമമായ സ്വരൂപത്തെ ഉണ്ടാക്കുന്നതും സ്രഷ്ടാവിനാൽ സൃഷ്ടിക്കപ്പെട്ട യാ

തൊരു വസ്തുക്കളോടെങ്കിലും സമമാക്കുന്നതും എല്ലാററിലും ഭാരമായ വലിയ പാപമായിരിക്കുന്നു. ഏശായ ൪൬. ൭. ൧. രാജ വ്യ. ൨൭.

റോമക്കാർ ദൈവത്തിങ്കലും അവൻെറ വചനത്തിങ്കലും ഇരിക്കേണ്ടുന്ന ഭയഭക്തിയെയും ആഗ്രഹത്തെയും തങ്ങളുടെ സ്വരൂപങ്ങളിൽ തിരിച്ചിട്ടിരിക്കുന്നതുമല്ലാതെ അവർ തങ്ങളുടെ ബുദ്ധിയെ വഷളാക്കികളുകയും ചെയ്യുന്നു. എന്നാൽ അജ്ഞാനികളുടെ വിഗ്രഹാരാധനയെക്കാളും റോമക്കാരുടെ സ്വരൂപവന്ദനം മാത്രം സത്യവേദ പ്രമാണമായിരിക്കുമൊ ? ഇല്ല.

സത്യമായ ദൈവത്തിൻെറ മാൎഗ്ഗത്തിന്നും അജ്ഞാന മാൎഗ്ഗത്തിന്നുമുള്ള വലിയ വ്യത്യാസം വിഗ്രഹാരാധന തന്നെ.

എങ്ങിനെ എന്നാൽ. സീനാമലയിൽ വെച്ചു കല്പിച്ചു തന്ന പ്രമാണത്താൽ മനുഷ്യർ ദൈവമായ കൎത്താവിനെ മാത്രം സേവിച്ചു അവനെ ഒരുവനെ മാത്രമെ വണങ്ങാവു എന്നും അവർ അവനെ പോലെ വേറെ യാതൊരു വിഗ്രഹങ്ങളെയും ഉണ്ടാക്കി കൂടാ എന്നും ദൈവം തൻെറ ജനത്തെ കുറിച്ചു എരിവുള്ള ദൈവമെന്നും കല്പിക്കപ്പെട്ടു.

പിന്നെയും ഇസ്രായേൽ ജനങ്ങൾ പല പല പാപങ്ങളെ ചെയ്തത ക്ഷമിച്ചു എങ്കിലും വിഗ്രഹാരാധന ഹേതുവായിട്ടത്രെ മോചിക്കപ്പെടാതെ നശിപ്പിക്കപ്പെട്ടു.

ക്രിസ്തുവും ദൈവത്തെ വന്ദിക്കുന്നവർ ആത്മാവിലും സത്യത്തിലും വന്ദിക്കെണമെന്ന കല്പിച്ചിരിക്കുന്നു.

അതകൊണ്ട റോമക്കാർ അജ്ഞാനികൾ അറിയാതെ ചെയ്യുന്നത പോലെ അല്ല മനസ്സറിഞ്ഞ വിഗ്രഹാരാധന നടത്തിക്കുന്നതുകൊണ്ട അവർ ത്രിഏക ദൈവത്തിൻെറ കല്പനയ്ക്ക എതിൎത്ത നില്ക്കുന്ന എതിരാളികളെന്ന കാണപ്പെട്ടിരിക്കുന്നു.

## ൨ാം അദ്ധ്യായം.

### അജ്ഞാന ദൈവങ്ങൾക്കും റോമക്കാരുടെ പുണ്യവാന്മാൎക്കും ഉള്ള സംബന്ധം.

അജ്ഞാനികൾ തങ്ങൾക്ക ത്രിമൂൎത്തികളും മുപ്പത്തുമൂന്നു കോടി ദേവകളും നാല്പത്തെണ്ണായിരം ഋഷികളും മററനേകം പിതൃ ദേവതകളും ഉണ്ടെന്ന പറയുന്നു. അവയെ രണ്ടു വിധമായി പിരിച്ചു ആരാധന ചെയ്തു വരുന്നു.

### ൧ ഇഷ്ട ദേവതകൾ.

ബ്രഹ്മാവ, വിഷ്ണു, ശിവൻ, ഗണപതി, സുബ്രഹ്മണ്യൻ മുതലായ പൂൎവ്വ ദേവതകൾ.

## ൨ ദുഷ്ട ദേവതകൾ.

കിരാതമൂൎത്തി, ദുൎഗ്ഗ, ഭദ്രകാളി, വീരഭദ്രൻ. മുതലായ പുത്തു ദേവതകൾ.

ൟ രണ്ടു വിധത്തിലുമുള്ള ദേവതകളെയും ഇന്ദുക്കാർ രണ്ടു പ്രകാരത്തിൽ പൂജിച്ചു വണങ്ങി വരുന്നു.

അങ്ങിനെ തന്നെ റോമക്കാരും ത്രിയേകസൎവ്വേശ്വരൻ ഉണ്ടെന്നു പറഞ്ഞും ദൈവദൂതന്മാരും ഭൂമിയിൽ എണ്ണമില്ലാത്ത പരിശുദ്ധന്മാരും പന്തീരായിരം കന്യക സ്ത്രീകളും തിരിച്ചറിവില്ലാത്ത പൈതങ്ങളും പരിശുദ്ധ പാപ്പാമാരും ഉണ്ടെന്നു പറഞ്ഞു അവരെ ദേവന്മാരായിട്ടും മദ്ധ്യസ്ഥന്മാരായിട്ടും വിചാരിക്കുന്നു. അവരും രണ്ടു ഭാഗക്കാരായിരിക്കുന്നു.

## ൧ പഴയ പുണ്യവാന്മാർ.

കന്യകമറിയം.- യോഹന്നാൻ, പത്രൊസ, പൌലുസ, യാക്കോബു, തോമസ മുതലായവർ പഴയ പുണ്യവാന്മാരാകുന്നു.

## ൨ പുതിയ പുണ്യവാളന്മാർ.

ഔഗസ്തീൻ, അന്തോനി, അമ്പ്രോസ, അമൃതനാഥൻ, ആശീൎവ്വാദേന്ദ്രൻ, ദോമ്മനി, പ്രാഞ്ചിസ, സവെരി സെബസ്തിയാൻ, നീക്കിലാ, സിലുവെസ്തിരിപ്പാപ്പാ, ഗ്രെഗൊരിപ്പാപ്പാ മുതലായവർ. ഇങ്ങിനെയുള്ളവർ പുതിയ പുണ്യവാന്മാരാകുന്നു. ഇവരെയും വണങ്ങി അറിവില്ലാത്ത പൈതങ്ങളെയും കൂടെ തങ്ങൾക്കു വെണ്ടി അപേക്ഷിക്കെണമെന്നു പ്രാൎത്ഥിക്കുന്നു. അയ്യൊ തങ്ങളെ തന്നെ തിരിച്ചറിവാൻ വഹിയാത്ത പൈതങ്ങൾ റോമക്കാൎക്കു എന്തൊരു നന്മചെയ്യു ദൈവത്തോട എങ്ങിനെ അപേക്ഷിക്കുമൊ. അറഞ്ഞ കൂടാ. ഇത്രപോലും ഉണൎച്ച അവൎക്കില്ലാത്തത എത്രയും ആശ്ചൎയ്യമായിരിക്കുന്നു.

പിന്നെയും അജ്ഞാനികൾക്കു, ശ്രീഭഗവതി, ഭൂമിദേവി, ശ്രീസരസ്വതി, ശ്രീപാൎവ്വതി മുതലായുള്ള പെൺ ദേവതകളുണ്ടായിരിക്കുന്നതപോലെ തന്നെ

റോമക്കാൎക്കും പുണ്യവതികളായ പെണ്ണുങ്ങളുണ്ടു, കത്തരീന, ക്രുത്തെരിയ, ക്രിസ്തീനാ സേസിലിയ മുതലായ സ്ത്രീകളെയും പന്തീരായിരം കന്യക സ്ത്രീകളെയും പുണ്യവാന്മാരാക്കി വണങ്ങി അവരോട തങ്ങൾക്കു വേണ്ടി അപേക്ഷിക്കെണമെന്നു താല്പൎയ്യത്തോടെ പ്രാൎത്ഥിക്കുന്നു. അവരെ പോലെ സ്വരൂപങ്ങളും ഉണ്ടാക്കി തങ്ങളുടെ പള്ളിയിൽ വെച്ചു വന്ദിക്കുന്നു.

ഇങ്ങിനെ മരിച്ചുപോയ പുണ്ണ്യവാന്മാരെ സ്തുതിച്ച അവരെ നോക്കി കുശലം ചെയ്യെണം എന്ന കല്പിക്കുന്നതിന ദൈവ വചനത്തിൽ അവൎക്ക എന്തൊരു അധികാരം കൊടുക്കപ്പെട്ടിരിക്കുന്നു.

എല്ലാം കൎത്താവായ യേശുവിന്റെ നാമത്തിൽ തന്നെ ചെയ്തു അവനെ പ്രധാനമാക്കി പിതാവായ ദൈവത്തിന്ന സ്തോത്രം ചെയ്വിൻ എന്ന കല്പിച്ചിരിക്കുമ്പോൾ ഇത്രയും വളരെ പുണ്ണ്യവാന്മാരുടെ പുണ്ണ്യങ്ങളും അപേക്ഷകളും തങ്ങളെ രക്ഷിക്കുന്നതിന്നാവശ്യമെന്ന റോമക്കാർ പറയുമ്പോൾ ക്രിസ്തുവിന്റെ പുണ്ണ്യം കുറവ കൂടാത്തതല്ല എന്നും അവൻ അവരെ മുഴുവനും രക്ഷിക്കുന്നതിന്ന പോരാ എന്നും അറിയിക്കുന്നുവല്ലൊ.

അത തന്നെയുമല്ല, ദൈവത്തിന്നും മനുഷ്യൎക്കും നടുവെ മദ്ധ്യസ്ഥനായ ക്രിസ്തു തന്നെ തങ്ങൾക്ക വേണ്ടി അപേക്ഷിച്ചുകൊണ്ടിരിക്കുമ്പോൾ റോമക്കാർ കന്യകമറിയയേയും ദൈവദൂതന്മാരെയും എണ്ണിയാൽ ഒടുങ്ങാത്ത മനുഷ്യരെയും ദൈവത്തിന്റെ അടുക്കൽ അവരുടെ കാൎയ്യം പറയുന്നതിന്ന അവൎക്കും ദൈവത്തിനും നടുവിലുള്ള മദ്ധ്യസ്ഥന്മാരാക്കിയതുകൊണ്ട അവർ ക്രിസ്തുവിന്റെ മദ്ധ്യസ്ഥതയും തള്ളിക്കളഞ്ഞവരാകുന്നു.

പൂൎവ്വത്തിങ്കൽ നാദാബും അബിഹൂവും എന്ന ആചാൎയ്യന്മാർ അന്യാഗ്നിയെ ദൈവത്തിന്റെ മുമ്പാകെ കൊണ്ടുവന്നതകൊണ്ട നശിപ്പിക്കപ്പെട്ടു. അങ്ങിനെ ഇരിക്കുമ്പോൾ പുതിയ നിയമത്തിന്റെ കാലത്തിൽ ക്രിസ്തുവിന്റെ പുണ്ണ്യങ്ങളെ അല്ലാതെ അന്യ പുണ്ണ്യങ്ങളെ ദൈവത്തിന്റെ മുമ്പാകെ കൊണ്ടുവരുന്ന റോമക്കാർ അവന്റെ മുമ്പിൽ എങ്ങിനെ തങ്ങളെ തന്നെ രക്ഷിച്ചുകൊള്ളും. ൩ മോശെ. ൧൦. ൧. ൨.

അജ്ഞാനികളുടെ വിഗ്രഹങ്ങൾക്കും റോമക്കാരുടെ സ്വരൂപങ്ങൾക്കുമുള്ള ഐക്യതയെ കുറിച്ച പാണ്ടി ദേശത്ത സംഭവിച്ചിട്ടുള്ള ഒരു കഥ ഇവിടെ ദൃഷ്ടാന്തമായി എഴുതുന്നു.

അതാവിത.

കുംഭകോണത്തിന്ന സമീപമായി വലങ്കൈമാൻ എന്നൊരു ദേശം ഉണ്ട. അവിടെ ഇരിക്കുന്നവരിൽ ചിലർ റോമക്കാരും ചിലർ അജ്ഞാനികളുമാകുന്നു. മുപ്പത വൎഷത്തിന്ന മുമ്പിൽ അവരിൽ ഒരു അജ്ഞാനിക്കും ഒരു റോമക്കാരനും തമ്മിൽ വേദതൎക്കം ഉണ്ടായപ്പോൾ ആ അജ്ഞാനി റോമക്കാ

രനോട എന്തിന്ന നീ ഞങ്ങളുടെ സ്വാമിയെ നിന്ദിക്കുന്നു.
നിങ്ങളുടെ അന്തോനിയാർ ഞങ്ങളുടെ കറുപ്പണ്ണ സ്വാമിയു
ടെ അനുജൻ തന്നെ അല്ലയൊ പിന്നെ എന്ത. അവൻ മാ
ത്രം ശ്രേഷ്ഠനൊ എന്ന പറഞ്ഞു. അതിന്ന റോമക്കാരൻ ഞ
ങ്ങളുടെ അന്തോനിയാൻ പുണ്യവാൻ. നിങ്ങളുടെ കറുപ്പണ്ണ
സ്വാമിയൊ പിശാചാകുന്നു. പിന്നെ നീ എങ്ങിനെ അന്തോ
നിയാനെയും കറുപ്പണ്ണ സ്വാമിയെയും ജ്യേഷ്ഠാനുജന്മാരെ
ന്ന പറയും എന്ന പറഞ്ഞു. ഇങ്ങിനെ ഒരുത്തനൊരുത്തൻ
വാഗ്വാദമുണ്ടായി രണ്ടു ഭാഗത്തും ആൾ കൂടി അടിപിടി ആ
യി ആ സംഗതി കുംഭകൊണം കൊട്ടുവരെയും എത്തി.

അപ്പോൾ കുംഭകോണം കോട്ട ശിരസ്ഥദാര സ്വാമി നാ
ഥമുതലിയാര ആയിരുന്നു. അവൻ റോമക്കാരനായിരുന്നത
കൊണ്ട റോമക്കാരോട ചാഞ്ഞ നിന്നു. എന്നാലും മെജിസ്ത്രേ
ട്ട ഉൾപ്പെട്ട വിസ്താരംകൊണ്ട അതിന്റെ ന്യായം സായ്പി
ന്റെ അടുക്കൽ തന്നെ വിചാരിക്കപ്പെട്ടു.

സായ്പ ആ അജ്ഞാനിയോട നീ അവനെ ദുഷിച്ചത എ
ന്തിന എന്ന ചോദിച്ചു. അതിന്ന അവൻ അയ്യൊ ഞാൻ ഒ
ന്നും പറഞ്ഞില്ല മുമ്പെ അവൻ തന്നെ ഞങ്ങളുടെ സ്വാമിക
ളെ അത്രെയും താഴ്ത്തി പറഞ്ഞത. ഞാൻ കുറെ മാസങ്ങൾക്ക
മുമ്പെ ഞങ്ങളുടെ ദേശത്തിരിക്കുന്ന ആശാരിയുടെ അടുക്കൽ
ചെന്ന കറുപ്പണ്ണ സ്വാമിയെ ഉണ്ടാക്കുന്നതിന്ന ഒരു മരത്തു
ണ്ടം കൊടുത്തിരുന്നു. ആ ആശാരി എന്റെ മരത്തിൽനിന്ന
കട്ട അവരുടെ പള്ളിയിലേക്ക ഒരു അന്തോനിയാന്റെ സ്വ
രൂപം ഉണ്ടാക്കി കൊടുത്തു ആ കാൎയ്യം പിന്നെ ഞാൻ അറി
യുന്നതിന്ന ഇടയായി എന്നിട്ടും ഞാൻ മിണ്ടാതിരുന്നു. ഇ
പ്പോൾ ഇവൻ ഞങ്ങളുടെ സ്വാമിയെ ദുഷിച്ച പറഞ്ഞത
കൊണ്ട ആ രണ്ട സ്വാമികളും ജ്യേഷ്ഠാനുജന്മാർ തന്നെയ
ല്ലയൊ. അവൎക്ക തമ്മിൽ ഭേദമില്ലല്ലൊ. പിന്നെ എന്തിന്ന
ഞങ്ങളുടെ സ്വാമിയെ ദുഷിക്കുന്നു എന്ന പറഞ്ഞു. ഇപ്പോ
ൾ സായ്പ അവരുടെ സമക്ഷമത്തിങ്കൽ തന്നെ ആ ആശാ
രിയെ വരുത്തി കാൎയ്യം വിചാരിച്ചാൽ നേരും വ്യാജവും തെ
ളിയും. അങ്ങിനെ തന്നെ സായ്പ ആശാരിയെ വിളിച്ച കാ
ൎയ്യം ചോദിച്ചപ്പോൾ അവൻ പറഞ്ഞു. സായ്പ അവൎകളെ ഇ
വൻ പറയുന്നത ഉള്ളത തന്നെ ഇവൻ കോവിലിലേക്ക നേ
ൎന്നിരിക്കുന്ന ഒരു കറുപ്പണ്ണ സ്വാമിയെ ഉണ്ടാക്കുവാൻ പറ
ഞ്ഞ എന്റെ കയ്യിൽ ഒരു മരത്തുണ്ടം തന്നു. ഞാൻ അങ്ങി
നെ തന്നെ പണിത കൊടുത്തു. അതിന്റെ ശേഷം ഇവി
ടെ ഉള്ള റോമ പള്ളിയിലേക്കും അന്തോനിയാന്റെ ഒരു സ്വ

രൂപം ഉണ്ടാക്കി കൊടുക്കെണമെന്ന പലപ്പൊഴും ആ റോമക്കാർ അസഹ്യപ്പെടുത്തി വന്നിരുന്നു. എന്റെ അടുക്കൽ നല്ല മരം ഇല്ലാഞ്ഞതകൊണ്ടും കരുപ്പുണ സ്വാമിയെ ഉണ്ടാക്കിയ മരം നല്ലതായിരുന്നതകൊണ്ടും അതിൽ ശേഷിച്ച മരത്തുണ്ട കൊണ്ട തന്നെ അന്തോനിയാരുടെ സ്വരൂപം ഉണ്ടാക്കികൊടുത്തു. പിന്നെ ആ മരം തന്നവൻ ശേഷിച്ച മരം എവിടെ എന്ന ചോദിച്ചു അപ്പോൾ ഞാൻ മരം ചിലവായി പോയ അവസ്ഥ പറഞ്ഞ കേൾപ്പിച്ചു. ആ മരത്തിന്നുള്ള വില കരുപ്പുണ സ്വാമിയെ ഉണ്ടാക്കിതന്നതിന്റെ കൂലിക്ക ഇരിക്കട്ടെ എന്ന അവൻ എന്നോടും പറഞ്ഞു. ഇങ്ങിനെ ആശാരി പറഞ്ഞപ്പോൾ അജ്ഞാനി സായ്പ അവൎക്കളെ കേട്ടൊ, ആ രണ്ട സ്വാമികൾക്കും ജനനം ഒരു സ്ഥലത്തനിന്നായിരുന്നതകൊണ്ട കരുപ്പുണ സ്വാമിയും അന്തോനിയാരും ജ്യേഷ്ഠാനുജന്മാരായിരിക്കേണ്ടതാകുന്നു. പിന്നെ എങ്ങിനെ ഞങ്ങളുടെ സ്വാമിയെ മാത്രം പിശാച എന്ന പറയുന്നു എന്ന പറഞ്ഞതല്ലാതെ ഒന്നുമില്ല.

എങ്കിലും സായ്പ അവരിരുവരും തല്ലു കൂടിയ്യുകൊണ്ട ഇരുവരെകൊണ്ടും പ്രായശ്ചിത്തം ചെയ്യിച്ച വിട്ടയച്ചു. അപ്പോൾ അവിടെ ഉണ്ടായിരുന്ന റോമക്കാർ എല്ലാവരും ലജ്ജിക്കപ്പെട്ടു.

ഇപ്രകാരം റോമമാൎഗ്ഗം അജ്ഞാനത്തോട എത്രയും യോജിച്ചിരിക്കുന്നു എന്ന തെളിവായിരിക്കുന്നു. വേദപുസ്തകത്തിൽ ഇരുളിന്നും വെളിച്ചത്തിന്നും യോജ്യത ഇല്ലാത്തതപോലെ ദൈവത്തിന്റെ ആലയത്തിന്നും വിഗ്രഹത്തിന്നും യോജ്യത ഇല്ലെന്ന പറഞ്ഞിരിക്കുന്നു.

## ൩ അദ്ധ്യായം.

അജ്ഞാനികൾ തങ്ങളുടെ ദേവതകൾക്ക പല നാമങ്ങളെ ഇടുന്നതിന്നും റോമക്കാർ തങ്ങളുടെ പുണ്യവാന്മാൎക്ക പല നാമങ്ങളെ ഇടുന്നതിന്നും ഉള്ള സംബന്ധം.

അജ്ഞാനികൾ തങ്ങളുടെ ദേവന്മാൎക്ക ഒരു പേർ മാത്രം ഇടാതെ കണ്ട ഒരുത്തന്ന തന്നെ പല വിധ നാമങ്ങൾ ഇടുന്നു.

വിഷ്ണുവിനെ, ഗോശാലകൃഷ്ണൻ വെണ്ണകൃഷ്ണൻ, ഗുരുവായൂരപ്പൻ, തൃപ്പൂണിത്തുറെയപ്പൻ, അനന്തശയനമെന്നും.

ശിവനെ വടക്കുന്നാഥൻ, ചിറക്കൽ ദേവര, ഇരട്ടച്ചിറെ ദേവര, മിഥുനപ്പിള്ളി ദേവര, അന്തിമഹാകാളൻ, എന്നും, ഓ

രൊ ദിക്കിൽ ഓരോരൊ പേരായി വഴങ്ങി വരുന്ന പ്രകാരം തന്നെ.

റോമക്കാരും കന്യകമറിയയ്ക്കു ഏലാക്കുറിച്ചിയിൽ അടക്കല മാതാവ, വേളാങ്കണ്ണിയിൽ ആരോഗ്യ മാതാവ, ചരുകണി യിൽ ഹൃദയമാതാവ, കാരെക്കാലിൽ ആശ്വാസമാതാവ, ക പ്പൽ താങ്ങി മാതാവ, കണ്ടിയിൽ ചന്ദനമാതാവ, ചെന്ന പട്ടണത്തിൽ സിന്താത്തിരമാതാവ, തിരുച്ചിരാപ്പള്ളിയിൽ ജ പമാല മാതാവ, തൂത്തുക്കുടിയിൽ തവിനേശ്ശു മാതാവ, മധുര യിൽ പറവമണി മാതാവ, മലയടപ്പടിയിൽ പനിമാതാവ, പറക്കിമലയിൽ മല മാതാവ, എന്നിങ്ങിനെ പല പല പേ രിട്ട ഓരോരൊ ദിക്കിൽ ഓരോരൊ പെരായി വഴങ്ങി വരു ന്നു. ഇവരിൽ കന്യക മറിയം ഏതെന്ന സംശയിക്കയും ചെ യ്യുന്നു.

## ൪ അദ്ധ്യായം.

അജ്ഞാനികളുടെ ദേവതയായ പരാശക്തിയുടെ വണക്കത്തിന്നും റോമക്കാരുടെ ദേവതയായ കന്യക മറിയത്തിന്റെം വണക്കത്തിന്നും ഉള്ള സംബന്ധം.

അജ്ഞാനികൾ പരാശക്തിയെ വലിയവൾ എന്നും അ വൾക്ക മൂന്ന കണ്ണുണ്ടെന്നും അവൾ തന്നെ ത്രിമൂർത്തികളെ യും സകല ലോകങ്ങളെയും സൃഷ്ടിച്ചവൾ എന്നും അവൾ ക്ക മേലെ ആരുമില്ലെന്നും അവർ ത്രിമൂർത്തികളെ, മൂന്ന കാ ലുള്ള മുക്കാലിയാക്കി അതിന്മെകളിൽ ഇരിക്കുന്നു എന്നും എ ല്ലാം സത്യമയം തന്നെ എന്ന പറഞ്ഞ അവളെ ആരാധിക്കു ന്നു. അവളുടെ ആരാധനയിൽ മദ്യ മാംസങ്ങൾ പ്രധാനമാ കകൊണ്ട ആ മാൎഗ്ഗക്കാർ മദ്യ മാംസങ്ങൾ അനുഭവിക്കെണം.

അപ്രകാരം തന്നെ റോമക്കാരും കന്യക മറിയയെ വലിയ വൾ എന്നും പറഞ്ഞ അവൾ മൂന്ന ലോകത്തിന്നും അധി പതിയായിരിക്കുന്നു എന്നുള്ളതിന്ന അടയാളമായിട്ട മറിയ യുടെ സ്വരൂപത്തിന്ന മുമ്മുടി തീൎപ്പിച്ച ദൈവത്തിന്നും ക്രി സ്തുവിന്നും കൊടുക്കുന്ന ഭക്തി വണക്കങ്ങളെക്കാളും നൂറിരട്ടി ഭക്തിയെയും വണക്കത്തെയും അവൾക്ക കൊടുത്തുവരുന്നു. അവർ യേശുവിന്ന മുപ്പത്തമൂന്ന മണി നമസ്കാരവും കന്യക മറിയക്കൊ അമ്പത്ത മൂന്നമണി നമസ്കാരവും അല്ലെങ്കിൽ നൂ റമ്പത്ത മൂന്ന മണി നമസ്കാരവും ചെയ്യെണം എന്ന പറയു ന്നു. അത കൂടാതെയും തങ്ങളുടെ ആരാധനയുടെ ഇടയിൽ മാതാവിനെ നോക്കി പ്രാൎത്ഥിക്കുന്ന സമയം ഒരുമിച്ച കൂടിമു ട്ടുകുത്തി നിന്ന തങ്ങളുടെ കൈകളെ തലയ്ക്കു മീതെ എടുത്ത

കൂപ്പിളയന്ന ശബ്ദത്തോടെ കൃപ ദയ എല്ലാററിനും അധിപതിയെ വാക്യ ഞങ്ങളുടെ മധുരമെ ൟ കണ്ണുനീരോടു കൂടി ദുഃഖിച്ച നിന്നെ നോക്കി വിളിക്കുന്നു എന്ന അവർ പറയുന്നു. ഇതിനാൽ അവർ സൎവ്വേശ്വരന്ന വരേണ്ടുന്ന വണക്കത്തെക്കാളും അവളിൽ അധിക ദയ ഭക്തിയായ വണക്കത്തെ വരുത്തെണമെന്ന കാണിക്കുന്നു.

ഇനിയും അവളെ ദുഃഖിക്കപ്പെട്ടവരുടെ ആശ്വാസമെ പരിശുദ്ധന്മാൎക്ക വേണ്ടുന്നതിനെ ചെയ്യുന്നവളെ ലോകത്തിന്റെ ആശയെ ജീവ വൃക്ഷമെ മോക്ഷവാതിലെ സ്വൎഗ്ഗത്തിങ്കലെക്കുള്ള ഏണിയെ ദൈവദൂതന്മാരുടെ രാജ്ഞിയെ കൃപ നല്കുന്നവളെ സകല സ്തോത്രത്തെയും ഏററുകൊള്ളുന്നതിന്ന പാത്രമാകുന്നവളെ ഞങ്ങളുടെ പാപത്തെ എല്ലാം നീക്കി നിത്യാഗ്നിയിൽ അകപ്പെട്ടു പോകാതെ അരുളുവാൻ കഴിയുന്നവളെ എന്ന പ്രാൎത്ഥിക്കുന്നത മഹാ വലിയ പാപവും ദൈവ ദൂഷണവുമായിരിക്കുന്നു. ഇതിനെ അനുസരിക്കുന്ന ആത്മാവ ദുരിതത്തിൽ അകപ്പെടാതെ വരികയില്ല.

ൟ കന്യക മറിയം തന്നെ പാപികളുടെ വ്യാകുലം തീൎക്കുന്നവളും ആരോഗ്യത്തെ തരുന്നവളും കൃപ നല്കുന്നവളും മോക്ഷത്തിലേക്ക കൊണ്ടുപോകുന്ന വാതിലും നരകാഗ്നിയിൽനിന്ന രക്ഷിക്കുന്നവളുമായിരുന്നാൽ അപ്പോൾ ക്രിസ്തു ഏതുമില്ലാത്തവനായി അല്ലെ. ജീവനുള്ള ദൈവത്തിന്റെ പുത്രനായിരിക്കുന്നവൻ സ്വൎഗ്ഗത്തിന്നും ഭൂമിക്കും നടുവിൽ തൂങ്ങിയതിനാലും തന്റെ രക്തത്തെ എല്ലാം ചിന്നി ജീവനെ കൊടുത്തതിനാലും ഉണ്ടാക്കിയ പുണ്യങ്ങൾ റോമക്കാർ എത്രയും അല്പവും വ്യൎത്ഥവുമായി വിചാരിക്കുന്നു.

പിന്നെയും കന്യക മറിയം ജന്മ പാപമില്ലാതെ പിറന്നു എന്ന അവർ പറയുന്നത ഘനപാപവും വലിയ ദ്രോഹവും ആയിരിക്കുന്നു. ഏശായ ൪൨. ൮. ദൈവമായ കൎത്താവ തന്റെ മഹത്വത്തെ വേറെ ഒരുത്തനും നമസ്കാരത്തെ വിഗ്രഹങ്ങൾക്കും കൊടുക്കയില്ലെന്ന പറയുന്നു.

## ൩ അദ്ധ്യായം.

അജ്ഞാനികളും റോമക്കാരും തങ്ങളുടെ ഗുണ ദോഷങ്ങൾക്ക ഓരോരൊ ദേവതകൾ കാരണമായിരിക്കുന്നു എന്ന പറയുന്നതിന്റെ സംബന്ധം.

അജ്ഞാനികൾ എല്ലാററിനും ദൈവം കാരണമായിരിക്കാതെ ഓരോരൊ നന്മക്കും തിന്മക്കും ഓരോരൊ ദേവതകൾ കാരണമായിരിക്കുന്നു എന്ന പറയുന്നു.

ദ്രവ്യത്തിന്ന ശ്രീ ദേവിയും
വിദ്യക്ക സരസ്വതിയും
എളിമക്ക ജ്യേഷ്ഠാദേവിയും
ഉപദ്രവത്തിന്ന ശനിയും
മരണത്തിന്ന കാലനും
വസൂരിക്ക ഭദ്രകാളിയും
നടപ്പുദീനത്തിന്ന ശ്യാമളയും

അതാത സ്ഥലങ്ങൾക്ക ഓരോരൊ ഗ്രാമദേവതയും ഉണ്ടെന്ന പറഞ്ഞ അതാത ഉപദ്രവകാലങ്ങളിൽ വിഗ്രഹങ്ങളെ എഴുന്നെള്ളിച്ച പോരുന്നു.

ഇങ്ങിനെ തന്നെ റോമക്കാർ
കപ്പൽ യാത്രയ്ക്കു സിത്താന്തിരെ മാതാവും
പനി വസൂരികൾക്ക സെവത്തിയാനും
നടപ്പ ദീനത്തിന്ന അന്തോനിയും
യുദ്ധ കലഹങ്ങൾക്ക സന്ത യാക്കോബും

അതാത ദേശങ്ങളെ യുദ്ധ കലഹങ്ങളിൽ കാക്കുന്നതിന്ന ഓരോരൊ പുണ്യവാന്മാരും ഉണ്ടെന്ന പറഞ്ഞ അതാത സമയങ്ങളിൽ അതാത ഉപദ്രവങ്ങൾ ഉണ്ടാകുമ്പോൾ അതാത പുണ്യവാന്മാരുടെ സ്വരൂപങ്ങളെ പൂങ്കൂട മുതലായ വാഹനങ്ങളിൽ കയററി തെരുവീഥികളിൽ ബഹു ആഡംബരത്തോട ചുററി വരുന്നു. ഇങ്ങിനെ അവർ ചെയ്യുന്നതിന്ന ഒരു മരത്തുണ്ടിൽ എങ്കിലും ഒരു കല്ലിൽ എങ്കിലും ഉപദ്രവത്തെ മാററുന്നതിന്ന ശക്തിയുണ്ടൊ ഇല്ലല്ലൊ. ഇപ്രകാരം റോമക്കാർ സത്യ വേദത്തിന്റെ ബഹുമാനത്തെ കൊള്ളയിടുന്നു.

എന്നാൽ ദൈവം സൃഷ്ടികളെ വണങ്ങുന്ന സകല വണക്കവും തന്റെ ചിത്തത്തിന്ന വിരോധമായിരിക്കുന്നു എന്നും അപ്രകാരം വണങ്ങുന്നവരെയും വണങ്ങിക്കുന്നവരെയും നശിപ്പിക്കുമെന്നും പറയുന്നു.

ഇവർ വണങ്ങുന്ന സ്വരൂപത്തിന്ന വന്ന ചേതത്തെ കുറിച്ച ഒരു ചരിത്രം ഇവിടെ ഉദാഹരണമായി കാണിക്കപ്പെടുന്നു.

തൂത്തുക്കുടിയിൽ തവിനേശ്ശു മാതാവിന്റെ പള്ളി ഒന്നുണ്ട ആ തവിനേശ്ശു മാതാവിന്റെ ഒരു സ്വരൂപത്തെ കുറിച്ച ബഹുവിധത്തിലുള്ള കഥകളെ റോമക്കാർ പറയുന്നു ഗോവയിൽ ഇതിനെ ഗുരുക്കന്മാർ ഒരു പെട്ടിയിൽ വെച്ച സമുദ്രത്തിൽ ഇട്ടെച്ചു എന്നും അത താനെ തന്നെ പൊങ്ങിനീന്തി ത്രുത്തു

ക്കൂടിയിൽ വന്ന ചേൎന്നു എന്നും പറയുന്നു. ഇപ്രകാരം അവർ പറയുന്ന ആ അത്ഭുതമായ സ്വരൂപത്തിന്മേൽ ഇടിത്തീ വീണ അതിന്റെ വലത്തു കൈ തകൎന്നു പോയി. അവർ അതിന്നൊരു പുതു കൈ ഉണ്ടാക്കി ചായം വടിച്ചു വെച്ചിരിക്കുന്നു. ഈ വൎത്തമാനം അവരുടെ ഉള്ളിൽ രഹസ്യമായിരിക്കുന്നു.

൩൱ വഷ്ത്തിന്ന മുമ്പെ തഞ്ചെ നഗരത്തിൽനിന്നു പോയ സ്വൎട്ട്സ എന്ന നാട്ടുയ്യൻ ഗുരുക്കളുടിയിൽ റോമക്കാരൊട വേദ സംഭാഷണം ചെയ്തു നിങ്ങൾ കന്യക മറിയയേയും സ്വരൂപങ്ങളെയും വണങ്ങുന്നത ദൈവത്തിന്ന ഇഷ്ടമില്ലാത്ത ക്രിയയായിരിക്കുന്നു അവൻ ആ സ്വരൂപത്തിന്മേൽ ഇടി വീഴിച്ചതകൊണ്ട നിങ്ങൾക്ക അറിയാമല്ലൊ. ആയ്കകൊണ്ട നിങ്ങൾ സ്വരൂപവണക്കം ഉപേക്ഷിച്ച ദൈവത്തെ ആത്മാവിൻ പ്രകാരം വണങ്ങിക്കൊള്ളുവിൻ എന്ന പറഞ്ഞു.

അതിന്ന അവർ ഇല്ല സ്വാമി ആ ഇടി ഈ ദേശത്ത വീഴേണ്ടതായിരുന്നു അത തവിനേശു മാതാവ തന്റെ കൈയിൽ താങ്ങിക്കൊണ്ടു എന്ന പറഞ്ഞു. അപ്പോൾ അവൻ മാതാവ താങ്ങിയത ഉള്ളത എങ്കിൽ ആ കൈ ഒടിയാതെ ഇരിക്കേണ്ടിയിരുന്നു എന്ന പറഞ്ഞു അങ്ങിനെ പറഞ്ഞിട്ട അവർ ആന്യായത്തെ കൈക്കൊള്ളാതെ വിരോധിച്ച തന്റെ കയ്യിനെ താന്തന്നെ കാത്തുകൊള്ളാത്ത സ്വരൂപം തങ്ങളെ രക്ഷിക്കുമെന്ന വിശ്വസിച്ചുകൊണ്ട കണ്ണുകൊണ്ട കണ്ടിട്ടും ഉണൎച്ച വരാതെയും കാതുകൊണ്ട കേട്ടിട്ടും മനസ്സുതിരിക്കാതെയും പോയി.

റോമക്കാർ എല്ലാററിന്നും ദൈവം കാരണമല്ല എന്ന പോലെ സംസാരിക്കുന്നു. ഏശായ ൪൫. ൭. ഞാൻ പ്രകാശത്തെ ആകൃതിപ്പെടുത്തുന്നു. അന്ധകാരത്തെയും സൃഷ്ടിക്കുന്നു ഞാൻ സമാധാനത്തെ ഉണ്ടാക്കുന്നു. ദോഷത്തെയും സൃഷ്ടിക്കുന്നു. യഹോവായായ ഞാൻ ഈ കാൎയ്യങ്ങളെ ഒക്കെയും ചെയ്യുന്നു എന്ന പറയുന്നു.

## ൩ അദ്ധ്യായം.

അജ്ഞാനികളുടെ പുണ്യസ്ഥലങ്ങൾക്കും റോമക്കാരുടെ പുണ്യസ്ഥലങ്ങൾക്കും ഉള്ള സംബന്ധം.

അജ്ഞാനികൾ ചിതംബരത്തെ ദൎശിക്ക, തിരുവാവൂരിൽ പിറക്ക, കാശിയിൽ മരിക്ക, അരുണാചലത്തെ നിനെക്കയും ചെയ്താൽ മുക്തിവരുമെന്നും തൃപ്പതിക്കും കാശിക്കും ശ്രീരംഗ

ത്തെക്കും രാമേശ്വരത്തേക്കും പോയാൽ അധികമഹാപുണ്യമുണ്ടാകുമെന്നും പറഞ്ഞ അതാത സ്ഥലങ്ങളിൽ ഓരോരൊ മാസങ്ങളിൽ ഉത്സവങ്ങളെ ആചരിക്കുന്നു.

മകരപ്പൂയ നക്ഷത്രത്തിൽ പഴനിയിൽ അഭിഷേകവും പുഷ്പാഞ്ജലിയും അല്ലെങ്കിൽ തിരുവിട മരുത്രൂരിൽസ്നാനം.

കുംഭമകനക്ഷത്രത്തിൽ കുംഭകോണത്തിൽ മകത്തിരുനാൾ.

മീനം ആ നക്ഷത്രത്തിൽ തിരുവാവൂരിൽ കൊടിയേററം.

മെടം വാവിൽ തിരുവെയാററിൽ സപ്തസ്നാനം.

കൎക്കടകം പൂരനക്ഷത്രത്തിൽ പതിനെട്ടാം പെരുക്കം.

ചിങ്ങം മൂല നക്ഷത്രത്തിൽ മധുരയിൽ ശിവന മണ്ണു ചുമക്കുന്ന ഉത്സവം.

കന്നിനവ രാത്രിയിൽ മഹാനവമി.

തുലാം ചതുൎദ്ദശിദീപാളി.

വൃശ്ചികം കാൎത്തിക നക്ഷത്രത്തിൽ തിരുവണ്ണാമലയിൽ ദീപദൎശനം

ധനു തിരുവാതിര നക്ഷത്രത്തിൽ ചിതംബര ദൎശനം.

ഇപ്രകാരം അതാത സ്ഥലങ്ങൾ പുണ്യസ്ഥലങ്ങൾ എന്ന വെച്ചു അവിടെ അവിടെ ഓരോരൊ ഉത്സവങ്ങളെ ആചരിക്കുന്ന പ്രകാരം തന്നെ റോമക്കാരും ആകൂൎക്കും ഏലാക്കുറച്ചിക്കും കുരിശ മലയ്ക്കും മയിലാപ്പൂൎക്കും ചെന്നാൽ മഹാ ഫലം ഉണ്ടാകുമെന്നും വേളാങ്കണ്ണിയിൽ ഉപദ്രവം വ്യാധി ഇവ നീങ്ങുമെന്നും കോട്ടാററ വിചാരിച്ച കാൎയ്യം വൎദ്ധിക്കുമെന്നും ഇനിയും ഠരം ദേശത്ത അനേകം സ്ഥലങ്ങളെയും ആ ദേശത്ത യറുശലെമെയും പാപ്പാ വസിക്കുന്ന റോമ പുരിയെയും ഗോവയിൽ സവെരിയാരുടെ ശരീരം വെച്ചിരിക്കുന്ന സ്ഥലത്തെയും കന്യക മറിയം കുടിയിരിക്കുന്ന വീടിനെ ദൈവദൂതന്മാർ ഇത്താലിയ ദേശത്ത തൂക്കികൊണ്ടു പോയി വെച്ചു എന്നും പറയുന്ന ലൊരെത്തെയും കാണുന്നത മഹാപുണ്യമെന്ന പറയുന്നു.

പിന്നെയും അജ്ഞാനികൾ അതാത സ്ഥലങ്ങൾ പ്രധാന സ്ഥലങ്ങൾ എന്നും ഓരോരൊ ദേവതകൾക്ക അവിടവിടെ ഓരോരൊ ഉത്സവങ്ങൾ കൊണ്ടാടുന്ന പ്രകാരം തന്നെ ഇവരും.

ഏലാക്കുറിച്ചിയിൽ അടക്കലമാതാവിന്നും ആവൂരിൽ ഇന്നാസിയാൎക്കും പുത്തപ്പേട്ടയിൽ സന്തോനിയാൎക്കും പുറത്തക്കുടിയിൽ സവെരിയാൎക്കും തെൻവിരയിൽ സന്തിയാകപ്പനും തെൻകായലിൽ സമ്മികെലിന്നും പുതുശ്ശേരിയിൽ സം

പൌലുസിന്നും വേളാങ്കണ്ണിയിൽ ആരോഗ്യമാതാവിന്നും കോട്ടാററിൽ പ്രാഞ്ചിസ സവെരിയാൎക്കും ഇനിയും അതാത സ്ഥലങ്ങളിൽ ഓരോരൊ പുണ്യവാന്മാൎക്കും സംവത്സരത്തിൽ ഓരോരൊ മാസങ്ങളിൽ പെരുനാളുകളെ കൊണ്ടാടി അജ്ഞാനികളെ പോലെ തൂത്തുക്കുടി മുതലായ സ്ഥലങ്ങളിൽ തേരും വലിക്കുന്നു. അവിടെ അവർ കാണിക്കുന്ന ഭക്തികളെയും അപേക്ഷകളെയും ഇത്ര എന്ന പറഞ്ഞാലും എഴുതിയാലും ഒടുങ്ങുകയില്ല.

കോട്ടാററ സവെരിയാൎക്ക പെരുനാളുകൾ കൊണ്ടാടുമ്പോൾ ബഹു ദൂരങ്ങളിലും ഇരുന്ന ജനങ്ങൾ സവെരിയാൎക്ക തങ്ങളുടെ കുട്ടികളെ നേൎന്നുകൊള്ളുന്നു. അവിടെ പൂജിക്കുന്ന സമയം സവെരിയാൎക്ക നേൎന്നുകൊള്ളപ്പെട്ട കുട്ടിയെ ഉപദേശി പിടിച്ചു സവെരിയുടെ കുട്ടിയെ വിലക്ക വാങ്ങുന്നുവൊ എന്ന വിളിച്ചുചോദിച്ചു രൂപാ ൩൦. അല്ലെങ്കിൽ രൂപാ ൨൦ എന്ന തന്റെ മനസ്സിൽ തോന്നിയ വിലയെ ആ കുട്ടിയുടെ മേൽ വിളിക്കുന്നു. അപ്പോൾ ആ കുട്ടിയെ പെററവൾ അവരോട എത്രെയും അപേക്ഷിച്ചു തങ്ങളുടെ ദാരിദ്ര്യാവസ്ഥയെ കാണിച്ചു കുട്ടിയുടെ വില കുറെക്കുന്നതിന്ന സമ്മതപ്പെടുത്തുന്നു. അവർ ബഹു പ്രയാസത്തോടെ സമ്മതിച്ചു പിന്നെ സവെരിയാരുടെ കുട്ടിയായി പോയ തങ്ങളുടെ കുട്ടിയെ തങ്ങൾ തന്നെ പറഞ്ഞ വില കൊടുത്ത വാങ്ങി കൂട്ടിക്കൊണ്ടു പോകുന്നു. ഇപ്രകാരം സവെരിയാൎക്ക കുട്ടിയായി പോകുന്നതിന്ന അവൻ മനുഷ്യരെ വിലെക്ക വാങ്ങിച്ചിട്ടുണ്ടൊ. അല്ലെങ്കിൽ ൦രം സവെരി പരിശുദ്ധ അപ്പോസ്തോലന്മാരിൽ ഒരുത്തനും അല്ലല്ലൊ. അപ്രകാരമായാലും അവന കുട്ടികളെ സൃഷ്ടിപ്പാനും കാത്ത രക്ഷിപ്പാനും ശക്തിയുണ്ടൊ.

ക്രിസ്തു തന്റെ വാഗ്ദത്തത്തിനാൽ സ്വൎഗ്ഗത്തിലിരിക്കുന്നവൻ ഞങ്ങളുടെ പിതാവും ഞങ്ങൾ അവന്റെ മക്കളുമായിരിക്കുന്ന പുത്രസ്വീകാരത്തെ ചെയ്യിരിക്കുമ്പോൾ റോമക്കാർ പ്രാഞ്ചിസ്കുസവെരിക്കു കുട്ടികളായി പോകെണ്ടിവന്നത എന്ത? പിന്നെയും സവെരിൽ അവർ ധരിച്ചിരിക്കുന്ന ഭക്തി ഏറിയതകൊണ്ടു അവനെ ദെവസവെരി എന്ന പറഞ്ഞ തങ്ങളാൽ മുക്കാൽ പങ്കും സവെരി എന്ന പേർ ധരിച്ചിരിക്കുന്നു.

ഇപ്രകാരം ചില ദിക്കുകൾ മാത്രം പുണ്യസ്ഥലങ്ങളാകുന്നു എന്ന ജനങ്ങളെ പയിററിക്കുന്നത എല്ലാം നിറഞ്ഞിരിക്കുന്ന ദൈവത്തിന്റെ സൎവ്വവ്യാപിത്വത്തെ എതിൎക്കുന്നതായിരിക്കുന്നു.

## ൬ അദ്ധ്യായം.

അജ്ഞാനികളുടെ തൈ വിളക്കിന്നും റോമ മാൎഗ്ഗക്കാരുടെ മെഴുത്തിരിക്കും ഉള്ള സംബന്ധം.

അജ്ഞാനികൾ ശിവന്റെ അമ്പലത്തിന്നകത്ത പോയി ഒരു വിളക്ക പശുവിൻ നൈകൊണ്ട വെച്ചാൽ ജനന മരണം ഇല്ലാതെ കൈലാസത്തിങ്കൽ ഇരിപ്പാൻ സംഗതിവരും പിന്നെയും തിരുവിളക്കിട്ടവരെ ദൈവം അറിഞ്ഞ ഭാഗ്യം കൊടുക്കും അവൎക്ക വന്നിരിക്കുന്ന കഷ്ടതകൾ എല്ലാം തീരും എന്നും പറയുന്നു.

അപ്രകാരം റോമക്കാരും മാതാവിന്റെ പള്ളിയിൽ ചെന്ന മെഴുകതിരി നേൎന്നുകൊണ്ട കത്തിച്ചാൽ അവന്ന വന്നിരിക്കുന്ന കഷ്ടതകളും നോവുകളും നീങ്ങി സുഖം വരുമെന്നും അവൻ വിചാരിച്ച കാൎയ്യങ്ങളെല്ലാം സാധിച്ച ഭാഗ്യം വന്നു ചേരുമെന്നും പറയുന്നു.

പിന്നെയും അജ്ഞാനികൾ തങ്ങളുടെ അമ്പലങ്ങളിൽ വിഗ്രഹ ദൈവന്മാരെ നോക്കുന്നതിന്ന ഹേതു ഇല്ലാതിരുന്നാലും വിളക്കുകളെ എപ്പോഴും കത്തിച്ച കപ്പൂര ദീപത്തിൽ മുൻനിലയിൽ തങ്ങളുടെ ദേവന്മാൎക്ക ആരാധന ചെയ്യുന്നത പോലെ.

റോമക്കാരും തങ്ങളുടെ പള്ളികളിൽ ഇരിക്കുന്ന സ്വരൂപങ്ങളുടെ മുമ്പാകെ വിളക്ക കത്തിച്ച പൂജ എഴുന്നെള്ളിക്കുന്നു. അവർ പകലും ഇടവിടാതെ വെളിച്ചം ഉണ്ടാകുന്നതിന്ന വിളക്കുകളെ കത്തിക്കുന്നു. വെളിച്ചത്തെ കൊടുക്കുന്നവനും വെളിച്ചത്തിന്ന കാരണവുമായിരിക്കുന്നവന്ന അങ്ങിനെ ചെയ്യുന്നത ഭ്രാന്തായിരിക്കുന്നു. എങ്ങിനെ എന്നാൽ പകൽ അവർ വെളിച്ചമുണ്ടാകേണ്ടതിന്ന വിളക്കുകളെ കത്തിക്കുന്നത ആകാശത്തിൽ ഇരിക്കുന്ന സൂൎയ്യനെയും നീതിയുടെ സൂൎയ്യനായ ക്രിസ്തുവിനെയും അപമാനിക്കുന്നതായിരിക്കുന്നു.

## ൭ അദ്ധ്യായം.

അജ്ഞാനികളുടെ തീൎത്ഥത്തിന്നും റോമക്കാരുടെ തീൎത്ഥത്തിന്നും ഉള്ള സംബന്ധം.

അജ്ഞാനികൾ വിഷ്ണുവിന്റെ അമ്പലത്തിൽ വിഗ്രഹങ്ങൾക്ക അഭിഷേകം ചെയ്യു ജലത്തിൽ പൂജിച്ച തുളസി ഇട്ടത തീൎത്ഥം എന്ന പറഞ്ഞ പൂജക്കാർ എടുത്തുകൊണ്ട ഒരു തവികൊണ്ട മുക്കി അതിനെ ജനങ്ങൾക്ക കൊടുക്കുന്നു ജനങ്ങൾ അതിനെ ഭയ ഭക്തിയുള്ള വണക്കത്തോട തങ്ങളു

ടെ കൈയ്യിൽ മേടിച്ച കുറെ തലയിൽ തളിച്ച കുറെ കുടിച്ച പാപം പോയി, മഹാ പുണ്ണ്യം ലഭിച്ചു എന്ന വിചാരിക്കുന്നു. ഇപ്രകാരം തന്നെ ശിവന്റെ അമ്പലത്തിൽ തീൎത്ഥം കൊടുക്കാതെ ഇരുന്നാലും എല്ലാ വിഗ്രഹങ്ങൾക്കും കൂടി ഉള്ള അഭിഷേകത്തിങ്കൽ ആററിലൊ കുളത്തിലൊ വിഗ്രഹങ്ങളെ എഴുന്നെള്ളിച്ച മദ്ധ്യാഹ്നകാലത്തിങ്കൽ ശിവന്റെ ആയുധമായ ശൂലത്തിന്ന അഭിഷേകം ചെയ്യു ജലത്തെ ഗുരുക്കന്മാർ എടുത്ത ജനങ്ങളുടെ മേൽ തളിക്കുന്നു. ജനങ്ങൾ അതകൊണ്ട പരിശുദ്ധന്മാരായി പുണ്ണ്യം ലഭിച്ചു എന്ന വിചാരിച്ച അതിനോട കൂടെ സ്നാനം ചെയ്യു വരുന്നു.

അപ്രകാരം റോമക്കാരും വെള്ളത്തിൽ ഉപ്പ കലക്കി അതിനെ പരിശുദ്ധവെള്ളമെന്ന പറഞ്ഞ പള്ളിയിൽ വരുന്ന ഓരോരുത്തരുടെ മേലും അവരെ പരിശുദ്ധന്മാരാക്കേണ്ടതിന്ന തളിക്കുന്നു. ജീവനോടിരിക്കുന്നവരുടെ മേൽ മാത്രമല്ല ചത്തുപോയ ശവത്തിന്മേലും തളിക്കുന്നു. വൎഷത്തിൽ ഇതിന്നായി കൊണ്ടാടപ്പെടുന്ന പെരുനാൾ ദിവസത്തിൽ ആചാൎയ്യൻ ഗ്രാമാന്തരങ്ങളിൽ പോയി അവിടെ ഉള്ള പശു ഒന്നിന്ന ഒരു പണം വീതം മേടിച്ച പശുക്കളുടെ മേലും മനുഷ്യരുടെ മേലും തീൎത്ഥം തളിക്കുന്നു.

ആ തീൎത്ഥംകൊണ്ട ആ മൃഗങ്ങൾക്ക സുഖമുണ്ടാകുന്നത മാത്രമല്ല ആ മൃഗങ്ങളുടെ ഉടയവൎക്കും ഫലം ഉണ്ടാകുമെന്ന പറയുന്നു.

ഇപ്രകാരം റോമ പുരിയിലും മഹാ മുഖ്യമായികൊണ്ടാടപ്പെടുന്ന പെരുനാളിൽ ജനവരി മാസത്തിൽ പരിശുദ്ധമേരി എന്ന വലിയ പള്ളിയിൽ ജനങ്ങൾ ആട, പശു, കുതിര, കഴുത മുതലായ എല്ലാ മൃഗങ്ങളെയും കൊണ്ടു വന്ന പള്ളിക്ക മുമ്പിൽ നിൎത്തുന്നു. അപ്പോൾ ആചാൎയ്യൻ തന്റെ അങ്കിയെ ധരിച്ചുകൊണ്ട ആ മൃഗങ്ങൾ ഓരോന്നിന്മേലും തീൎത്ഥം തളിക്കുന്നു. ഇതല്ലാതെ മണിയെ കുളിപ്പിച്ച എണ്ണ ഉപ്പ തീൎത്ഥം മുതലായവയെ ദൈവത്തിന്റെ പേർ ചൊല്ലി പ്രതിഷ്ഠിച്ച ഇങ്ങിനെ ദൈവത്തിന്റെ നാമത്തെ വ്യൎത്ഥമാക്കുന്നു.

മനുഷ്യർ സ്വൎഗ്ഗത്തേക്ക പോകേണ്ടുന്നവരാകയാൽ അവൎക്ക മാത്രം ജ്ഞാനസ്നാനം ദൈവത്താൽ കല്പിക്കപ്പെട്ടത ഒഴികെ മൃഗങ്ങൾക്കും മണി മുതലായ സാമാനങ്ങൾക്കും കല്പിക്കപ്പെട്ടില്ലല്ലൊ. ജ്ഞാനസ്നാനം പാപഅഴുക്കിനെ നീക്കി ശുദ്ധീകരിക്കുന്ന കുളി ആയിരിക്കുമ്പോൾ വേറെ തീൎത്ഥം എന്തൊരാവശ്യത്തിന്ന. പൂൎവ്വ ക്രിസ്ത്യാനിക്കാർ ഇതിനെ അപഭക്തിയായും അജ്ഞാനമായും അപ്പോസ്തോലന്മാരാൽ കോട്ട

ക്കപ്പെട്ട സത്യമുള്ള ജ്ഞാനസ്നാനത്തിന്ന പ്രതിയായി പിശാചിനാൽ കണ്ടു പിടിക്കപ്പെട്ടതെന്ന നിശ്ചയിച്ചു.

റോമക്കാർ ദൈവ നാമത്തെ വ്യൎത്ഥമായി വഴങ്ങുന്നതിനെ കുറിച്ചു നടന്ന ഒരു ചെറിയ ചരിത്രം ദൃഷ്ടാന്തമായി കാണിക്കുന്നു.

കുറെ കാലം മുമ്പെ തെക്കെ ദേശമായ രാമനാഥ പുരത്തിന്ന സമീപമായ മണ്ഡപശാല വട്ടകയിൽ ഇരുന്ന ഒരു റോമക്കാരൻ ഉപദേശി താൻ കേറുന്ന തന്റെ കുതിരയ്ക്കു വ്യാധി വന്ന കിടന്നപ്പോൾ അതിന്റെ നെററിയിൽ കുരിശ വരച്ചു പരിശുദ്ധ കുരിശ അടയാളത്തിന്റെ മന്ത്രത്തെ ചൊല്ലി നമസ്കരിച്ചു കുതിര തെററാതെ ചത്തു പോയി. ഇപ്രകാരം ഒരു ഉപദേശി തന്നെ കുതിരയ്ക്കു കുരിശ വരച്ചു ജപം ചെയ്യാമെങ്കിൽ ജനങ്ങൾ എത്ര അപഭക്തിയുടെ ഇരുളിൽ ചേരപ്പെട്ടിരിക്കുന്നു എന്ന കാണേണ്ടുന്നതാകുന്നു.

## ൯ അദ്ധ്യായം.

അജ്ഞാനികളുടെ ധൂപവൎഗ്ഗത്തിന്നും റോമക്കാരുടെ ധൂപവൎഗ്ഗത്തിന്നും ഉള്ള സംബന്ധം.

അജ്ഞാനികൾ തങ്ങളുടെ അമ്പലങ്ങളിൽ ആരാധന ചെയ്യുമ്പോൾ കുടക്കുളടെ മണി കിലുക്കി തങ്ങളുടെ ദൈവങ്ങൾക്ക കൎപ്പൂര ദീപം കൊളുത്തി ധൂപക്കുററി എടുത്ത കാണിക്കുന്നു. അപ്പോൾ ജനങ്ങൾ ഹര ഹര മഹാ ദേവ എന്ന പറഞ്ഞ തങ്ങളുടെ കണ്ണുകളിന്മെൽ കൈകളെ വെച്ചുകൊള്ളുന്നു. അവർ ബലി ഇടുമ്പോഴും ഒരുത്തൻ ധൂപ കലശത്തെ കയ്യിൽ പിടിച്ചു പൂജക്കാരന്റെ പിന്നാലെ ചെല്ലുന്നു.

അപ്രകാരം തന്നെ റോമക്കാരും തങ്ങളുടെ ആരാധന സമയത്ത കുടക്കുളടെ മണികിലുക്കി തങ്ങളുടെ സ്വരൂപങ്ങളുടെ മുമ്പിൽ ധൂപം കാണിക്കുന്നു. ഒരു ശിഷ്യപ്പെട്ടവൻ ധൂപ കലശത്തെ തൻ കൈയ്യിൽ പിടിച്ചു പട്ടക്കാരന്റെ പിമ്പെ ചെല്ലുന്നു. അവൻ ധൂപ കലശത്തെ വാങ്ങി സ്വരൂപത്തിന്ന മൂന്ന പ്രാവിശ്യം കാട്ടി പിന്നെ അവന്റെ കൈയ്യിൽ കൊടുത്ത വിടുന്നു സത്യം തന്നെ. പഴയ നിയമത്തിൻ കാലത്തിൽ പ്രധാനാചാൎയ്യന്മാർ ദൈവത്തിന്ന ധൂപം കാട്ടിയിരിക്കുന്നു അവർ ദൈവത്തിന്നല്ലാതെ യാതൊരു പുണ്യവാന്മാൎക്കെങ്കിലും സ്വരൂപങ്ങൾക്കെങ്കിലും ധൂപം കാട്ടീട്ടില്ല. ആ ധൂപം കാട്ടുന്ന ചടങ്ങ മുതലായത എല്ലാം ക്രിസ്തു അവതരിച്ചു ശേഷം നിന്നുപോയി. ഇപ്പോൾ റോമക്കാർ പാരമ്പൎയ്യ ചട

ങ്ങുകളെ കൈകൊണ്ടു ദൈവത്തിന്നല്ല ഉണ്ടാക്കപ്പെട്ടു കൂടാത്ത സ്വരൂപങ്ങൾക്ക ധൂപം കാട്ടുന്നു. മനുഷ്യൻ ദൈവത്തിന്ന കാണിക്കുന്ന ധൂപം സാമ്പ്രാണി ധൂപമല്ല എന്തെന്നാൽ ദൈവത്തിന്റെ ദൂതൻ കൊർന്നേലിയുസിനോട കൊർന്നേലിയുസെ നിന്റെ പ്രാൎത്ഥനകളും നിന്റെ ധൎമ്മങ്ങളും ദൈവത്തിന്റെ മുമ്പാകെ ഓൎമ്മക്കായിട്ട എത്തിയിരിക്കുന്നു എന്ന പറഞ്ഞു, ശുദ്ധ ദാവിദ ൧൪൧. ൨. എന്റെ പ്രാൎത്ഥന നിന്റെ മുമ്പാകെ ധൂപം വൎഗ്ഗം പോലെയും എന്റെ കൈകളെ ഉയൎത്തുന്നത വൈകുന്നേരത്തെ കാഴ്ചപോലെയും കഴിക്കപ്പെട്ടതാകട്ടെ എന്ന പറയുന്നു.

ആകയാൽ സത്യവേദം പ്രാൎത്ഥനയെ ദൈവത്തിന്ന ധൂപം കാട്ടുവാൻ പറയുന്നു. റോമക്കാരൊ സാമ്പ്രാണി ധൂപത്തെ കാട്ടുവാൻ പറയുന്നു. തെക്കെ ദേശമായ തൂത്തുക്കുടിയിൽ തവിനേശ്ശ മാതാവിന്റെ പള്ളിയിലെ മാതാവിന്റെ സ്വരൂപത്തിന്നും മറ്റു സ്വരൂപങ്ങൾക്കും ധൂപം കാട്ടിയ ശേഷം ജാതിത്തലവനും പള്ളിയിൽ തന്നെ ധൂപം കാട്ടുന്നു. റോമക്കാർ ഇപ്രകാരം തങ്ങളെ വിഗ്രഹഭക്തിക്കാരിലും വഷളാക്കികളഞ്ഞു.

പിന്നെയും അജ്ഞാനികളെ പോലെ ഇവരും പൂജ എഴുന്നെള്ളിക്കുന്നമെന്ന പറഞ്ഞ അപ്പം എഴുന്നെള്ളിക്കുമ്പോളെല്ലാം ക്രിസ്തു മുറ മുറയായി ബലിയാകുന്നു എന്ന പറയുന്നു. ക്രിസ്തു ഒരിക്കൽ മാത്രം ബലിയായി തന്റെ ഒരു ബലിയാൽ തന്നെ വിശ്വാസികളെ എല്ലാപ്പോഴും സന്തോഷമുള്ളവരാക്കി.

## ൧൦ം അദ്ധ്യായം.

അജ്ഞാനികളുടെ രുദ്രാക്ഷ മാലെക്കും തുളസിമാലെക്കും റോമക്കാരുടെ ജപ മാലയും ഒത്തിരിക്കുന്നു എന്നത.

അജ്ഞാനികളിൽ ശിവഭക്തന്മാർ രുദ്രാക്ഷമണിയെയും വിഷ്ണു ഭക്തന്മാർ തുളസിമണിയെയും മാലയായി ധരിച്ചു ഒരം അടയാളത്തിനാൽ തങ്ങൾ ഇന്ന മതക്കാരെന്ന വെളിപ്പെടുത്തുന്നു.

വിരുദ്ധാചല പുരാണത്തിൽ രുദ്രാക്ഷ മണിയെ ധരിക്കും പ്രകാരത്തെ കുറിച്ച നെറ്റിയിൽ ഒരു മണി തലയിൽ ൧൩. കഴുത്തിൽ ൭൨. അല്ലെങ്കിൽ ൧൦൮. കൈക്ക ൧൨. മാറത്ത ൫൦ തന്നെ. ഇങ്ങിനെ ധരിച്ചാൽ ആയിരം യാഗം ചെയ്യു ഫലമുണ്ടെന്ന പറയപ്പെട്ടിരിക്കുന്നു.

പിന്നെയും അവർ മേൽ അണിഞ്ഞുകൊള്ളുകയും അത കൂ

ടാതെ രുദ്രാക്ഷമണി തുളസി മണിമാലകളെ കൈയിലും പിടിച്ചുജപിക്കെണം എന്ന പറഞ്ഞ തങ്ങളുടെ മന്ത്രങ്ങളെ ജപിക്കുമ്പോളെല്ലാം ആ മാലയെ ഉരുട്ടിക്കൊണ്ടിരുന്ന ദൈവം തങ്ങളുടെ ജപത്തെ മറന്ന പോകാത്ത പ്രകാരം കണക്കാക്കിക്കൊള്ളുന്നു.

അപ്രകാരം തന്നെ റോമക്കാരും മരംകൊണ്ട മണികളെ കടഞ്ഞ അല്ലെങ്കിൽ പിഞ്ഞാണ മണ്ണുകൊണ്ട മണികളെ വാർത്ത ഠിമ്പ അല്ലെങ്കിൽ ഫഠിമ്പ മണിയായി ചേർത്ത പിച്ചുളദന്തം മുതലായവ കൊണ്ട ക്രിസ്തുവിന്റെയും മാതാവിന്റെയും പല പല പുണ്ണ്യവാന്മാരുടെയും സ്വരൂപങ്ങൾ ഉണ്ടാക്കി മാല കോർത്ത അത കഴുത്തിൽ ധരിച്ചുകൊണ്ട വേറെ ഒരു ജപമാലയെ കൈയിൽ പിടിച്ച തങ്ങളുടെ ജപങ്ങളെ മുണുമുണ്ണെന്ന ചെയ്യുമ്പോളെല്ലാം ഉരുട്ടിക്കൊണ്ടിരിക്കുന്നു. ദൈവം തന്റെ പ്രാർത്ഥനയെ മറന്നുപോകാത്ത പ്രകാരം കണക്ക പിടിച്ചു കൊള്ളുന്നു.

മാർഗ്ഗത്തിൽ ചേർന്ന ഉപദേശിമാർ പ്രജകൾ എന്നു തുടങ്ങിയവർക്ക അടയാളമായിട്ടുള്ള മാലയെ ധരിച്ചുകൊള്ളെണമെന്ന റോമക്കാർ പറയുന്നു. ക്രിസ്തുവൊ നിങ്ങൾ ഒരുത്തന്നൊരുത്തൻ സ്നേഹമുള്ളവരായിരുന്നാൽ നിങ്ങൾ എല്ലാവരും എന്റെയും ശിഷ്യരെന്ന അറിയുമെന്ന പറയുന്നു. ഇങ്ങിനെയുള്ള സ്നേഹംതന്നെ യേശുവിന്റെ ശിഷ്യരുടെ അടയാളമായിരിക്കുമ്പോൾ റോമക്കാർ മരംകൊണ്ട ഉണ്ടാക്കപ്പെട്ടമാല ക്രിസ്ത്യാനിക്ക അടയാളമെന്ന പറയുന്നു.

അതല്ലാതെയും ജപമാലക്കാർ തങ്ങളുടെ ജപമാലയോട കൂടെ ഗുരുക്കന്മാരെയും ഉപദേശിമാരെയും സാഷ്ടാംഗമായി വീണ വഴങ്ങിക്കൊള്ളുമ്പോൾ അവരുടെ കഴുത്തിൽ കിടക്കുന്ന സ്വരൂപങ്ങളും താഴെ വീണ ഗുരുക്കന്മാരെയും ഉപദേശിമാരെയും വഴങ്ങുന്നു.

പിന്നെയും റോമക്കാർ ജപമാല പിടിച്ച ജപിക്കുമ്പോളെല്ലാം അമ്പത്തമൂന്ന മണി അല്ലെങ്കിൽ നൂററമ്പത്തമൂന്ന മണി ഉള്ള ജപമാല പിടിച്ച ജപിക്കെണമെന്നും അങ്ങിനെ ജപമാല പിടിച്ച ജപിക്കുന്നത ഏററവും വലുതായുള്ള ഫലത്തെ ഉണ്ടാക്കുമെന്നും പറയുന്നു. വിശേഷിച്ച പുണ്ണ്യവാളനായ പാപ്പയാൽ കൊടുക്കപ്പെട്ട ജപമാലയെ എത്ര ജപമാലയിൽ ചേർത്താലും അല്ലെങ്കിൽ തൊട്ടാലും പാപ്പ കൊടുത്ത ജപമാലയുടെ ഫലമത്രെയും അതിനുണ്ടാകും, തൊടപ്പെട്ട ജപമാല വേറെ ഒന്നിനെ തൊട്ടാൽ അതിന്നു മാത്രം ഫലം ഉണ്ടാകയില്ലെന്നും പറയുന്നു.

അതകൂടാതെയും അജ്ഞാനികൾ ശിവശിവ രാമരാമ എന്ന ഒരു വാക്കിനെ തന്നെ ഇടവിടാതെ വേഗം ചൊല്ലുന്നത കൊണ്ട ഫലം ഉണ്ടെന്ന വിശ്വസിച്ചുകൊണ്ടിരിക്കുന്നത പോലെ റോമക്കാരും കൎത്താവിന്റെ പ്രാൎത്ഥനയെ മുപ്പത്ത മൂന്ന പ്രാവശ്യം ചൊല്ലെണമെന്നുള്ള ഭാവത്താൽ അഞ്ചൽക്കുതിര അല്ലെങ്കിൽ വാതു പറഞ്ഞ ഒടിക്കുന്ന കുതിര ഇവയുടെ വേഗം പോലെ ഉള്ള വേഗത്തോടെ ജപിക്കുന്നു.

റോമക്കാരിൽ ചിലർ ദിവസന്തോറും ജപിക്കേണ്ടുന്ന അവരുടെ കണക്കിന്റെ നിശ്ചയപ്രകാരം ജപിക്കുന്നതു കൂടാതെ ഉപദ്രവം വ്യാധി തുടങ്ങിയ തടവുകൾ വരുന്ന ദിവസങ്ങൾക്ക നേട്ടമായിട്ട രണ്ട മൂന്നു സംവത്സരത്തേക്കുള്ള ജപത്തെ മുമ്പു കൂട്ടി കഴിച്ചു വെച്ചുകൊള്ളുന്നതുമുണ്ട.

ദൃഷ്ടാന്തമായി ഒരു ഉപദേശി തന്റെ അച്ചനോട അങ്ങുന്നെ നിങ്ങൾക്ക വ്യാധി പിടിപെട്ടിരിക്കകൊണ്ട തങ്ങളുടെ നിത്യകൎമ്മം അവസാനിക്കത്തക്കവണ്ണം ഒരു ഉപദേശിയെ വെച്ച തങ്ങൾക്കായിട്ട അവസാന ജപം ചെയ്യാൻ പറയട്ടെ എന്ന ചോദിച്ചതിന്ന അവൻ തന്റെ സ്വന്ത പുത്രനോട അല്ലയൊ ദൈവസഹായം നീ അതിനായിട്ട വിചാരപ്പെടെണ്ട ഞാൻ മൂന്ന സംവത്സരത്തേക്കുള്ള ജപം മുമ്പെതന്നെ ചെയ്തുവെച്ചിരിക്കുന്നു എന്ന പറഞ്ഞു. ഇപ്രകാരം റോമക്കാർ തങ്ങളുടെ ജപങ്ങളെ ജപിച്ചു വരുന്നു.

പിന്നെയും അക്കരെ ദ്വീപിൽ റുസ്സിയാ ദേശം മുതലായ സ്ഥലങ്ങളിൽ ചില റോമക്കാർ ജപിക്കുന്നതിന്ന ഞെരുക്കമായിരിക്കുന്നുഎന്ന കണ്ടാൽ ഒരു കാററാടിയിൽ കൎത്താവിന്റെ പ്രാൎത്ഥനയെ എഴുതി കാററിന്റെ നേരെ വെച്ച ആ കാററാടി എത്ര പ്രാവശ്യം ചുററുന്നുവൊ അതിനെ കണക്ക വെച്ചുകൊണ്ടെ, ദിവസന്തോറും ചെയ്യെണ്ടുന്ന ജപത്തിന്റെ സംഖ്യ കഴിച്ച ശേഷിച്ച സംഖ്യയെ അനേകം ദിവസത്തിന്റെ ജപത്തിന്ന നേടിവെച്ചുകൊള്ളുന്നു. ആ കാററാടികാററിന്റെ ശക്തിക്ക തക്കതായി ഒരുമണിനേരത്തിൽ എത്ര പ്രാവശ്യം ചുററിയാലും അത്ര പ്രാവശ്യവും ഒരുത്തൻ തന്നെ ജപം ചെയ്തു ഫലം ഉണ്ടാകുമെന്ന പറയുന്നു.

ആത്മാവിൽനിന്നും സത്യത്തിൽനിന്നും പുറപ്പെടാതെയുള്ള അധരങ്ങളുടെ പ്രാൎത്ഥന പ്രയോജനമില്ലാത്തതായിരിക്കുമ്പോൾ ഇങ്ങിനെ നേരംപോക്കായുള്ള ജപം മനുഷ്യന്ന എന്തൊരു പ്രയോജനത്തെ ഉണ്ടാക്കും. പ്രാൎത്ഥന എന്ന വെച്ചാൽ അത ദൈവത്തോട സംസാരിക്കുന്ന അല്ലെങ്കിൽ ചോദിക്കുന്ന ഒരു അപേക്ഷ ആകുന്നു. അത വിശ്വാസത്താൽ ഹൃദയ

ത്തിൽനിന്നചെയ്യപ്പെടേണ്ടുന്നത ഒഴികെ വേറെഒന്നല്ല. ആത്മാവിനാൽ വരാത്ത ജപത്തെ കുറിച്ച ക്രിസ്തു നിങ്ങൾ പ്രാൎത്ഥിക്കുമ്പോൾ അജ്ഞാനികൾ എന്ന പോലെ വ്യൎത്ഥമായുള്ള വാക്കുകളെ പറയരുത. അവർ തങ്ങളുടെ അതിസംഭാഷണം കൊണ്ട കേൾക്കപ്പെട്ടവരാകും എന്ന നിരൂപിക്കുന്നു എന്ന പറയുന്നു. മത്തായി, ൬; ൭.

## ൧൧ അദ്ധ്യായം.

അജ്ഞാനികളുടെ ഭസ്മത്തിന്നും റോമക്കാരുടെ കുരുത്തോലച്ചാമ്പലിന്നും ഉള്ള സംബന്ധം.

അജ്ഞാനികൾ ശിവന്റെ അടയാളമായ വെണ്ണീറ ധരിച്ച മാത്രം തന്നെ വ്യാധിയും ശരീരത്തിൽ ഉണ്ടാകും വേദനയും അകന്നുപോകും. പിശാചും നീങ്ങും മായകൊണ്ടുള്ള ജനന മരണങ്ങളും ഒഴിഞ്ഞു പോകും നന്മകൾ തന്നെ വൎദ്ധിച്ചുവരും എന്നും നീറ ധരിച്ചാൽ കുററങ്ങളെ നീറിച്ച കളയുന്നത കൊണ്ട അതിന്റെ പേരും നീറായി വിളങ്ങി എന്നും പറഞ്ഞിരിക്കുന്നതിനെ പ്രമാണിച്ച, ശിവഭക്തന്മാർ പശുവിൻ ചാണകത്തിന്റെ വെണ്ണീറിനെ തങ്ങളുടെ നെററിയിലും മാറിലും കരത്തിലും കഴുത്തിലും പൂശിയാൽ കൈലാസത്തെ ലഭിക്കാമെന്ന വിചാരിക്കുന്നു.

ശിവന്റെ അടയാളമായ വെണ്ണീറിനെ ധരിച്ചവർ ശിവഭക്തന്മാരെന്നും വിഷ്ണുവിന്റെ അടയാളമായ ഗോപിക്കുറി ഇടുന്നവർ വിഷ്ണുഭക്തന്മാരെന്നും പറയപ്പെടുന്നു. ശിവഭക്തന്മാർ ശിവന്റെ മൂന്നാം തൃക്കണ്ണിന്ന പകരമായി ചന്ദനം കൊണ്ട നെററിയിന്മേൽ പൊട്ടുതൊടുന്നു. ഇങ്ങിനെ നെററിയിന്മേൽ വെണ്ണീറ പൂശാത്തവരെയും പൊട്ടുതൊടാത്തവരെയും അജ്ഞാനികൾ പകച്ച അവരെ പാഴനെററിക്കാരെന്നും മററും നിന്ദിക്കും.

അങ്ങിനെ തന്നെ റോമക്കാരും അജ്ഞാനികൾ തങ്ങളെ വേദക്കാരെന്ന വ്യത്യാസമായി നിരൂപിക്കാതെ തങ്ങളുടെ നെററിയിന്മേൽ ചന്ദനം കൊണ്ട പൊട്ടുകുത്തിക്കൊള്ളുന്നു. അത കൂടാതെയും മിക്കവാറും അജ്ഞാനികളെ പോലെ തങ്ങൾ ഭസ്മം പൂശുന്നതിന്ന കുരുത്തോലപ്പെരുനാൾ കഴിച്ച അന്നെ ദിവസം രണ്ടു മൂന്ന കുരുത്തോലകളെ മാത്രം ചുട്ടിട്ട അജ്ഞാനികൾ പൂശുന്ന വരട്ടു ഭസ്മം കൂട്ടി കലൎന്നു കൊണ്ട വിഭൂതി അല്ലെങ്കിൽ വെണ്ണീററിന്ന കുരുത്തോല ഭസ്മമെന്ന വ്യൎത്ഥ പേരിട്ട തങ്ങളുടെ നെററിയിന്മേലും കഴുത്തിലും കയ്യിന്മേലും

പരസ്യമായി പൂശികൊണ്ട അജ്ഞാനികൾ തങ്ങളെ വേദക്കാരെന്ന ദൃഷ്ടിക്കാതെ ഇരിക്കത്തക്കവണ്ണം അവരോട തുല്യന്മാരായി തങ്ങളെ കാണിക്കുന്നു. ഓല ചുട്ട വെണ്ണീറ കറുത്തിരിക്കും അല്ലെങ്കിൽ പൂത്തപോകും വരട്ട ഭസ്മം പോലെ ഒരിക്കലും വെണ്മയുള്ളതായിരിക്കയില്ല.

റോമക്കാരെ നിങ്ങൾ വേദക്കാരായിരുന്നിട്ടും വെണ്ണീറ പൂശുമൊ എന്ന ചോദിക്കുന്നവരോട അവർ പറയുന്നു ഞങ്ങൾ അജ്ഞാനികൾ നനച്ച കുറിയിടുന്നത പോലെ നനച്ചൊ കുറിയിടുന്നത നനക്കാതെ തന്നെ കുറിയിടുന്നു എന്ന പറയുന്നു. ഇപ്രകാരം റോമക്കാർ തങ്ങളുടെ വിചാരമില്ലാത്ത മനസ്സാക്ഷിയെ നല്ല മനസ്സാക്ഷി എന്ന നിരൂപിച്ചുകൊണ്ട ശിവന്റെ അടയാളമായ വെണ്ണീറിനെ ജ്ഞാനസ്നാനം കൈക്കൊണ്ട തങ്ങളുടെ നെററിയിന്മേൽ ധരിച്ചുകൊള്ളുമ്പോൾ അജ്ഞാനികൾക്കും അവക്കും തമ്മിൽ ഭേദം എന്ത?

അറിയിപ്പ ൧൪, ൯, ൧൦. ഒരുത്തൻ മൃഗത്തെയും അവന്റെ പ്രതിരൂപത്തെയും വന്ദിക്കയും തന്റെ നെററിയിലെങ്കിലും തന്റെ കയ്യിലെങ്കിലും അവന്റെ മുദ്ര അടയാളത്തെ കൈക്കൊൾകയും ചെയ്താൽ അവൻ ദൈവത്തിന്റെ കോപ പാത്രത്തിൽ സമ്മിശ്രം കൂടാതെ പകരപ്പെടുന്നതായി അവന്റെ ക്രോധത്തിന്റെ മധ്യവിൽനിന്ന പാനം ചെയ്യും. വിശുദ്ധ ദൈവ ദൂതന്മാരുടെ മുമ്പാകെയും അഗ്നിയാലും ഗന്ധകത്താലും അതിവേദനപ്പെടുകയും ചെയ്യും എന്ന പറയപ്പെട്ടിരിക്കുന്നു.

## ൧൨ അദ്ധ്യായം,

### അജ്ഞാനികളുടെ തപസ്സിന്നും റോമക്കാരുടെ തപസ്സിന്നും ഉള്ള സംബന്ധം.

അജ്ഞാനികൾ തങ്ങളുടെ സ്വയപുണ്യം കൊണ്ട മോക്ഷത്തെ അന്വേഷിക്കാമെന്ന വിചാരിച്ച സന്ന്യാസം ജടാമുടി നഗ്നത മൌനം ഒരിക്കലൂണ വനവാസം മുതലായ കഠിന തപസ്സുകളെ ചെയ്തു തങ്ങളുടെ ശരീരങ്ങളെ വലച്ച പല വിധമായ യോഗ നിഷ്ഠകളെ ചെയ്തു അനേകപ്രകാരമുള്ള വ്രതങ്ങളെയും നോൻപുകളെയും അനുഷ്ടിച്ച തീയിൽ ചവിട്ടി ശരീരത്തെ കീറി അമ്പലത്തെ വലത്ത വെച്ച അംഗപ്രദിക്ഷിണമായിട്ട ഉരുണ്ടുവരുന്നു.

ചില സ്ത്രീകൾ ഇന്ന അമ്പലത്തിന്ന കാൽപടി എങ്കിലും അരപ്പടി എങ്കിലും എണ്ണകത്തിക്കാം എന്ന നേൎന്നുകൊണ്ട കത്തിച്ചുവരുന്നുണ്ട അതിൻപ്രകാരം തിരുപ്പതിയിൽ തങ്ങളുടെ

തല ചിരച്ച അതിൽ വിളക്ക വെച്ച അമ്പലത്തിന്റെ മുമ്പിൽ കമ്പവിളക്കായി നിന്ന രാവ മുഴവനും കത്തിക്കുന്നവരും ഉണ്ട. നടവിളക്കായി തങ്ങളുടെ തലയിൽ വിളക്കെടുത്ത വിഗ്രഹങ്ങളുടെ മുമ്പായി നടന്ന പോകുന്നവരും ഉണ്ട. ഇങ്ങിനെ എല്ലാം അവർ അനേക തപസ്സുകളെ ചെയ്തു സത്യഫലത്തെ കാണാതെ ഇരിക്കുന്നു.

അപ്രകാരം തന്നെ റോമക്കാരും തങ്ങളുടെ സ്വയ പുണ്യം കൊണ്ട കരകേറാമെന്ന നിരൂപിച്ച അനേക വ്രതങ്ങളെയും നോൽമ്പുകയും പിടിച്ച ഉപോഷിച്ച വെള്ളിയാഴ്ച യേശുവിന്നും ശനിയാഴ്ച മറിയയ്ക്കുമായി ആഴ്ചയിൽ രണ്ടുപ്രാവശ്യം ഒരുനേരം മാത്രം ഉണ്ട മാംസം വിലക്കി ചിലർ പള്ളിയെ മുഴക്കാൽ കൊണ്ട ചുററി ചിലർ അഞ്ചുമണിക്കുരടാവ ചൂരൽ വടി വാറ മുതലായവയാൽ പൂജ നേരത്ത തങ്ങളുടെ മുതുകിൽ ചോര ഒലിക്കുന്നതവരെക്കും അടിച്ച ശരീരത്തെ വലച്ച ചിലർ ജട വളൎത്തിക്കൊണ്ട സന്ന്യാസമായിരുന്ന വനവാസം ചെയ്യുന്നു.

ഉപവാസം ചെയ്തു മാംസം വിലക്കി മരക്കറി ഭക്ഷിക്കുന്നത വലിയ പുണ്യമായിരുന്നാൽ അനേകം ആഭാസന്മാർ കൂടക്കൂട പട്ടിണി കിടക്കുന്നുണ്ടല്ലൊ ബ്രാഹ്മണരും ശൈവരും ജനിച്ച നാൾ മുതൽ മാംസം വിലക്കി മരക്കറി ഭക്ഷിക്കുന്നു. ഇതകൊണ്ട അവൎക്കും മോക്ഷം ലഭിക്കേണ്ടുന്നതല്ലയൊ.

പിന്നെയും റോമക്കാരിൽ ഒരുത്തൻ വെറുങ്കിണററിൽ ഇരുന്ന തപസ്സ ചെയ്തു എന്നും ഒരുത്തൻ കമ്പജന്താനി എന്ന പേർ ധരിച്ച ൧൨ സംവത്സരമായി ഉയൎന്ന കമ്പത്തിന്മേലിരുന്ന തപസ്സ ചെയ്തു എന്നും ചരിത്രക്കാർ പറയുന്നു. പീപ്പയിൽ ഇരുന്ന തപസ്സ ചെയ്യുവനെ ഒരു വലിയ പ്രഭു കാണ്മാൻ വന്നപ്പോൾ ആ തപസ്വീ ആ പ്രഭുവിനെ നോക്കി വെയില മറെക്കരുത എന്ന പറഞ്ഞു. അപ്പോൾ ആ പ്രഭു ഇവൻ പീപ്പയിലിരുന്ന തപസ്സ ചെയ്താലും ഉത്തമ തപസ്സ ചെയ്തു മനസ്സിന്ന താഴ്മവന്നിട്ടില്ല. അതകൊണ്ടു ഇവന്റെ മനസ്സിന്ന താഴ്മവന്നതിന്റെ ശേഷം ഇവിടെ ഇരുന്ന തപസ്സ ചെയ്യാമെന്ന പറഞ്ഞു. പിന്നെ ആ പീപ്പ ഉടച്ച അവനോട പൊയ്ക്കൊൾവാൻ പറഞ്ഞു എന്ന പറയുന്നു.

ഇപ്രകാരം റോമക്കാർ തപസ്സ ചെയ്യുന്നതിനാൽ പാപവിമോചനം ചെയ്തു തങ്ങളുടെ സ്വയ ബലത്താൽ നിത്യമോക്ഷത്തെ ലഭിക്കാമെന്ന വിചാരിക്കുന്നു. സത്യവേദത്തിൽ നീ

തിമാൻ ഒരുത്തനുമില്ലെന്നും ഏത മനുഷ്യനും ദൈവത്തിന്റെ മുമ്പാകെ തൻ ക്രിയകളാൽ നീതിമാനാകയില്ല എന്നും പറയപ്പെട്ടിരിക്കുന്നു.

മനുഷ്യൻ തന്റെ ആയുസ്സുകാലമെല്ലാം ചെയ്യു തപസ്സിന്റെ പുണ്യങ്ങൾ കൊണ്ട മോക്ഷത്തിന്റെ ഒരു ദിവസത്തെ സന്തോഷത്തിന്ന തന്നെ മതിയാകയില്ല. ഒരുത്തന്ന ഒരു വിലയേറിയ രത്നത്തെ ഒരു കാശ കൊടുത്ത മേടിപ്പാൻ കഴിയുമൊ ഇല്ലല്ലൊ ഒരുത്തൻ ൫൦, ൬൦ വൎഷം ചെയ്യു ദോഷം കലൎന്ന പുണ്യംകൊണ്ട അനന്ത കോടി കാലങ്ങളിലും അവസാനിക്കാതെയുള്ള മോക്ഷ ഭാഗ്യം അനുഭവിപ്പാൻ കൂടുന്നത എങ്ങിനെ ?

ദൈവം തന്റെ പുത്രനെ കൊണ്ടുണ്ടാക്കിയ നീതിയെ തള്ളിക്കളഞ്ഞ തങ്ങളുടെ പുണ്യങ്ങളെക്കൊണ്ട മോക്ഷത്തെ പ്രാപിക്കാമെന്ന ആശപ്പെടുന്നവർ സുവിശേഷത്തിൽ ക്രിസ്തുവിന്റെ നീതി എന്ന കല്യാണവസ്ത്രം ഇല്ലാത്തവനെ കയ്യും കാലും കെട്ടി എല്ലാററിന്നും പുറമെയുള്ള ഇരുട്ടൽ ഇടുവാൻ കല്പിച്ചിരിക്കുന്നതിനെ വിചാരിക്കേണ്ടതാകുന്നു.

## ൧൩ അദ്ധ്യായം.

അജ്ഞാനികളുടെ സന്യാസത്തിന്നും റോമക്കാരുടെ സന്യാസത്തിന്നും ഉള്ള സംബന്ധം.

അജ്ഞാനികൾ സന്യാസം തന്നെ എല്ലാ ധൎമ്മത്തിലും വലിയ ധൎമ്മം എന്നും എല്ലാ വലിപ്പത്തിലും ഏററം വലിപ്പമുള്ളതെന്നും സന്യാസി മഹിമ ലോകത്തിന്റെ ജീവന്മാരുടെ സംഖ്യപോലെ കണക്കില്ലാത്തതായിരിക്കുന്നു എന്നും അവർ ഗൃഹധൎമ്മത്തെ പ്രാപിക്കുന്ന സംസാരികളെ പോലെ ജനനത്തെ പ്രാപിക്കാതെ കണ്ട ഉടനെ മോക്ഷത്തെ പ്രാപിക്കുമെന്നും പറയുന്നു.

ബ്രഹ്മഗീതയിൽ ത്രിമൂൎത്തികളും അവരെ വന്ദിക്കുമെന്ന പറയപ്പെട്ടിരിക്കുന്നു.

പിന്നെയും അവർ തങ്ങളുടെ അമ്പല വരവുകൾ കുറയാതെ വൎദ്ധിച്ചു വരുമാറ അവിടവിടെ കാശി കുടന്തതരുമപുരാതിരുവാപടുതുറ തിരുവിതാങ്കുറ തൃശ്ശിവപേരുര മുതലായ സ്ഥലങ്ങളിൽ ചില സന്യാസമഠങ്ങളെ ഉണ്ടാക്കി അതിന്ന നിയമിക്കപ്പെട്ട ആചാൎയ്യന്മാർ സന്യാസമായി ഇരിക്കെണമെന്ന ഉറപ്പിച്ചു വച്ചു അവൎക്ക മഠാധിപതികൾ എന്ന പേരിട്ട അവരെ വണങ്ങുന്നു. അവർ സന്യാസി മഠങ്ങൾക്ക

അധികം പരവുകളും സൎവ്വമാന്യഗ്രാമങ്ങളും ഉണ്ടാക്കി നാൾതോറും ആസ്ഥി വൎദ്ധിച്ചു വരുന്നു. ഇതിന്നായിട്ട അവർ മറെറുള്ളവരുടെ മുമ്പാകെ വേളികഴിക്കാതെ എന്നും സന്ന്യാസമായി കാണേണ്ടുവായിരിക്കുന്നു. ഇതിന്ന വിപരീതമായി അവരുടെ ഉടയലുള്ള തിരുവള്ളവരും മററജ്ഞാനികളും മനസ്സിലെ പരിശുദ്ധി തന്നെ ധൎമ്മമെന്നും മറെറല്ലാം ഡംഭായ പുറമെയുള്ള വെഷമല്ലാതെ വേറെ ഒന്നും അല്ല എന്നും പറയുന്നു.

റോമക്കാരും ഇപ്രകാരം തന്നെ സന്ന്യാസം തന്നെ വല്യ പുണ്യമെന്ന പറഞ്ഞ സന്ന്യാസത്തെ തന്നെ മഹിമപ്പെടുത്തി പട്ടക്കാരെല്ലാവരും ശുദ്ധമുള്ള വിവാഹത്തെ വിലക്കി ബലം പ്രമാണിച്ച വിരക്തന്മാരായിരിക്കെണമെന്ന കരുട്ടു നിയമം നിശ്ചയിച്ച സന്ന്യാസികൾ ദൈവം കല്പിച്ചതിന്നും അധികമായ നീതിയെ ആചരിക്കുന്നു എന്ന പറയുന്നു.

ദൈവത്തിന്റെ കൈയ്യാൽ ഉണ്ടാക്കപ്പെട്ട പരിശുദ്ധ ദൈവഛായയായ മനുഷ്യൻ തനിച്ചിരിക്കുന്നത നല്ലതല്ലെന്ന ദൈവം തന്നെ പറഞ്ഞു. അവന്ന ഒരു തുണയെ കല്പിച്ചിരിക്കുന്നതകൊണ്ടു സ്ത്രീയിൽനിന്ന പാപത്തിൽ ജനിച്ച പരീക്ഷകളാൽ ചുററപ്പെട്ടിരിക്കുന്ന മനുഷ്യൻ തനിച്ചിരിക്കാതെ വിവാഹാവസ്ഥയിൽ ഉൾപ്പെടുന്നത എത്ര അധികം ന്യായമായിരിക്കുന്നു ദൈവത്തിന്റെ മുമ്പിലത്തെ ആശീൎവ്വാദം സന്ന്യാസമാൎഗ്ഗത്തിന്മേൽ അല്ല സംസാരമാൎഗ്ഗത്തിൽ തന്നെ കല്പന കൊടുക്കപ്പെട്ടിരിക്കുന്നു.

അത കൂടാതെയും പട്ടക്കാർ വിവാഹം ചെയ്യുന്നതിന്ന യോഗ്യതയില്ലെന്ന റോമക്കാർ പറയുന്നത നിദാനമെങ്കിൽ പത്രോസ സംസാരക്കാരനായിരുന്നതും അവൻ അപ്പോസ്തോലനായതിന്റെ ശേഷവും തന്റെ ഭാൎയ്യയെ കൂട്ടിക്കൊണ്ടു സഞ്ചരിച്ചതും [൧ കോറി. ൯. ൫.] ആക്ഷേപിക്കപ്പെടാതെ സത്യമായി എഴുതപ്പെടെണ്ടി വന്നത എന്തു? പിന്നെയും അവന്റെ അധീനത്തിന്ന അവകാശിയായി എന്ന പറയുന്ന പാപ്പായും അവന്റെ അധികാരത്തിന്ന കീഴിരിക്കുന്ന പട്ടക്കാരും സന്ന്യാസികളായിരിക്കെണമെന്നുള്ളതിന്ന കാരണം എന്തു?

പിന്നെയും മോശയുടെ ന്യായപ്രമാണത്തിൽ പട്ടക്കാരന്റെ മകനെ പട്ടക്കാരനാക്കെണം അല്ലാതെ മററവരെ പട്ടക്കാരനാക്കരുതെന്നും ക്രിസ്തുവിന്ന മുൻ അടയാളമായിരുന്ന പ്രധാനാചാൎയ്യനായ അഹറോന്റെ വംശത്തിൽ തന്നെ പ്രധാനാചാൎയ്യന്റെ പട്ടം ഇരിക്കെണ്ടുത എന്നും ദൈവം കല്പി

ച്ചു. പ്രധാനാചാൎയ്യന്റെ വിവാഹം ഇല്ലാതെ ഇരുന്നാൽ പിന്നെ വരുന്ന പ്രധാനാചാൎയ്യപട്ടം വ്യാജപ്പട്ടമായിരിക്കയില്ലയൊ? അതല്ലാതെയും ക്രിസ്തുവിന്ന മുമ്പും പിന്നുമിരുന്ന പട്ടക്കാരൊക്കെയും വിവാഹം ചെയ്തിരിക്കെ റോമക്കാർ മാത്രം എന്തകൊണ്ട പട്ടക്കാർ വിവാഹം ചെയ്യാതിരിക്കെണമെന്ന കല്പിക്കുന്നു.

പിന്നെയും പരിശുദ്ധ പൌലുസ മെല്പട്ടക്കാരനായവൻ ഒരു ഭാൎയ്യയുടെ ഭൎത്താവായിരിക്കട്ടെ എന്ന പറഞ്ഞിരിക്കുമ്പോൾ റോമക്കാർ ഭാൎയ്യയുള്ളവൻ പട്ടക്കാരനായിരുന്ന കൂടാ എന്ന പറയുന്നത എന്ത? സത്യവിവാഹം ഏഴ ജ്ഞാനദിവ്യദ്രവ്യങ്ങളിൽ ഒന്നെന്ന അവർ തന്നെ പറയുന്നുണ്ടല്ലൊ അത പട്ടക്കാൎക്ക മാത്രം പാപമായിപ്പോയതെന്ത? അവർ പറയുന്ന പ്രകാരം വിവാഹം ഇല്ലാതിരുന്നാൽ പാപ്പായും പട്ടക്കാരും എങ്ങിനെ ജനിക്കും.

വിശെഷിച്ച പട്ടക്കാർ വിവാഹാവസ്ഥയിൽ ഉൾപ്പെട്ട തങ്ങളുടെ ദൈവ ശുശ്രൂഷയെ കുറ്റം കൂടാതെ ചെയ്യെണ്ടതായിരിക്കുമ്പോൾ റോമക്കാർ പട്ടക്കാർ വിവാഹം ചെയ്താൽ തങ്ങളുടെ സംസാരത്തിന്നും മക്കൾക്കും പള്ളി വക മുതൽ ചിലവ ചെയ്യുമെന്ന നിരൂപിച്ചും അവർ വിവാഹം ചെയ്യാതിരുന്നാൽ അവരുടെ വസ്തുവക എല്ലാം പള്ളിക്ക ചേരുമെന്നുള്ള കള്ളഭാവത്തോടും അനേകം സന്യാസിമഠങ്ങളെ പണിചെയ്യിച്ച പട്ടക്കാർ വിരക്തരായിരിക്കേണമെന്നുള്ള കല്പനയെ നിയമിച്ചു. ഇത കാരണമായിട്ട വിവാഹം ചെയ്യുവർ പട്ടക്കാരായി കൂടാ എന്നും വിവാഹം പട്ടക്കാൎക്ക അശുദ്ധമെന്നും പട്ടക്കാരൻ വിവാഹം ചെയ്തിരുന്നാൽ അതിനെ വിട്ടുപിരിയെണമെന്നും പട്ടക്കാർ ചെയ്യു വിവാഹത്തെ വിവാഹമെന്ന പറയുന്നവൻ ശപിക്കപ്പെട്ടവനെന്നും കല്പിക്കപ്പെട്ടിരിക്കുന്നു.

റോമക്കാർ സന്യാസത്തെ വലിയ പുണ്യമായി കാണിപ്പാൻ പ്രയത്നം ചെയ്തു വിവാഹം ചെയ്തവരും കൂടെ തങ്ങളുടെ ഭാൎയ്യമാരെ പിരിച്ചയച്ച തപസ്സ ചെയ്തു എന്നുള്ള ചില ചരിത്രങ്ങളെയും പറയുന്നു.

തിരിയാൻ എന്ന രാജാവ കനയുന്തമയെ വിവാഹം ചെയ്തതിന്റെ ശെഷം അവളോട കാഴ്ചെക്ക നാമിരിവരും ഭൎത്താവും ഭാൎയ്യയും എന്നപോലെ ഇരിക്കാം മനസ്സിലൊ ഞാനും നീയും സഹോദരി സഹോദരന്മാരെ പോലെ ഇരിക്കുമെന്ന പറഞ്ഞു എന്നും ഞലേശ്രു എന്ന രാജപുത്രൻ വിവാഹം ചെയ്തതിന്റെ ശേഷം തന്റെ ഭാൎയ്യയെ വിട്ട ഓടിപ്പോയി

തപസ്സ ചെയ്യു എന്നും ചില ചരിത്രങ്ങളെ ഉണ്ടാക്കി അത നാടകമായി കവിത കെട്ടികളിക്കുന്നു.

ഭാൎയ്യയോട കെട്ടപ്പെട്ടിരുന്നാൽ വിട്ടപിരിവാൻ അപേക്ഷിക്കരുതെന്ന പരിശുദ്ധാത്മാവിന്റെ ഉപദേശത്താൽ പൌലുസും ദൈവം കൂട്ടിച്ചേൎത്തതിനെ ഒരുത്തനും പിരിച്ചുകൂടാ എന്ന ക്രിസ്തുവും കല്പിച്ചിരിക്കെ തന്റെ ഉടമ്പടി ചെയ്തു ഭാൎയ്യയെ വിട്ടപിരിയുന്നത റോമക്കാർ മഹാ പുണ്യമെന്ന പറയുന്നു.

വിശേഷിച്ച റോമക്കാർ സംസാരമായിരിക്കുന്നത ഭക്തിക്ക മിക്കതും തടവായിരിക്കുന്നു എന്ന പറയുന്നു അത ശരിയല്ല എന്ന പറയുന്നതിന്ന.

പരിശുദ്ധന്മാരായ ഹനോക്കും നോഹയും ശമുയേലും യോബും ആബ്രാഹാമും യിസ്ഹാക്കും യാക്കോബും മോശയും പുതിയ നിയമത്തിൻ കാലത്തിലിരുന്ന അപ്പോസ്തോലന്മാരും വിവാഹാവസ്ഥയിൽ ഇരുന്നിട്ടും ദൈവത്തോടു കൂടി സഞ്ചരിച്ചുകൊണ്ടിരുന്നു എന്നും ആ അവസ്ഥ അവരെ വിശ്വാസത്തിന്നും ഭക്തിക്കും തടവ ചെയ്തില്ലെന്നും വേദപുസ്തകത്തിൽ പറയപ്പെട്ടിരിക്കുന്നു. [എബ്ര്യ. ൧൩. ൪ൽ] പൌലുസ വിവാഹം മാനമുള്ളതായിരിക്കുന്നു എന്ന പറയുന്നു ഇങ്ങിനെ ഇരിക്കുമ്പോൾ പട്ടക്കാർ മാത്രം വിവാഹം ചെയ്യാതെ വിരക്തരായിരിക്കേണമെന്നുള്ള കല്പന ആരാൽ ഉണ്ടാക്കപ്പെട്ടിരിക്കുന്നു ദൈവത്താലൊ മനുഷ്യനാലൊ.

ദൈവം വേദം ഉപദേശിക്കുന്ന പട്ടക്കാൎക്ക ഒരു കല്പനയും കേൾക്കുന്ന ജനങ്ങൾക്ക വെറെ ഒരു കല്പനയും കൊടുത്തിട്ടില്ലല്ലൊ. റോമക്കാരുടെ കുരുട്ടുപദേശമാകുന്ന ൟ നൂതന കല്പന പട്ടക്കാരെ ബുദ്ധികെട്ടവരാക്കി അവരെ അശുദ്ധത്തിന്നും കുലെക്കും വ്യഭിചാരത്തിന്നും വേശ്യാസംഗത്തിന്നും ഉത്സാഹിപ്പിക്കുന്നു ദൃഷ്ടാന്തം താഴെ പറയുന്നു അതാവിത.

പട്ടക്കാർ വിവാഹം ചെയ്തു കൂടാ എന്നുള്ള കല്പന റോമസഭയിൽ ഉണ്ടായപ്പോൾ ചില പട്ടക്കാർ തങ്ങളുടെ വൃഷണം കീറി മണി എടുത്തുകളഞ്ഞു എന്നും ചില പട്ടക്കാർ തങ്ങളുടെ സ്വന്തസഹോദരികളോടു കൂടെ വ്യഭിചാരം ചെയ്തു എന്നും കണ്ടു പിടിക്കപ്പെട്ടു. ചിലെടത്ത സന്യാസിമഠങ്ങൾക്കും കന്യകാ സ്ത്രീ മഠങ്ങൾക്കും നിലവറ ഉണ്ടായിരുന്നതുകൊണ്ട ഓരോരുത്തരായി പോയി വന്നു എന്നതും കാണപ്പെട്ടു. ചില സന്യാസി മഠങ്ങളിൽ കൊല്ലപ്പെട്ട സ്ത്രീകളുടെ ശവം കാണപ്പെട്ടു. ഇങ്ങിനെ ദൈവത്തിന്റെ കല്പനയെ തള്ളിക്കളഞ്ഞ മനുഷ്യരുടെ കല്പന പ്രകാരം നടക്കുമ്പോൾ എത്ര ദോഷം ഉണ്ടാകുന്നു

ആയിരത്തറുനൂറെറ്റാം വഷത്തിൽ ഉണ്ടായിരുന്ന മൂന്നാം ഇന്നൊസെൻസ എന്ന പാപ്പാ വിവാഹംചെയ്താൽ പട്ടക്കാരന്റെ പട്ടം പൊയ്പ്പോകുമെന്നും എത്ര പരസ്ത്രീകളെ വെച്ചിരുന്നാലും പട്ടം പോകയില്ലന്നും ഉപദേശിക്കുന്നു.

അതു കൂടാതെയും ആയിരത്തറുനൂറ്റമ്പത്തൊന്നാമാണ്ടിൽ ലത്തീൻ ഭാഷയിൽ അച്ചടിപ്പിച്ച റോമസഭയുടെ ദണ്ഡപുസ്തകത്തിൽ ഒരു പട്ടക്കാരൻ വെപ്പാട്ടിയെ വെക്കുന്നതിന്ന ഏഴ പൊൻപണം കൊടുക്കേണമെന്ന എഴുതപ്പെട്ടിരിക്കുന്നതിനാൽ റോമപ്പട്ടക്കാർ പ്രസിദ്ധമായി വെപ്പാട്ടികളെ വെച്ചിരിക്കുന്നു എന്ന കാണപ്പെടുന്നു. ഇങ്ങിനെ ഇവർ ദൈവം കല്പിച്ച പരിശുദ്ധ സത്യ വിവാഹത്തെ വിലക്കുകയും വേശ്യാമാൎഗ്ഗമായി നടക്കയും ചെയ്യുന്നതിന്ന കാരണം എന്ത ?

റോമക്കാർ തങ്ങൾ നിയമിച്ചിരിക്കുന്ന സന്യാസത്തിന്ന ആധാരമായി [൧ കോറി. ൭. വൃൽ] പൌലൂസ പറഞ്ഞത എടുത്ത പറയുന്നു. അവൻ അപ്പോൾ ഉണ്ടായ ഉപദ്രവത്തെ സംസാരത്തിന്ന തടവായി വിചാരിക്കാതെ ധൈൎയ്യത്തോടെ സഹിക്കുന്നതിന്നായിട്ട പട്ടക്കാൎക്ക മാത്രമല്ല സഭക്കെല്ലാം പൊതുവിൽ തനിക്ക തോന്നിയ പ്രകാരം ഒരാലോചന പറഞ്ഞതൊഴികെ വേറെ അല്ല എന്ന അതിനെ വായിക്കുന്നവൎക്ക അറിയാം.

## ൧൨ാം അദ്ധ്യായം.

അജ്ഞാനികളുടെ വ്യാജപ്പുതുമെക്കും റോമക്കാരുടെ വ്യാജപ്പുതുമെക്കും ഉള്ള സംബന്ധം.

അജ്ഞാനികൾ തങ്ങളുടെ ദേവന്മാർ അതാത സ്ഥലങ്ങളിൽ അനേകം പുതുമകളെ നടത്തിച്ച വ്യാധികളെ നീക്കി ചോദിച്ച വരമെല്ലാം തരുന്നു എന്നും പഴനിയിൽ ആണ്ടി പ്രാൎത്ഥിച്ചുകൊണ്ട നാവ അറുത്താൽ നാവ വളരുന്നു എന്നും പാല്ക്കാവടി എടുത്ത കൊണ്ടുപോയാൽ അഭിഷേകം ചെയ്യുന്നതിന്ന തുറക്കുമ്പോൾ പുതുപ്പാൽ പോലെ പൊങ്ങി വരുമെന്നും മീൻകാവടി കൊണ്ടുപോയാൽ വറുത്തിരുന്ന ആ മീനുകളെല്ലാം അമ്പലക്കുളത്തിലേക്ക തുള്ളിത്തുള്ളിച്ചാടുമെന്നും പറയുന്നു. പിന്നെയും കഴുകുന്ന മലയിൽ പൂജനേരത്ത കഴുകുകൾ കൂടുന്നതിനെയും കാണിച്ച തങ്ങളുടെ ദേവന്മാരുടെ പുതുമകളെ ശ്രുപിക്കുന്നു.

പഴനിദേവൻ നാവിനെ വളൎത്തുന്ന പുതുമ എങ്ങിനെ എന്നാൽ പഴനിയിൽ പത്ത ദിവസത്തെ ഉത്സവം കൊണ്ടാ

ടുന്ന ദിവസങ്ങളിൽ ആരെങ്കിലും ഒരുത്തൻ ഒരു ശീല വിരിച്ചുകൊണ്ടു ഞാൻ നാവറുത്തു എന്ന നടിച്ച തന്റെ വായ മഞ്ഞത്തുണിക്കൊണ്ടു കെട്ടി കിടക്കും, അവന്റെ മുമ്പിൽ ഒരു വിരൽ നീളം നാവിന്റെ ഒരു ചെറിയ ഖണ്ഡം ഒരിലയിൽ അറുത്ത വെച്ചിരിക്കുന്നു, ആ നാവ ഉണങ്ങിപ്പോകാതെ ഇരിക്കുന്നതിന്ന ദ്വാരമുണ്ടാക്കിയ ഒരു കുടത്തിൽ വെള്ളം നിറച്ച നാവ വെച്ചിരിക്കുന്നതിന്റെ മുകളിൽ കെട്ടിത്തൂക്കുന്നു. വെള്ളം ആ നാവിന്മേൽ എപ്പോഴും വീണുകൊണ്ടിരിക്കും അവിടെ ഉള്ള ജനങ്ങൾ ആ നാവിന്മേൽ വെള്ളം വീണുകൊണ്ടിരുന്നാൽ അറുക്കപ്പെട്ടവന്റെ നാവ വളരുമെന്നുള്ള തന്ത്രത്തെ പറയുന്നു ആ നാവിനെ നോക്കുന്ന ജനങ്ങൾ എല്ലാവരും പഴനിവേലായുധന്റെ പ്രത്യക്ഷമായി കാണപ്പെട്ട അത്ഭുതമെന്നോർത്ത ഭ്രമിച്ച വേലായുധന്ന വളരെ കാഴ്ചകളെ കൊടുക്കുന്നു അവൻ തന്റെ നാക്കറുക്കുന്നേരം ആരും കാണുക ഉണ്ടായിട്ടില്ല. അതല്ലാതെയും അവൻ തന്റെ നാവ അറുത്തിരിക്കുന്നു എന്ന സ്പഷ്ടമായി കാണിക്കുന്നതുമില്ല. എപ്പോഴും അവന്റെ വായ കെട്ടപ്പെട്ട തന്നെ ഇരിക്കുന്നു. രഹസ്യമായി ഒരു നായയുടെ നാവറുത്ത വെക്കുന്നു. അവൻ പത്ത ദിവസത്തെ ഉത്സവം വരക്കും ശീല വിരിച്ച കൊണ്ടിരുന്ന ബഹു കാഴ്ചദ്രവ്യങ്ങളെ മേടിക്കുന്നു. ആ ദ്രവ്യത്തിലെ ഒരു ഭാഗം ഗുരുക്കന്മാർ മേടിച്ച കൊണ്ടു നാവ വളൎന്നു എന്ന പറഞ്ഞ പത്താം ദിവസം അവനെ ദേശ പ്രദക്ഷിണം വെപ്പിക്കുന്നു പിന്നെ അവൻ തന്റെ നാവ വളൎന്നു പോയി എന്ന എല്ലാവരെയും കാണിക്കുന്നു. മുമ്പിൽ ഇലയിൽ അറുത്ത വെച്ചിരുന്ന നാവിനെ നോക്കിയവർ എല്ലാവരും ഇത സത്യമെന്ന വിശ്വസിക്കുന്നു. ഇത തന്നെ പഴനി ദേവന്റെ തന്ത്രമായ അത്ഭുതം. അദ്ദേഹം നാവറുത്തവരുടെ നാവിനെ വളൎത്തിക്കൊടുക്കുന്നത സത്യമായിരുന്നാൽ അവർ അറുക്കുന്ന നാവിനെ മാത്രം വളൎത്തും എന്നുള്ളതെന്ത അനേകം ഊമകൾ ഇരിക്കുന്നുണ്ടല്ലൊ അവൎക്ക നാവുണ്ടാക്കി തന്റെ പുതുമയെ സത്യമാക്കാമല്ലൊ.

അജ്ഞാനികളിൽ ചില ബുദ്ധികെട്ടവർ പഴനി ദേവന്റെ അത്ഭുതത്തെ സത്യമെന്ന വിശ്വസിച്ച തങ്ങൾക്ക അതാത നന്മകൾ ഉണ്ടാകെണമെന്ന വിചാരിച്ച സത്യമായി തങ്ങളുടെ നാവിനെ അറുക്കുന്നതും ഉണ്ട അവൎക്ക ഒരിക്കലും നാവ വളരുന്നതും ഇല്ല. അവരുടെ ആചാൎയ്യന്മാരുടെ അടുക്കൽ ചെന്ന പഴനി ദേവൻ ചോദിച്ച വരവും തന്ന നാവും വളൎത്തി തരുമെന്ന നിങ്ങൾ പറയുന്നുവല്ലൊ എന്റെ

നാവ വളരുന്നില്ലല്ലൊ എന്ന പറഞ്ഞാൽ നീ സ്വാമിക്ക വല്ലതും കുററം ചെയ്യിട്ടുണ്ടായിരിക്കും അതകൊണ്ട നിനക്ക വളൎന്നില്ല അതിന്നെന്ത ചെയ്യാം പഴനിദേവന്റെ പുതുമ പ്രത്യക്ഷാനുഭവമുള്ളതായിരിക്കുന്നുവല്ലൊ എന്ന പറയുന്നു ഇതിന്ന ദൃഷ്ടാന്തം താഴെ കാണിക്കുന്നു.

മുപ്പത്തഞ്ച വൎഷത്തിന്ന മുമ്പെ തഞ്ചെ നഗരത്തിൽ ഇരുന്നിരുന്നഅമൃതപ്പൻപിള്ള എന്നവൻ വിഗ്രഹഭക്തിക്കാരനായിരുന്നപ്പോൾ പഴന ദേവൻ ചോദിച്ച വരം ഒക്കെയും കൊടുക്കുന്നുഎന്ന പറയുന്ന വചനം വിശ്വസിച്ച തന്റെ കണ്ണിന്ന കാഴ്ച പോയിരിക്കുന്നതിനെ ഉണ്ടാക്കെണമെന്ന വെച്ച പഴനിക്ക പോയി അമ്പലത്തിലേക്കും ഗുരുക്കന്മാൎക്കും കൊടുപ്പാനുള്ളതൊക്കെയും കൊടുത്ത തന്റെ നാവിന്റെ അഗ്രം ഒരു വിരലിട അറുത്ത വെച്ച ഒരു ശീലയും വിരിച്ച അവിടെ കിടന്നു പിന്നെ പത്ത ദിവസം കഴിഞ്ഞിട്ട പണ്ടാരങ്ങളും വാദ്ധ്യാന്മാരും കൂടി നാവ വളൎന്നു എന്ന പറഞ്ഞ അവനെ കൊണ്ട ഊർപ്രദക്ഷിണം വെപ്പിച്ച അവൻ മുമ്പിലത്തെ പോലെ സംസാരിപ്പാൻ വഹിയാതെ വിക്കി വിക്കി സംസാരിച്ച നാവിന്റെ മുറിപ്പാട ഉണങ്ങിയതല്ലാതെ വളൎന്നതുമില്ല അവൻ പരവശപ്പെട്ട തുടങ്ങി ഇനിക്ക കാഴ്ച ഇല്ലാത്തതൊട കൂടെ നാവുംപോയി ഞാൻ അങ്ങിനെയും ഇങ്ങിനെയും വഞ്ചിക്കപ്പെട്ട എന്ന പറഞ്ഞ ഒരു പാതിരിയുടെ അടുക്കൽ ചെന്ന ജ്ഞാനസ്നാനമേററ സത്യമാൎഗ്ഗത്തിൽ ഉൾപ്പെട്ടു.

കഴുക്കുന്ന മലയിൽ പലർ പൂജ നേരത്തിങ്കൽ കഴുകന്മാക്കെല്ലാം ചോറകൊടുക്കുന്നു അവ പൂജെക്കല്ല ഇരെക്കായിട്ട ചട്ടമായി ഇര ഇടുന്ന നേരത്ത വന്ന കൂടുന്നു. അപ്രകാരം തന്നെ ശ്രീരംഗത്തും പൂജനേരത്തിങ്കൽ കുരങ്ങുകളെല്ലാം ചട്ടപ്രകാരം ചോററിന്ന വന്ന കൂടുന്നു. ഇതിനെ അജ്ഞാനികൾ തങ്ങളുടെ ഠരംശ്വരന്റെ മഹത്വത്തിനാൽ പൂജനേരത്തിങ്കൽ വന്നു കൂടുന്നു എന്ന പറയുന്നു. സാരത്തെ അറിയാത്തവർ ഇത സത്യമെന്ന വിശ്വസിക്കും. ഇപ്രകാരം അജ്ഞാനികൾ തങ്ങളുടെ കള്ളപ്പുതുമകളെ കാണിക്കുന്നത പോലെ തന്നെ റോമക്കാരും അതാത സ്ഥലങ്ങളിൽ പുതുമകൾ നടക്കുന്നു എന്ന പറഞ്ഞ അതിനെ ജനങ്ങൾക്ക കാണിക്കുന്നു. ഗോവയിൽ സവെരിയാരുടെ ശരീരം നശിക്കാതെ ഇരിക്കുന്നു എന്നും അവന്റെ രോമവും നഖങ്ങളും കളഞ്ഞാലും വളരുന്നു എന്നും അന്തോനി സമുദ്രത്തിലെ മത്സ്യങ്ങൾക്ക അത്രെയും ഉപദേശിച്ച എന്നും ആ മത്സങ്ങൾ അത്രെയും തലപൊക്കി കേട്ടു എന്നും എസ്തൊക്കിയാൻ നായാട്ടിന്ന പോയപ്പോൾ മാൻ തല

യിൽ കുരിശ കാണപ്പെട്ടു എന്നും ആ കുരിശിനെ കണ്ട അവർ വണങ്ങി എന്നും പറഞ്ഞ ൟ പുതുമകൾ നേര എന്ന തോന്നത്തക്കവണ്ണം പല വിധത്തിലും പ്രസിദ്ധി വരുത്തിയിരിക്കുന്നു,

സവെരിയാരുടെ പുതുമ നടക്കുന്നവ എങ്ങിനെ എന്നാൽ നാലഞ്ചു വൎഷം കൂടുമ്പോൾ ഒരിക്കൽ സവെരിയാരുടെ ശവത്തിന്ന ക്ഷൌരം ചെയ്യുന്ന പെരുനാൾ കൊണ്ടാടുന്നു. അപ്പോൾ ജനങ്ങൾ എല്ലാവരും ൟ വിസ്മയം കാണുന്നതിന്ന വന്ന കൂടുന്നു.

റോമപട്ടക്കാർ ആൾ നീളമായി മൊട്ടയടിച്ച സ്വരൂപം ഒന്നും രോമം വളൎന്ന സ്വരൂപം ഒന്നും വെച്ചുകൊണ്ടിരുന്ന ജനങ്ങൾ അടുത്തവന്ന ഞെരുങ്ങാതെ ഇരിക്കുന്നതിന്ന ചട്ടം കെട്ടി ഉറപ്പിച്ചു ദൂരത്തെക്ക കാണത്തക്കവണ്ണം ഒരു നാല്ക്കാലിമേൽ മുടി വളൎന്ന സ്വരൂപം വെക്കുന്നു. അതിന്ന രോമങ്ങളും നഖങ്ങളും വളൎന്നിരിക്കുന്നു എന്ന ജനങ്ങൾ ഒക്കെയും നോക്കിക്കൊണ്ടിരിക്കുന്നു കുറെ നേരം കഴിഞ്ഞ ഉടനെ സവെരിയാൎക്ക ക്ഷൌരം കഴിപ്പാൻ പോകുന്നു എന്ന പറഞ്ഞ ഒരു ഗുരുക്ഷൌരക്കാരനെ പോലെ വേഷം കെട്ടിവന്ന മഹാ വണക്കത്തോടെ സവെരിയാരുടെ മുമ്പിൽനിന്ന അവനെ കുമ്പിട്ട ക്ഷൌരം ചെയ്യുന്നവനെപ്പോലെ തന്റെ കത്തി താടയുടെ അടുക്കൽ കൊണ്ടുപോകുന്നു ഉടനെ അവർ തിരശ്ശീലകൊണ്ട മൂടുന്നു ഒരു മണിനേരം കഴിയുമ്പോൾ അവർ ആ മുടി വളൎന്നിട്ടുള്ള സ്വരൂപത്തെ എടുത്ത ഒരു പെട്ടിയിൽ വെച്ചിട്ട ആ മൊട്ട സ്വരൂപത്തെ നാല്ക്കാലിമേൽ വെച്ചുകൊള്ളും. അപ്പോൾ ജനങ്ങൾ എല്ലാവരും കണ്ട അതിശയിച്ചു അവൻ ദേവസവെരിയാർ തന്നെ അതിന്ന സംശയമില്ലെന്ന പറഞ്ഞ പുകഴ്ത്തി അവനെ വണങ്ങി വളരെ കാഴ്ചകളെ വെക്കും ഇത തന്നെ സവെരിയാരുടെ ശരീരം അഴിയാതിരിക്കുന്ന തന്ത്രമായ പുതുമ.

റോമക്കാർ തങ്ങളുടെ വ്യാജത്തിന്നായിട്ട സവെരിയാരുടെ ശരീരം അഴിയാതെ ഇരിക്കുന്നു എന്ന പറയുന്നതിനാൽ കൎത്താവ ആദാമിനോട നീ മണ്ണാകുന്നു മണ്ണായിപോകുമെന്ന അവന്മേലും അവന്റെ സന്തതിമേലും തീൎത്ത അവന്റെ മാറാത്ത തീൎമാനത്തെ മാററി പിരട്ടുന്ന വലിയ പാപത്തെ ചെയ്യുന്നു.

പിന്നെയും ലൊരെത്തെന്ന പള്ളിയിലെ കന്യക മറിയയുടെ ഉൾച്ചട്ടയെയും തലമടിയെയും മുലപ്പാലിനെയും കാണിക്കുന്നു.

അതല്ലാതെയും അവർ യോഹന്നാൻ ബപ്തിസ്തായുടെ തല
യെയും അപ്പോസ്തോലന്മാരുട ശവങ്ങളെയും പരിശുദ്ധന്മാ
രുടെ ഭുജങ്ങളെയും ക്രിസ്തുവിന്റെ തലയിൽ ചുററിയിരുന്ന
ശീലയെയും അവന്റെ മുൾക്കിരീടത്തെയും കുരിശിൽ തറെക്ക
പ്പെട്ട ആണികളിൽ ചിലതിനെയും അവൻ ഇട്ടുകൊണ്ടിരു
ന്ന അങ്കിയെയും കാണിക്കുന്നു. ജനങ്ങളെ അന്ധകാര വ
ഴിയിൽ നടത്തിയതുകൊണ്ട രണ്ടായിരം വൎഷമായി ഇവ
ഇങ്ങിനെ തന്നെ ഇരിക്കുന്നു. ഇത എങ്ങിനെ എന്ന വിചാ
രിക്കാതെ ആ അങ്കിക്കായിട്ട വൎഷത്തിൽ പതിനഞ്ച ലക്ഷം
പേർ വരെയും പോയി ആ കള്ളഅങ്കിയെ വണങ്ങി പരിശു
ദ്ധ അങ്കിയെ നിന്റെ അടുക്കലേക്ക ഞാൻ വരുന്നു. പരിശു
ദ്ധ അങ്കിയെ നിന്നോട ഞാൻ പ്രാൎത്ഥിക്കുന്നു. പരിശുദ്ധ
അങ്കിയെ ഇനിക്കായ്കൊണ്ട അപേക്ഷിച്ച കൊള്ളേണമെ
എന്നിങ്ങിനെ പറയുന്നു.

ഇതിലും വിചിത്രമായ പുതുമയെ റോമക്കാർ പറയുന്നു.
റോമ ദേശത്തിങ്കലെ മറിയം എന്ന സ്വരൂപം ബഹു ആ
ഡംബരത്തോടെ സ്വൎഗ്ഗത്തിൽ നിന്ന വന്ന ആകാശ മാൎഗ്ഗ
ത്തിങ്കൽ വിനോദിച്ച കൊണ്ടിരുന്നതിനെ പരിശുദ്ധ പാ
പ്പ പള്ളിയിൽ കൊണ്ടു വന്ന വെച്ചിരുന്നു എന്നും ലൂക്കോസ
എന്ന പള്ളിയിലെ മറിയം തന്റെ കയ്യിൽ കുട്ടിയെ എ
ടുത്തിരിക്കുന്ന ഒരു സ്വരൂപം ഇരിക്കുന്നുണ്ടായിരുന്നു ആ
സ്വരൂപത്തിന്മേൽ ഒരു ദിവസം ഒരു അജ്ഞാനി കല്ലെടുത്ത
എറിഞ്ഞു എന്നും അപ്പോൾ ആ മറിയ സ്വരൂപം തന്റെ
കയ്യിലിരുന്നിരുന്ന കുട്ടിയുടെ മേൽ കല്ലുകൊള്ളാതെ ഒരു ക
യ്യിലിരുന്ന കുട്ടിയെ മറു കയ്യിൽ പിടിച്ചതകൊണ്ട ആ കല്ല
കുട്ടിയുടെ മേൽ കൊള്ളാതെ മറിയ സ്വരൂപത്തിന്റെ തോ
ളിൽകൊണ്ടു പീഠത്തിന്മേലും ഒരു ഭാരം ഉണ്ടായി എന്നും മ
റിയ സ്വരൂപത്തിന്മേൽനിന്നും രക്തവും ഒഴുകിയെന്നും പ
റഞ്ഞ ആ രക്തത്തെ ഒരു കുപ്പിയിൽ വെച്ചിരിക്കുന്ന പ്ര
കാരവും കാണിച്ച ജനങ്ങളെകൊണ്ട മഹാ ഭക്തികളോടും
കൂടെ അതിനെ ആരാധിപ്പിക്കുന്നു.

ചില ബുദ്ധിയുള്ളവർ റോമക്കാരോട ഇപ്രകാരമുള്ള പുതു
മകൾ നടത്തിപ്പാൻ കഴിയുന്നത എങ്ങിനെ ഇത സ്വഭാവ
പ്രമാണത്തിന്ന മററും വിരോധമായിരിക്കുന്നുവല്ലൊ എന്ന
പറഞ്ഞാൽ അവർ അതിന്ന നാം ഏതപ്രകാരമായാലും മനു
ഷ്യൎക്ക ഭക്തി ഉണ്ടാകുവാൻ പ്രയാസപ്പെടുന്നത നമ്മുടെ മാ
ൎഗ്ഗം വൎദ്ധിച്ചു വരേണ്ടുന്നതിന്ന വ്യാജം പറഞ്ഞാലും അതി
ന്ന പാപമില്ല എന്ന പറയുന്നു.

വ്യാജം പറയരുതെന്ന കല്പിച്ച ദൈവം തന്റെ വേദം വ്യാജത്താൽ പ്രസിദ്ധമാക്കുവാൻ ഇഷ്ടപ്പെടുമൊ ക്രിസ്തു വ്യാജവാക്കുകൾ ആക്കട്ടത്തതായിരിക്കുന്നു എന്ന തെളിയിച്ചിരിക്കുന്നു. എന്നാൽ പിശാചിന്ന അടുത്തതെന്നത്രെ. പിശാച ആദിയിൽ തുടങ്ങി കുലപാതകനായിരുന്നു അവനിൽ ഒട്ടും സത്യമില്ലായ്കകൊണ്ട അവൻ സത്യത്തിൽ നിലനില്ക്കാതെയു മിരുന്നു അവൻ അസത്യവാദിയും അതിന്റെ പിതാവുമാക കൊണ്ട അവൻ അസത്യം പറയുമ്പോൾ തന്റെ സ്വന്തമുള്ളതിൽനിന്നപറയുന്നു. യോഹ. വ്യ. ൮൪.

## ൰൭ അദ്ധ്യായം.

### അജ്ഞാന ഗുരുക്കന്മാൎക്കും റോമ പട്ടക്കാൎക്കും ഉള്ള സംബന്ധം.

അജ്ഞാന ഗുരുക്കന്മാർ തങ്ങൾ പരിശുദ്ധന്മാരെന്ന പറഞ്ഞ എല്ലാവരും തങ്ങളുടെ പാദത്തിങ്കൽ വീണ വഴങ്ങി തങ്ങൾ ദൈവമെന്ന നിരൂപിപ്പാൻ കല്പിക്കുന്നു.

വിരുദ്ധാചല പുരാണത്തിൽ ശിവന്റെ ദാസന്മാരായ ഗുരുക്കന്മാരെ കണ്ടാൽ പാദത്തെ വണങ്ങി ഉപദേശം കേൾക്കെണമെന്നും ആ ഗുരുക്കന്മാർ ശിവൻ തന്നെ ൦രം രൂപം ധരിച്ച നമ്മെ അടിമ കൊള്ളുന്നതിന്ന വന്നു എന്ന വിചാരിക്കാതെ ശിവൻ വേറെ ഗുരുക്കന്മാർ വേറെ രണ്ടായി ചിന്തിച്ചാൽ അവൻ അനേക കോടികാലം നരകത്തിൽ വീണ കിടക്കുമെന്ന പറയപ്പെട്ടിരിക്കുന്നു. വേറെ ഒരു ഗ്രന്ഥശ്ലോകം.

ദൈവാധീന ജ്ജഗൽ സൎവ്വം
മന്ത്രാധീനന്തു ദൈവതം
തന്മന്ത്രം ബ്രാഹ്മണാധീനം
ബ്രാഹ്മണാമമ ദൈവതാഃ

അതാകട്ടെ ലോകം ഒക്കെയും ദൈവത്തിന്റെ ആധീനത്തിൽ ദൈവം മന്ത്രത്തിന്റെ ആധീനത്തിൽ മന്ത്രം ബ്രാഹ്മണന്റെ ആധീനത്തിൽ അതകൊണ്ട ബ്രാഹ്മണൻ തന്നെ നമ്മുടെ ദൈവം എന്ന പറഞ്ഞിരിക്കുന്നു.

ഇതിനെ അജ്ഞാനികൾ വിശ്വസിച്ച തങ്ങളുടെ ഗുരുക്കന്മാരെ ദൈവമായി ഭാവിച്ച അവരെ കണ്ട ഉടനെ വെള്ളം കൊണ്ടുവന്ന അവരുടെ കാലുകളിൽ ഒഴിച്ച കഴുകി സാഷ്ടാംഗമായി വീണ നമസ്കരിച്ച വലിയവർ തുടങ്ങിചെറിയവർ വരെയും അവരെ സ്വാമി സ്വാമി എന്ന പറഞ്ഞ അവരുടെ കാൽപ്പൊടിയെ തങ്ങളുടെ തലയിലും വായിലും

ഇട്ടു അതിനാൽ എത്രെയും വലിയ പുണ്യമുണ്ടെന്ന വിശ്വസിക്കുന്നു. അപ്രകാരം തന്നെ റോമപട്ടക്കാരും തങ്ങൾ പരിശുദ്ധന്മാർ എന്ന പറഞ്ഞ കെട്ടുന്നതിന്നും അഴിക്കുന്നതിന്നും പാപങ്ങളെ ക്ഷമിക്കുന്നതിന്നും ക്ഷമിക്കാതിരിക്കുന്നതിന്നും തങ്ങൾക്ക അധികാരം ഉണ്ടെന്ന പറഞ്ഞ ജനങ്ങളെ കളിപ്പിച്ചു അവർ തങ്ങളുടെ പാദങ്ങളിൽ സാഷ്ടാംഗമായി വീണ വണങ്ങി തങ്ങളെ സ്വാമികൾ എന്ന പറയുമ്പോൾ അവരെ അംഗീകരിച്ചു ആശീൎവ്വാദം പറയുന്നു.

പിന്നെയും അജ്ഞാന ഗുരുക്കന്മാരും എജിപ്തു പൂജക്കാരും തങ്ങളുടെ തലകളെ മൊട്ടയടിക്കുന്നത പോലെ ഇവരും തങ്ങളുടെ തലകളെ മൊട്ട അടിക്കുന്നു.

വിശേഷിച്ചു പാപ്പാതന്നെക്കുറിച്ചു തിരുസഭെയ്ക്കു ഞാൻ മണവാളനും തലയും ക്രിസ്തുവിന്ന പ്രതി യജമാനനായും പൊതുവിലുള്ള ബിശോപ്പുമായി ഇരിക്കുന്നു എന്നും മനുഷ്യരെ ശപിക്കുന്നതിന്നും ആശീൎവ്വദിക്കുന്നതിന്നും തക്കതായ ദൈവത്വമുണ്ടെന്നും പത്രോസ തന്റെ ആസനത്തെയും അധികാരത്തെയും തനിക്ക കൈമാറിപ്പോയെന്നും തനിക്ക മനസ്സുള്ളവൎക്ക മോക്ഷവാതിലിനെ തുറക്കുന്നതിന്നും പൂട്ടുന്നതിന്നും അധികാരം ഉണ്ടെന്നും ബഹു അത്ഭുതങ്ങളെ ചെയ്യാൻ കഴിയുമെന്നും പറഞ്ഞ രാജാക്കന്മാരെയും തന്റെ പാദത്തിന്ന മുത്തുന്നതിന്ന കല്പിച്ചു ദേവന്മാരിലും രാജാക്കന്മാരിലും തന്നെ മേലായി ഉയൎത്തി സകലരും കീഴടങ്ങേണമെന്ന പറയുന്നു.

ജനങ്ങളും അവനെ ക്രിസ്തുവിനെ പോലെ തെററാത്ത പാപ്പാ എന്നും അവന്റെ വാക്ക ദൈവ വാക്കിന്ന ശരിയായ വാക്കെന്നും അവന്റെ കല്പനയ്ക്കു എതിൎത്ത നില്ക്കുന്നത ദൈവത്തിന്റെ കല്പനെക്ക എതിൎത്ത നില്ക്കുന്നതാകുന്നു എന്നും പാപ്പാ സകല മനുഷ്യരുടെ വചനങ്ങളെയും തട്ടക്കാമെന്നും അവന്റെ വചനങ്ങളെയൊ യാതൊരു മനുഷ്യനും തട്ടുത്തു കൂടാ എന്നും അവൻ കല്പിച്ചു എല്ലാ കല്പനകളെയും വേദത്തെ പോലെ തിരുസഭ അംഗീകരിക്കേണമെന്നും അവന്ന വേദത്തിൽനിന്ന കുറെക്കുന്നതിന്നും കൂട്ടുന്നതിന്നും കഴിയുമെന്നും അവൻ ജീവനുള്ളവരെ മാത്രമല്ല മരിച്ചവരെയും ബസ്സുക്കാന സ്ഥലത്തിൽനിന്ന വിടുവിക്കാമെന്നും അവൻ ഭൂലോകദേവനും സൎവ്വലോകപിതാവും കൎത്താവും ദൈവവും ആയിരിക്കുന്നു എന്നും അവൻ ലോകത്തെ മുഴുവനും ഉണ്ടാക്കതക്കവനായിരിക്കുന്നു എന്നും അവന്നപാപത്തെ പുണ്യവും പുണ്യത്തെ പാപവുമാക്കി തീൎക്കുന്നതിന്ന മനസ്സായാ

ൽ അങ്ങിനെ തന്നെ ആകുമെന്നും പറയുന്നു. ദൃഷ്ടാന്തമായി.

റോമപുരിയിൽ പത്രോസിന്റെ പെരുനാളിൽ പാപ്പാ തന്നെ അലങ്കരിച്ചുകൊണ്ട മൂന്ന കിരീടം ധരിച്ചവനായി ദേവാലയത്തിങ്കൽ ഉയൎന്ന പീഠത്തിന്മേൽ ഇരുന്ന തന്റെ കാൽ ഊന്നിക്കൊണ്ട ഇരിക്കുമ്പോൾ ജനങ്ങൾ പാപ്പായെ നോക്കി ലോകത്തിൽ പാപങ്ങളെ നീക്കുന്ന ദൈവ ആട്ടിൻകുട്ടിയെ ഞങ്ങളോട കരുണയുണ്ടാകേണമെ എന്ന വിളിക്കുന്നു.

ഇപ്രകാരം പാപ്പാ മഹിമയെ തനിക്കാക്കുവാൻ നോക്കുന്നു ഉന്നതനായ ദൈവത്തോട തുല്യനായി ഇരിക്കെണമെന്ന അവന്റെ വിചാരമെ ഉള്ളു.

ഇങ്ങിനെ പാപ്പാ മാൎഗ്ഗം അറുനൂറേഴാം വൎഷത്തിലും മഹമ്മതമാൎഗ്ഗം അറുനൂററിപത്താം വൎഷത്തിലുമായി ൦രം രണ്ടുമാൎഗ്ഗവും ഒരു കാലത്ത തന്നെ തുടങ്ങി പാപ്പാമാരുടെ മഹിമ അനേക കാലമായി ബലപ്പെട്ട ദൈവത്തിന്റെ ദേവത്വത്തെയും ക്രിസ്തു തന്റെ പ്രാണനെ ചിലവ ചെയ്തു വീണ്ടെടുത്ത ക്രിസ്ത്യാനിക്കാരുടെ സ്വാതന്ത്ര്യത്തെയും പിരട്ടി കൊള്ളയിട്ട കോപം കൊണ്ടും ഡംഭം കൊണ്ടും നിറഞ്ഞ പരശുദ്ധന്മാരെ മുട്ടി വീഴിച്ച രക്തം കൊണ്ട വെറുത്ത കിടക്കുന്നു. അവർ പറയുന്നപ്രകാരമായി പാപ്പാമാൎക്ക പത്രോസ തന്റെ പീഠത്തെയും അധികാരത്തെയും കൈമാറി കൊടുത്തുപൊയെന്നത ഉള്ളതായാൽ അപ്പൊൾ പത്രോസ തന്റെ അധികാരത്തെ അത്ഭുതം കൊണ്ട ഉള്ളതാക്കിയതു പോലെ പാപ്പാമാരും അവരുടെ അധികാരത്തെ അത്ഭുതം കൊണ്ട സാക്ഷീകരിക്കെണ്ടും ന്യായമായിരിക്കുന്നു.

അത്രയുമല്ല പാപ്പാ ലോക രാജ്യത്തിന്റെ വാഴ്ചയും തന്റെത എന്ന പറയുന്നു. ക്രിസ്തുവൊ എന്റെ രാജ്യം ഇഹലോകത്തിന്റെതല്ല എന്ന പറയുന്നു. ക്രിസ്തുവും പത്രൊസ മുതലായ അപ്പോസ്തൊലന്മാരും ലൊകരാജ്യത്തെ ഭരിച്ചതില്ലല്ലൊ. പാപ്പാ ആചാൎയ്യസ്ഥാനത്തോട കൂടെ രാജ്യാധികരത്തെയും അന്വെഷിക്കുന്നത അജ്ഞാനത്തിൽ ഇരുന്ന ആചാൎയ്യന്മാരുടെ അടുക്കൽനിന്ന മാത്രം തോന്നിയത.

അവൻ അനേകം പ്രധാനികളും വേലക്കാരും തന്നെ ചുററുന്നതിന്നായി പെരുത്ത മഹത്വത്തോടെ രാജാവിനെ പോലെ സിംഹാസനത്തിന്മേലിരുന്ന സേനകളെ ചേൎത്ത യുദ്ധം ചെയ്യുന്നതുമല്ലാതെ ഇങ്ങിനെയുള്ള ലോക വേലകളിൽ മുങ്ങികിടക്കുന്നതകൊണ്ട അവൻ പ്രസംഗം ചെയ്യുന്നതുമില്ല ജ്ഞാനസ്നാനം കഴിക്കുന്നതുമില്ല കൎത്താവിന്റെ അത്താഴം

കൊടുക്കുന്നതുമില്ല മററും ദൈവമുറകളും ചെയ്യുന്നതുമില്ല ചെയ്യാൻ കഴിയുന്നതുമല്ല. അത്രയുമല്ല അജ്ഞാനികളുടെ വലിയ ഗുരുക്കന്മാർ തമ്പുരാക്കന്മാർ ആഡംബരത്തോടെ വെളിയിൽ പ്രവേശം ചെയ്യുന്നതപോലെ തന്നെ പാപ്പാമാരും ബഹു ആഡംബരത്തോടെ വെളിയിൽ സഞ്ചാരം ചെയ്യുന്നു.

ആകയാൽ പാപ്പാ ക്രിസ്തുവിന്ന പ്രതിയായിരിക്കാതെ അവന്ന എതിരായ അന്തിക്രിസ്തുവായിമാത്രം ഇരിക്കുന്നു എന്ന അറിഞ്ഞുകൊള്ളണം.

ഈ പാപ്പായുടെ വരവിനെ കുറിച്ച സുവിശേഷത്തിൽ മുമ്പിൽ അറിയിച്ചിരിക്കുന്ന നാശത്തിന്റെ പുത്രനായ പാപത്തിന്റെ മനുഷ്യൻ വെളിപ്പെടുകയും ചെയ്യുന്നില്ല എങ്കിൽ ആ ദിവസം വരകയില്ല അവൻ എതിർത്ത നില്ക്കുന്നവനും ദേവൻ എന്ന വിളിക്കപ്പെടുന്ന എല്ലാററിനും മേലായി തന്നെത്താൻ ഉയിർത്തുന്നവനുമാകുന്നു എന്നതകൊണ്ട അവൻ ദൈവത്തിന്റെ ആലയത്തിൽ ദൈവം എന്നപോലെ തന്നെ ഇരുന്ന തന്നെത്താൻ ദൈവമാകുന്നു എന്ന കാണിക്കുന്നു. അപ്പോൾ ആ അക്രമക്കാരൻ വെളിയിലാവും അവനെ കൎത്താവ തന്റെ വായുടെ ആത്മാവിനാൽ ഒടുക്കിക്കളയും തന്റെ വരവിന്റെ പ്രകാശത്താൽ നശിപ്പിക്കയും ചെയ്യും ൨ തെസ്സലൊ ൨. ൩. ൪, ൮.

## മൂന്നാം അദ്ധ്യായം.

### ബ്രാഹ്മണഗുരുക്കന്മാരും റോമപട്ടക്കാരും വേദത്തെ മറിച്ച വെക്കുന്നതിനുള്ള ചേൎച്ച.

ഇന്തുക്കാൎക്ക മോക്ഷവഴികാട്ടുന്ന ബ്രാഹ്മണ ഗുരുക്കന്മാർ തങ്ങളുടെ ഋക്ക, യജ്ജുസ്സ, സാമം, അഥൎവ്വം എന്ന നാലു വേദത്തെ സംസ്കൃതഭാഷയിലാക്കി അതിനെ ഈ ദേശത്ത നടക്കുന്ന വെറെ ഒരു ഭാഷയിലും തിരിക്കാതെയും വ്യാഖ്യാനം ചെയ്യാതെയും ഇരുന്ന അതിനെ എഴുതിക്കൂടാ എന്ന പറഞ്ഞ തങ്ങളുടെ വംശക്കാൎക്ക മാത്രം എഴുത്ത മൂലമായി പാഠമായി ഓതി ബ്രാഹ്മണനല്ലാതെ മററു ജാതികൾക്ക തങ്ങളുടെ വേദത്തെ കാണിക്കാതെ മറച്ച ഒളിച്ച വെച്ച വേദം അല്ലാതെ പതിനെട്ട പുരാണങ്ങളെയും ഭാരതം മുതലായ യുദ്ധകഥകളെയും ചില നീതിസാരങ്ങളെയും വേദമായി പഠിപ്പാൻ കല്പിച്ച ശൂദ്രന്റെ ചെവിയിൽ വേദം കേൾപ്പിച്ചു കൂടാ എന്നും നിബന്ധം ചെയ്തു അപ്രകാരം ശൂദ്രന്ന ആരെങ്കിലും ഒരു ബ്രാഹ്മണൻ വേദം ചൊല്ലികൊടുത്തു എങ്കിൽ അവൻ

അധോഗതിയായി നരകത്തെ പ്രാപിക്കുമെന്നും നിശ്ചയിച്ചിരിക്കുന്നു.

എന്നാലും രാജാക്കന്മാർ മാത്രം വേദം ഓതാമെന്ന രാജാക്കന്മാരെ ബ്രാഹ്മണരായിട്ട പുനജ്ജന്മം വരുത്തി അവരെ മാംസം ഭക്ഷിക്കാതെ ഇരുത്തി വളരെ ദ്രവ്യം വാങ്ങിക്കൊണ്ട ചില വേദമന്ത്രങ്ങളെ ഓതിപ്പിക്കുന്നു.

എങ്ങിനെ എന്നാൽ പൊന്നുകൊണ്ട ഒരു വലിയ പശുവിനെ ഉണ്ടാക്കി രാജാവിനെ സൎവ്വാംഗം ക്ഷൌരം ചെയ്യിച്ച പിറന്ന സ്വരൂപമായി അതിന്റെ വായിൽ കൂടി അകത്തപ്രവേശിപ്പിച്ച ചാണകം കലക്കി വെച്ചിരിക്കുന്ന അതിന്റെ വയററിൽ യാമം നേരം ഇരുത്തി അനേകം ചടങ്ങുകളെ ചെയ്തു ശേഷം അതിന്റെ ഗൎഭത്തിൻ വഴിയായി പുറത്ത വരുവിക്കുന്നു. അപ്പോൾ മഹാ രാജാവ ബ്രാഹ്മണനായി പുനജ്ജന്മമായെന്നും എല്ലാ ബ്രാഹ്മണ ശാസ്ത്രികളും പറഞ്ഞ ആ പൊൻ പശുവിനെ ബ്രാഹ്മണരെല്ലാവരും കൂടി പങ്കിട്ടെടുത്ത ഇനിയും വളരെ ദ്രവ്യദാനം ചെയ്യെണമെന്ന പറഞ്ഞ വാങ്ങിക്കൊണ്ട മുമ്പിൽ രാജാവിന്ന ഗായത്രിമന്ത്രം ഉപദേശിച്ച ചൊല്ലിക്കുന്നു എന്ന പറഞ്ഞ ഒരു അക്ഷരത്തിന്ന ആയിരം രൂപായായി ൨൪ അക്ഷരത്തിന്ന ൨൪൰൲ രൂപാ വാങ്ങിക്കൊണ്ടു ആ മന്ത്രത്തെ ചൊല്ലി കൊടുക്കുന്നു.

ബ്രാഹ്മണർ വേദത്തെ ജനങ്ങൾക്ക കൊടുക്കാതെ മറച്ച വെച്ച തന്ത്ര പ്രയോഗത്തെ ചെയ്യുന്നത പോലെ.

റോമക്കാരും വേദത്തെ ലത്തീൻ ഭാഷയിലാക്കി വേദം ലത്തീനിൽ മാത്രം ഇരിക്കെണം എന്ന തീൎച്ച വരുത്തി. അതിനെ അറിഞ്ഞിട്ടുള്ള ഭാഷകളിൽ തിരിക്കാത്തവണ്ണം കല്പിച്ച അപ്രകാരം ഭാഷതിരിക്കുന്നവൎക്ക ശാപവും ശിക്ഷയും നിശ്ചയിച്ച ലത്തീൻ അല്ലാതെ വേറെ തിരിപ്പുകളെ നോക്കുന്നവരെ പതിതരെന്ന നിശ്ചയിച്ച അങ്ങിനെയുള്ള തിരിപ്പുകളെ അഗ്നികൊണ്ട കത്തിച്ച നാട്ടിൽ ഒരുത്തനും അറിയാത്ത അന്യഭാഷയായ ലത്തീനിൽ വേദം ഓതുന്നു.

പിന്നെ ലത്തീൻ വേദപുസ്തകം മാത്രം സാരം എന്ന അവർ പറയുന്നു. ലത്തീൻ ഭാഷയിലുള്ള വേദം മലയാളം മുതലായ വേദതിരിപ്പുകൾ എന്നപോലെ മൂലഭാഷയായ എബ്രായ ഗ്രെക്ക ഭാഷകളിൽനിന്ന തിരിക്കപ്പെട്ടിരിക്കുന്നസമയത്ത ലത്തീൻതിരിപ്പ മാത്രം തപ്പായി പോയില്ലെന്നും മററ തിരിപ്പുകളെക്കാൾ ഉയൎന്നതായിരിക്കുന്നു എന്നും പറവാൻ കഴയുമൊ കഴികയില്ലല്ലൊ. ലത്തീൻ മൂലവും അല്ലല്ലൊ.

പിന്നെയും പാപ്പമാർ ദൈവ വചനം ജനങ്ങൾക്ക കൊ

ട്ടത്താൽ അവർ തങ്ങളുടെ ഉപായങ്ങളെ വിശ്വസിക്കയി
ല്ലെന്ന വിചാരിച്ച അവരെ അന്ധകാരത്തിൽ വഴിനടത്തു
ന്നതിന്ന വേദത്തെ അവൎക്ക കാട്ടാതെ മറച്ച അതിൽ ചി
ല വചനങ്ങളോട പാരമ്പൎയ്യ ന്യായത്തിന്നടുത്ത ചില കാ
ൎയ്യങ്ങളെ കാലത്തിന്ന കാലം കൂട്ടി പാരമ്പൎയ്യന്യായത്തെ ദൈ
വ ചിത്തത്തെ പോലെ ഓൎത്തുകൊള്ളെണമെന്ന കല്പിച്ച ക്രി
സ്തു ലോകത്തിങ്കൽ ഒക്കെയും സുവിശേഷം പ്രസംഗിപ്പിൻ
എന്ന പറഞ്ഞ സുവിശേഷത്തെ ജനങ്ങൾക്ക കൊടുക്കാ
തെ അറിവിന്റെ താക്കോലിനെ ഒളിപ്പിച്ച സ്വൎഗ്ഗരാജ്യത്തെ
അവരിൽനിന്ന പൂട്ടിക്കളയുന്നു. അവൎക്ക മനസ്സുണ്ടെങ്കിൽ
വേദത്തിൽ ചില ചരിത്രങ്ങളെ മാത്രം പറഞ്ഞുകൊടുത്ത ത
ങ്ങളുടെ ലാഭത്തിന്നായിട്ട ചില വചനങ്ങളെ വായിക്കുന്ന
തിന്ന കല്പിച്ച ജനങ്ങളെ ദൈവ വചനത്തിൽനിന്ന മാത്രം
മാററി ഇഗ്നാസിയുടെ കഥ ജ്ഞാന പ്രകാശിയാരുടെ പുതു
മ സവെരിയുടെ പുതുമ അന്തോനിയുടെ പുതുമ വെള്ളിയാ
ഴ്ച പുതുമ ബെസ്സുക്കാന സ്ഥലത്തെ കുറിച്ചുള്ള പുതുമ ശനി
യാഴ്ച പ്പുതുമ മുതലായ കള്ളക്കഥകളായ മനുഷ്യരുടെ വെ
റും വചനത്തെ മാത്രം ജനങ്ങളെ വിശ്വസിപ്പിച്ച അവ
യെ ബഹു ഭയഭക്തികളോടെ വായിപ്പാനും മനഃപാഠമാ
ക്കുവാനും കല്പിക്കുന്നു. ഇവർ കൎത്താവിന്റെ വചനത്തി
ന്ന കൂട്ടുകയും കുറെക്കുകയും ചെയ്യുന്നതിന്ന തുനിയുന്നത എ
ത്ര ഭയങ്കരമായിരിക്കുന്നു.

ഇതിനെ കുറിച്ച അറിയിപ്പ പുസ്തകത്തിൽ യാതൊരുത്ത
നും, ൟ ദീൎഘദൎശനത്തിന്റെ പുസ്തകത്തിലുള്ള വചനങ്ങ
ളിൽനിന്ന എടുത്ത കളഞ്ഞാൽ ദൈവം ജീവന്റെ പുസ്തക
ത്തിൽനിന്നും വിശുദ്ധപട്ടണത്തിൽനിന്നും ൟ പുസ്തകത്തി
ൽ എഴുതപ്പെട്ട കാൎയ്യങ്ങളിൽനിന്നും അവന്റെ ഓഹരിയെ
എടുത്തുകളകയും ചെയ്യുമെന്ന എഴുതിയിരിക്കുന്നു.

അത്രയുമല്ല ഒരുത്തൻ ഞാൻ രാജാവിന്റെ ഒരു കല്പന
കൊണ്ടുവന്നു എന്ന പറഞ്ഞാൽ അവൻ അതിനെ കാണി
ക്കെണമല്ലൊ അങ്ങിനെ പരമരാജാവിന്റെ കല്പനയെ കൊ
ണ്ടുവന്നിരിക്കുന്നു എന്ന പറയുന്ന റോമപട്ടക്കാർ വചന
ത്തെ കാണിക്കാതെ ഇരുന്നാൽ അവർ ചതിയന്മാരെന്ന കാ
ണപ്പെടും അല്ലൊ.

പിന്നെയും റോമപട്ടക്കാർ വേദത്തെ കൊടുക്കാത്തതിന്ന
മുഖാന്തരമായി ജനങ്ങൾ വേദത്തെ വായിക്കുന്നത കൊണ്ടു
അവരുടെ ബുദ്ധിക്ക കൂൎമ്മതയും അവരുടെ ആത്മാവിന്ന ഇ
ടൎച്ചയുമായിരിക്കുന്നതല്ലാതെ ഫലം ഉണ്ടാകയില്ല എന്നും ചെ

റിയവരുടെ കയ്യിൽ കത്തി കൊടുത്താൽ അവർ തങ്ങളെ തന്നെ മുറിക്കുമെന്നും പറയുന്ന അജ്ഞാനഗുരുക്കന്മാരെപ്പോലെ അധികം പണം കൊടുക്കുന്ന സമ്പന്നന്മാർ മാത്രമെ വേദം വായിക്കാവു എന്ന കല്പിച്ചിരിക്കുന്നു.

വേദ എഴുത്തുകളെ ശോധന ചെയ്യിൻ അവയിൽ നിങ്ങൾക്ക നിത്യജീവനുണ്ടെന്ന ക്രിസ്തു പറയുന്നു.

പരിശുദ്ധ ദാവീദ നിന്റെ വചനം എന്റെ കാലുകൾക്ക ദീപവും എന്റെ വഴികൾക്ക വെളിച്ചവുമായിരിക്കുന്നു എന്നും കർത്താവിന്റെ വെദത്തിൽ രാവും പകലും ധ്യാനത്തോടെ ഇരിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ എന്നും പറയുന്നു. സങ്കീ. ൧൧൯. ൧൦൫.

പരിശുദ്ധ പൌലുസ ൧ാം ലേഖനത്തെ പരിശുദ്ധ സഹോദരന്മാരെല്ലാവരും വായിച്ച അറിയേണ്ടുന്നതിന്ന കർത്താവിന്റെ മേൽ ആണയിട്ട നിങ്ങളോട യാചിക്കുന്നു എന്നും ഞങ്ങളാകട്ടെ സ്വർഗ്ഗത്തിൽനിന്ന ഒരു ദൈവദൂതനാകട്ടെ ഞങ്ങൾ നിങ്ങൾക്ക പ്രസംഗിച്ചിട്ടുള്ളതിനെ അല്ലാതെ മറ്റൊരു സുവിശേഷത്തെ നിങ്ങൾക്ക പ്രസംഗിച്ചാൽ അവൻ ശാപമുള്ളവനാകട്ടെ എന്ന കല്പിക്കുന്നു. ഗലാത്തി. ൧. ൮.

അത്രയുമല്ല റോമപട്ടക്കാരുടെ വേദം പത്തകല്പനെക്കും കർത്താവിന്റെ പ്രാർത്ഥനെക്കും പാപം ഏറ്റ പറയുന്ന നമസ്കാരത്തിന്നും ജ്ഞാനസ്നാനകല്പനെക്കും സക്രമെന്തകല്പനെക്കും വിരോധമായിരിക്കുന്നു. അതാവിത.

൧. പത്തുകല്പനയിൽ വിഗ്രഹാരാധനയെ വിലക്കുന്ന കല്പനയെ ഒളിച്ച വെച്ച വിഗ്രഹാരാധനക്കാരാകകൊണ്ടും സ്വസ്ഥനാളിനെ ശുദ്ധീകരിപ്പാൻ ഓർക്ക എന്ന കല്പനെക്ക വിരോധമായി പുണ്യവാന്മാർക്ക തിരുനാൾ ആചരിക്കുന്നത കൊണ്ട ഇവരുടെ വേദം പത്ത കല്പനെക്ക വിരൊധമായതാകുന്നു.

൨. കർത്താവിന്റെ പ്രാർത്ഥനയിൽ ദൈവത്തെ നോക്കി അപേക്ഷിപ്പാൻ കല്പിച്ചിരിക്കുമ്പോൾ മരിച്ചുപൊയവരെ നോക്കി പ്രാർത്ഥിക്കുന്നതകൊണ്ട ഇവരുടെ വേദം കർത്താവിന്റെ പ്രാർത്ഥനയോട ഒത്തതല്ല.

൩. പാപം ഏറ്റ പറയുന്ന പ്രാർത്ഥനയിൽ എല്ലാ വസ്തുക്കളെയും അറിഞ്ഞിരിക്കുന്ന സത്യ ദൈവത്തിന്റെ മുമ്പാകെ പാപത്തെ അറിയിക്കുമ്പോൾ ഇവർ മനുഷ്യർക്ക പാപങ്ങളെ അറിയിക്കുന്നതകൊണ്ട ഇവരുടെ വേദം വേറെ ആയിപോയി.

൪ ജ്ഞാനസ്നാന കല്പനയിൽ സുവിശേഷത്തെ ലോകത്തിൽ മുഴുവനും പ്രസംഗിപ്പാനും വിശ്വാസം ഉള്ളവനെ വെള്ളം കൊണ്ടു ജ്ഞാനസ്നാനം കഴിപ്പാനും കല്പിച്ചിരിക്കെ ഇവർ സുവിശേഷത്തെ പ്രസംഗിക്കാതെ ജ്ഞാനസ്നാനത്തിൽ ഉപ്പിനെയും ഉമിഴനീരിനെയും എണ്ണയേയും കൊടുക്കയാൽ ഇവരുടെ വേദം ജ്ഞാനസ്നാന കല്പനെക്കൊത്തതല്ല.

൫. പരിശുദ്ധ അത്താഴകല്പനയിൽ എല്ലാവൎക്കുമായി ചിന്നപ്പെട്ട എല്ലാവരും കുടിപ്പാൻ കല്പിക്കപ്പെട്ട പുതിയ ഉടമ്പടിയായ പാപമോചനത്തിന്റെ രക്തത്തെ ഇവർ മനുഷ്യൎക്കു വിലക്കിയതു കൊണ്ടു ഇവരുടെ വേദം പരിശുദ്ധ അത്താഴനിയമത്തോടൊത്തതല്ല.

ഇപ്രകാരം റോമപ്പട്ടക്കാർ വേദം ഇല്ലാതെ കുരുടരെപോലെ നടന്നാൽ കുരുടന്മാൎക്കു വഴികാണിക്കുന്നതെങ്ങിനെ എന്നു വിചാരിക്കേണ്ടതാകുന്നു.

## ൧൩ അദ്ധ്യായം.

### അജ്ഞാനികൾ ക്രിസ്ത്യാനിക്കാരെ നിന്ദിക്കുന്നതിന്നും റോമക്കാർ ക്രിസ്ത്യാനിക്കാരെ ദുഷിക്കുന്നതിന്നും ഉള്ള സംബന്ധം.

അജ്ഞാനികളുടെ ശിവമതവും വിഷ്ണുമതവും അനേകയുഗങ്ങൾ ആയിരിക്കുന്നു. ക്രിസ്ത്യാനിമാൎഗ്ഗമൊ ഇരുനൂറമ്മൂന്നൂറ സംവത്സരമായി തുടങ്ങിയിരിക്കുന്നു. ൟ പുതിയ മാൎഗ്ഗം ൟഴവർ മതത്തെപോലെ ഇരിക്കുന്നു. ൟ മാൎഗ്ഗത്തിൽ ൟഴവർ പുലയർ പറയർ എന്നവർ ഒഴികെ എതൊരശ്രെഷ്ഠവംശക്കാർ വന്നു കൂടുന്നു. എന്തൊ ആഴ്ചയിൽ ഒരു പ്രാവശ്യം അവർ ഒരു പള്ളിയിൽ വന്നു കൂടി ആകാശം ഇടിഞ്ഞു വീഴുന്നതു പോലെ പാട്ടു പാടി വിളിക്കുന്നു. ഒരു ഉപദേശവെള്ളക്കാരനെ പോലെ ഇരുന്നു പുസ്തകത്തെ വിരിച്ചു എന്തൊ ചിലതു ബോധിപ്പിക്കുന്നു. ജനങ്ങൾ മുട്ടുകുത്തി വരുന്നു വേറെ ഒന്നുമില്ല. അവരുടെ പള്ളികളിൽ ഉരുക്കൾ ഇല്ല കൊട്ടുമുഴക്കമില്ല കൊടി ഇല്ല വെടി ഇല്ല നേരം പോക്കായ കാഴ്ചകൾ ഇല്ല നാടകരും പാഠകരും ഇല്ല ദേവദാസികളുടെ നാടമില്ല പൂജ അഭിഷേകം എന്നിവ ഇല്ല പഞ്ചാക്ഷരമില്ല തേവാരമില്ല തേർ തുടങ്ങിയ വാഹനങ്ങളില്ല ഭാരതം രാമായണം ഭാഗവതം ഇവ ഒന്നുമില്ല അറുപത്തുനാലു തിരുവിളയാട്ടങ്ങളില്ല അറുപത്തുമൂന്നു പേരുടെ കഥ ഇല്ല മുപ്പത്തുമുക്കോടി ദേവകളുടെ കഥയില്ല. അന്യായ വേദം ഇതു. തുലുക്കരുടെ വേദമെങ്കിലും കുറെ കൊള്ളാം. യാതൊരു കണ്കാഴ്ചയും അവിടെ ഇല്ല.

പിന്നെയും ആ വേദക്കാൎക്ക ആചാരമില്ല അനുഷ്ഠാനമില്ല
കുളിയില്ല ദീക്ഷയില്ല നെററിയിൽ വിഭൂതിയില്ല ഒരു പൊട്ടു
മില്ല മുഖം പാഴായി ഇരിക്കുന്നു. അവൎക്ക, അമാവാസ്യ ദീപാ
ളി ശിവരാത്രി, മകരപ്പൂയം. മാമാങ്കം. ഠരംവക ഇല്ല. പൊങ്ങൽ
പൂജാപുനസ്കാരങ്ങൾ ഇല്ല അവരുടെ വീട മരണ വീട്ടിനെ
പോലെ ഇരക്കുന്നു. അവരെ തൊട്ടാലും കണ്ടാലും കുളിക്കെ
ണമെന്ന പറയുന്നു.

മുൻ കാലത്തിൽ ഉണ്ടായിരുന്ന അജ്ഞാനികൾ ക്രിസ്തുമാൎഗ്ഗ
ത്തെയും ക്രിസ്ത്യാനികളെയും നിന്ദിച്ച പ്രകാരമാവിത. ഭ്രാന്ത
മാൎഗ്ഗം ദൈവം, പള്ളി, പീഠം, സ്വരൂപമില്ലാത്ത വേദം പഠി
ത്വമില്ലാത്ത മൂഢാത്മാക്കൾ കെട്ടി ഉണ്ടാക്കിയ വേദം സൂൎയ്യനേ
യും കുരിശിനേയും മനുഷ്യനേയും കുമ്പിടുന്ന വേദമെന്നും
പുതിയ വേദം കെട്ടിഉണ്ടാക്കിയവർ അധികാരത്തെ നിന്ദി
ക്കുന്നവർ കലഹങ്ങളെ ഉണ്ടാക്കുന്നവർ എന്നും നിന്ദിക്കു
ന്നു.

ഇതപോലെ തന്നെ റോമമാൎഗ്ഗക്കാരും ഞങ്ങളുടെ റോമൻ
കത്തോലിക്ക വേദം അനേക നൂറായിരം വൎഷങ്ങളായിരിക്കു
ന്നു ഇത അങ്ങിനെ അല്ല ലൂത്തരുടെ കാലത്ത മുളച്ചു.
ഇത പതിതരുടെ വേദം ദുൎജ്ജന വേദം കള്ളവേദം എന്ന
സുവിശേഷമാൎഗ്ഗത്തെ നിന്ദിച്ചു അനേക വിധമായ ശകാ
രങ്ങളും പരിഹാസങ്ങളും ചെയ്യുന്നു.

റോമപട്ടക്കാരും ബഹുവിധം ദൂഷണ പുസ്തകങ്ങളെ ഉ
ണ്ടാക്കി സുവിശേഷമാൎഗ്ഗത്തിന്ന വിരോധമായി പതിതർ
കോടാലി പതിതർ നഞ്ഞിന്ന ഔഷധം പരമാൎത്ഥ ഗുരുവി
ന്റെ കഥ വേദവിളക്കം മുതലായ അനേകം പുസ്തകങ്ങളെ
ഉണ്ടാക്കിയിരിക്കുന്നു അവയിൽ കാണിച്ചിരിക്കുന്ന ആ കടി
യകഥകളും നിന്ദകളും അല്പമല്ല ഇത സത്യമെന്നതിന്ന ദൃ
ഷ്ടാന്തമായി അവരുടെ ദൂഷണത്തിൽ ഒരു ഭാഗം ഇവിടെ
എഴുതിയിരിക്കുന്നു.

## റോമപ്പട്ടക്കാർ പ്രൊതെസ്ഥന്തക്കാരെ ദൂഷിക്കുന്നപ്രകാരം.

൧ പതിതരുടെ വേദത്തിൽ ഒരു പീഠവും ഇല്ല ഒരു ബലി
യും ഇല്ല.

൨, ആചാൎയ്യന്മാരും ഇല്ല ഗുരുവും ഇല്ല.

൩. പട്ടംകൊടുക്കുന്നഅഭിഷേകവും ഇല്ല പാപനിവാരണ
വും ഇല്ല.

൪, ശുദ്ധഭോജന നാളും ഇല്ല ഒരു യോഗനാളും ഇല്ല.

൫, സന്ന്യാസവും ഇല്ല കന്ന്യകാവസ്ഥയും ഇല്ല.

൬, പാപത്തെ ചെയ്യുന്നതിന്ന ഭയവും ഇല്ല പുണ്ന്യം ചെയ്യുന്നതിന്ന ഒരു ഉത്സാഹവും ഇല്ല.

൭ ഇഹലോകത്തിലെ നീതിമാന്മാൎക്കും പരലോകത്തിലെ പരിശുദ്ധന്മാൎക്കും ഒരു അന്ന്യോന്ന്യമില്ല.

൮ ഇവരുടെ ഇടയിൽ ഒരു പുണ്ന്യവാൻ ഇല്ല അവരാൽ ഒരു പുതുകാൎയ്യവും നടന്നതുമില്ല

൯ ഒരു കാൎയ്യത്തെയും നിശ്ചയിപ്പാൻ ശക്തിയുമില്ല യാതൊരു തീൎച്ചക്കും കീഴ്പ്പെടുന്നതുമല്ല.

൧൦ അതിൽ ഒരു ചട്ടവുമില്ല ആചാരവും ഇല്ല,

൧൧ അതിൽ സാമ്പ്രാണി ധൂപവുമില്ല ഒരു തീൎത്ഥത്തളിയുമില്ല.

൧൨ ഒരു എണ്ണ വിളക്കുമില്ല ഒരു മെഴുക തിരിയുമില്ല.

൧൩ ഒരു മുദ്രയുമില്ല ഒരു കൊടിയുമില്ല.

൧൪ അതിന്ന തലയുമില്ല കാലുമില്ല.

ഇത കൂടാതെ

ഓരോരുത്തർ വേദപുസ്തകത്തെ വായിച്ച അതിന്റെ അൎത്ഥത്തെ മനസ്സിൻപ്രാകരം തിരിക്കുന്നത.

ഒരു പാപത്തെ ഭയപ്പെടാതെയും ഒരു പുണ്ന്യത്തെയും അനുസരിക്കാതെയും കൎത്താവെ കൎത്താവെ ഞാൻ വിശ്വസിക്കുന്നു എന്ന ചൊല്ലി മോക്ഷം വരുമെന്ന വിശ്വസിക്കുന്നു.

ഞായറാഴ്ചയിൽ രണ്ട നാഴിക നേരം പാട്ട പാടുന്നു.

സ്വന്ത ബുദ്ധിയെ വിശ്വസിച്ച ഒരു തലവനെയും കീഴ്പ്പെടാതെ നടക്കുന്നു.

റോമക്കാർ ക്രിസ്ത്യാനിക്കാരെ പകച്ച നിന്ദിക്കുന്നതിനെ കുറിച്ച നടന്ന ചരിത്രങ്ങളിൽ ഒന്നിനെ ദൃഷ്ടാന്തമായി കാണിക്കുന്നു.

൮൦ാം വൎഷത്തിൽ പുതുശ്ശേരിയിൽ റോമക്കാരനായ ആനന്തരായിപ്പിള്ളയുടെ വീട്ടിൽ ഒരു വേദഉപദേശി വഴിയാത്രയിൽ നാലഞ്ചു നാൾ താമസിച്ചിരിക്കുമ്പോൾ രണ്ടുപെർ തങ്ങളിൽ ൟവക തൎക്കം ചെയ്തു.

അപ്പോൾ ആനന്തരായിപ്പിള്ള പറഞ്ഞു, ഞാൻ നടന്ന ഒരു ചരിത്രം പറയുന്നു, കേൾക്കുന്നുവോ; അവൻ പറക എന്ന പറഞ്ഞു. ഒരു വലിയ പട്ടണത്തിൽ ആ ദിക്കകാർ എല്ലാവരും വെള്ളം കോരുന്ന ഒരു തടാകം ഉണ്ടായിരുന്നു ആ വഴിയായി ഒരു ലൂത്തർ മാൎഗ്ഗക്കാരൻ അല്ലെങ്കിൽ ഒരു പതിതൻ കുതിരപ്പുറത്ത കേറി പോയി പൈതങ്ങൾ പന്തടിച്ച

കൊണ്ടിരുന്നപ്പോൾ ആ പതിതൻ കേറി ഇരുന്ന കുതിരയുടെ കാലിന്മേൽ ആ പന്തകൊണ്ട തെറിച്ചു കുളത്തിൽ വീണു പോയി അപ്പോൾ ആ ദിക്കകാർ എല്ലാവരും പതിതൻ കേറിയിരുന്ന കുതിരയുടെ കാലിൽ കൊണ്ട തെറിച്ചു പന്ത കുളത്തിൽ വീണു എന്നറിഞ്ഞ ആ വെള്ളം എത്രയും പ്രയോജനമുള്ളതായിരുന്നാലും ആരും അതിൽനിന്ന വെള്ളം എടുക്കാതെ ആ കുളത്തെ വെണ്ടാ എന്ന നിശ്ചയിച്ചു കണ്ടുവൊ എന്ന പറഞ്ഞു.

അതിന്ന വേദഉപദേശി പ്രത്യുത്തരമായിട്ടു, കൊള്ളാം പതിതൻ കേറയിരുന്ന കുതിരയിന്മേൽ പൈതങ്ങളുടെ പന്ത കൊണ്ട കുളത്തിൽ വീണതിനാൽ ആ കുളം തള്ളിക്കളഞ്ഞു വല്ലൊ പതതൻ കേറിയിരുന്ന കുതിര നടന്നപോയ ആ പട്ടണത്തിൽ അവർ പാൎത്തൊ അല്ലെങ്കിൽ ആ പട്ടണത്തെ അവർ വിട്ടുപോയൊ എന്ന ചോദിച്ചു. അതിന്ന അവർ ഉത്തരം പറയാതെ മൌനമായിരുന്നു.

## ൧൨ അദ്ധ്യായം.

### അജ്ഞാനികൾ വിശ്വാസികളെ ഉപദ്രവിക്കുന്നതിന്നും റോമക്കാർ വിശ്വാസികളെ ഉപദ്രവിക്കുന്നതിന്നും ഉള്ള സംബന്ധം.

അജ്ഞാനികളായ നേരൊ, ദൊമിശിയൻ, ത്രായാൻ മുതലായ രാജാക്കന്മാരും ജനങ്ങളും വിശ്വാസികളെ തങ്ങളുടെ വിഗ്രഹങ്ങളെ വണങ്ങുന്നതിന്നും തങ്ങളുടെ വിഗ്രഹങ്ങൾമേൽ ആണയിടുന്നതിന്നും ബലബന്ധപ്പെടുത്തി ഉപദ്രവിച്ച വിധമായത.

ചിലരെ വിലങ്ങിട്ടു, ചിലരെ കഴുവെറി, ചിലരെ കുരിശിന്മേൽ തറച്ചു, ചിലരെ വെട്ടി, ചിലരെ കീല്ലു പൂശിയ വസ്ത്രം ഉടുപ്പിച്ചു ദീപട്ടിപോലെ കൊളുത്തിക്കളഞ്ഞു, ചിലരെ ദുഷ്ടമൃഗങ്ങളുടെ തോൽ കൊണ്ട പുതപ്പിച്ചു നായ്ക്കളെക്കൊണ്ട കടിപ്പിച്ചു, ചിലരെ പൊങ്ങുന്ന എണ്ണക്കൊപ്പരയിലിട്ടു, ചിലരെ അഗ്നികൊണ്ട ദഹിപ്പിച്ചു, ചിലരെ പൊങ്ങുന്ന ചുണ്ണാമ്പിലിട്ടു, ചിലരെ നാടുകളിൽ കുടിയിരുത്താതെ പൎവ്വതങ്ങളിലേക്കും കുഴികളിലേക്കും പറഞ്ഞയച്ചു, ഇപ്രകാരം വിശ്വാസികൾ നശിക്കപ്പെട്ടതകൊണ്ട സത്യവേദം നശിച്ചു പോകാതെ അവരുടെ രക്തം വിത്ത പോലെ വീണ വേഗം ഭൂമി മുഴുവനും നിറഞ്ഞു ഇക്കാലത്ത ഇന്ദുക്കാർ തങ്ങൾക്ക അധികാരം ചെല്ലുന്ന ഇടത്ത ക്രിസ്ത്യാനിക്കാരെ ഉപദ്രവിക്കുന്നു.

അപ്രകാരം റോമക്കാരും ക്രിസ്ത്യാനിക്കാരെ കഠിനമായി

ഉപദ്രവിച്ച വേദത്തെ കാണാതിരിക്കുന്നതിന്ന കല്പിച്ച വിശ്വാസത്തെ ഉപേക്ഷിക്കുന്നതിന്നും പുണ്യവാന്മാരോട അപേക്ഷിക്കുന്നതിന്നും സ്വരൂപത്തെ ആരാധിക്കുന്നതിന്നും ബസ്സൎഗ്ഗാന സ്ഥലം ഉണ്ടെന്ന വിശ്വസിക്കുന്നതിന്നും ബലബന്ധപ്പെടുത്തി ഉപദ്രവിക്കുന്നു.

ദൈവഭക്തിയുള്ള രക്തസാക്ഷിക്കാർ അനുഭവിച്ച പാടുകൾ തിട്ടക്കപ്പെട്ട ഭ്രമിപ്പാനുള്ളവ എന്നും അവർ സഹിച്ച ബാധകൾ മനുഷ്യസ്വഭാവമുള്ളവരാൽ ദണ്ഡിക്കപ്പെടത്തക്കവണ്ണമല്ലാതെ പിശാചിനാൽ ഉത്സാഹിപ്പിക്കപ്പെട്ട മനുഷ്യർ തങ്ങളുടെ സ്വയംകൃതത്താൽ നടത്തിച്ച ബാധകളായിരിക്കുന്നു എന്നും പൂൎവ്വ ചരിത്രക്കാർ എഴുതിയിരിക്കുന്നു.

റോമക്കാർ സുവിശേഷമാൎഗ്ഗക്കാരെ ഉപദ്രവിച്ച വിധമാവിത. സുവിശേഷക്രിസ്ത്യാനികളിൽ ചിലർ വാൾകൊണ്ട വെട്ടപ്പെട്ടു. ചിലർ അഗ്നിയിൽ ദഹിപ്പിക്കപ്പെട്ടു, ചിലർ ജീവനോടെ പുതെക്കപ്പെട്ടു, ചിലർ കുരടാവുകൊണ്ട അടിക്കപ്പെട്ടു, ചിലർ തിളക്കുന്ന വെള്ളത്തിൽ ഇടപ്പെട്ടു, ചിലർ വറക്കപ്പെട്ടു, ചിലർ ചക്രം കൊണ്ട അറക്കപ്പെട്ടു, ചിലർ ഖണ്ഡം ഖണ്ഡമായി മുറിക്കപ്പെട്ടു, ചിലർ കഴവെററപ്പെട്ടു, ചിലരെ കടലിൽ മുക്കിക്കളഞ്ഞു, ചിലരുടെ തോലി ഉരുക്കി ചിലരുടെ നാവ അറുത്തു, ചിലരെ കല്ലുകൊണ്ടെറിഞ്ഞ കൊന്നു, ചിലരെ പട്ടിണി ഇട്ട കൊന്നു, ചിലരെ ആഴമുള്ള കുഴികളിൽ ആക്കി മരണം വരെക്കും അടച്ചു, ചിലരുടെ കൈകാൽ മുതലായ അവയവങ്ങൾ മുറിച്ച മുടന്തരാക്കി വിടപ്പെട്ടു.

ചിലരെ വേദക്കാർ എന്ന പറഞ്ഞ പിടിച്ച കൊണ്ടുവന്ന അവരുടെ മേൽ കുററം ചുമത്തി ഭൎത്താവിന്റെ കണ്ണിന്ന മുമ്പാകെ അവന്റെ ഭാൎയ്യയെ വേറെ ഒരുത്തന്ന കൊടുത്ത അവൻ ആ സ്ത്രീയെ തന്റെ കൂട്ടത്തിൽ ചേൎത്ത അവനെ അഗ്നികൊണ്ട ദഹിപ്പിക്കുന്നു.

ഒരു സ്ത്രീ തന്റെ ഭൎത്താവിനെയും ഒരു കുട്ടി തന്റെ അമ്മയെയും കൊല്ലുന്നതിന്ന ബലബന്ധപ്പെടുന്നു. ഗൎഭമുള്ളവരെയും ബാലകന്മാരെയും കഴുവേററി ഒരു കാഴ്ചപൊലെ കൊണ്ടുനടന്ന കാണിച്ചു.

ചില സ്ത്രീകളെ പിടിച്ച പരസ്യമായ സ്ഥലങ്ങളിൽ നഗ്നമാരാക്കി കെട്ടി വെക്കുന്നു.

ചില സ്ത്രീകളെ തല കീഴായും ചില സ്ത്രീകളുടെ നടുവിൽ കയറകൊണ്ട കെട്ടിത്തൂക്കിയും അവരെ നഗ്നതയോടെ കെട്ടിയും ഇട്ട

ഒരു വലിയ ഉപദ്രവ കാലത്തിൽ വിശ്വാസികളായ സ്ത്രീ

കളെ പിടിച്ചു കൊണ്ടുവന്ന ഒരു വിസ്താരത്തിലുള്ള മണ്ഡപത്തിന്റെ മദ്ധ്യത്തിങ്കൽ വെച്ചു മുമ്പിൽ അവരുടെ പെറ്റമ്മമാരെ നിൎത്തി തംബുരു വാദ്യം വായിക്കുമ്പോൾ തങ്ങളുടെ സേനകളെ അയച്ചു അവരെ കൊല്ലിച്ചു. ഇത ഉള്ളത തന്നെ രക്ത സാക്ഷികളിൻ ചരിത്ര പുസ്തകത്തിൽ നോക്ക.

൧൫൭൨ാമാണ്ട ഫ്രാൻസിൽ റോമക്കാരത്തിയായ ഫ്രാൻസരാജസ്ത്രീ തന്റെ മകളെ കെട്ടിച്ചു കൊടുക്കാമെന്ന പറഞ്ഞ സുവിശേഷ മാൎഗ്ഗത്തെ ഏറ്റകൊണ്ട ഒരു രാജാവിനെ വിളിപ്പിച്ചു അവനും ഒന്നിച്ചു സമാധാനത്തോടിരിക്കുമ്പോൾ ൧൦൦൦൦പേരെ ഒരിക്കൽ തന്നെ വെട്ടികൊന്നു. അവരുടെ രക്തം നദിപോല ഒഴുകി. ഇപ്രകാരം റോമക്കാർ ക്രിസ്ത്യാനിക്കാരെ ഉപദ്രവിച്ചത എഴുതിയാലും പറഞ്ഞാലും അവസാനിക്കയില്ല.

റോമക്കാർ പറയുന്നപ്രകാരം തന്നെ സുവിശേഷമാൎഗ്ഗക്കാർ തപ്പുള്ളവരായിരുന്നാലും അവരെ ഇപ്രകാരം ഉപദ്രവിക്കുന്നതിന്ന വേദത്തിൽ കല്പന ഉണ്ടൊ. അജ്ഞാനികൾ ക്രിസ്ത്യാനിക്കാരെ ഉപദ്രവിച്ചതിനെക്കാൾ റോമക്കാർ ക്രിസ്ത്യാനിക്കാരെ ഉപദ്രവിച്ചുത സ്വൎഗ്ഗത്തോളം എത്തുന്നതായ കൊടിയ പാപമായിരിക്കുന്നു.

അറിയിപ്പിൽ ബാബിലോൻ വീണു വീണു അത അഗ്നികൊണ്ടും ഗന്ധകം കൊണ്ടും എരിഞ്ഞു അതിന്റെ ബാധകൾ എത്രയും വലുതായിരുന്നു എന്തെന്നാൽ അവരുടെ പാപങ്ങൾ സ്വൎഗ്ഗത്തോളം എത്തി അവരുടെ അന്ന്യായങ്ങളെ ദൈവം ഓൎത്തുമിരിക്കുന്നു എന്ന ചൊല്ലപ്പെട്ട ദിവ്യദൎശനം പരിശുദ്ധന്മാരുടെ രക്തത്താൽ വെറുത്തിരിക്കുന്ന റോമനഗരത്തിന്റെ മേൽ നിവൃത്തിയാകുന്ന നാളുകൾ സമീപിച്ചിരിക്കുന്നു എന്ന ചിന്തിക്കേണ്ടതാകുന്നു.

## ൯ൻ അദ്ധ്യായം.

അജ്ഞാനികളുടെ കൎമ്മാന്തരത്തിനും റോമക്കാരുടെ മോക്ഷവിളക്കിനും ഉള്ള സംബന്ധം.

അജ്ഞാനികൾ തങ്ങൾക്ക അന്ത്യകാലം നേരിടുമ്പോൾ ബ്രഹ്മണന്ന ഗോദാനം ചെയ്താൽ സകല പാപവും നീങ്ങി കൈലാസത്തിന്ന പോകാമെന്ന പറഞ്ഞ പശുവിനെ കുട്ടിയോട കൂടെ ബ്രാഹ്മണന്ന കൊടുക്കുന്നു. വൈഷ്ണവന്മാർ മരണാവസ്ഥയിൽ വായിൽ തുളസിവെള്ളം ഒഴിക്കുന്നു,

ഒരുത്തൻ മരിച്ചശേഷം അവന്റെ പുത്രൻ ദുഃഖക്രിയക

ളെ ചെയ്തു കൊള്ളിവെക്കുന്നു. പിറെറന്നാൾ സഞ്ചയനം എന്ന പറഞ്ഞ ദഹിച്ചശേഷമുള്ള എല്ല ഒക്കെയും പെറുക്കി എടുത്ത ചേൎത്ത അതിൽ പാൽ ഇളന്നീർ മുതലായത ഒഴിച്ച ആ എല്ലിനെ ആററിൽ എറിഞ്ഞുകളയുന്നു.

കൎമ്മാന്തരമെന്ന പറഞ്ഞ പതിനാറാം ദിവസം ആററിൻകരയിൽ ബ്രാഹ്മണർ വന്ന തറയിൽ മണ്ണുകൊണ്ട ഒരു മണ്ഡപം പോലെ കെട്ടി ആ മണ്ഡപം ചുററി ൫ കലശം വെച്ച ഉള്ളിൽ അരി പരത്തി അതിന്റെ മേൽ കുംഭം സ്ഥാപിച്ച അതിന്മേൽ തേങ്ങ വെച്ച അഗ്നിമൂലയിൽ ഒരു ചെറിയ മേട ഉണ്ടാക്കി കോൽകൾകൊണ്ട ഒരു ചെറിയ സ്വരൂപം കെട്ടി അതിൽ നാലഞ്ച ദൎഭപ്പുല്ല പറിച്ചിട്ട ആ പുല്ലിനെ ചത്തവനെന്ന മന്ത്രം കൊണ്ട സ്ഥാപിക്കുന്നു. പിന്നെ തീക്കൊണ്ട ആ ദൎഭപ്പുല്ലിനെ ചുട്ട ചാരമാക്കി ആചാരത്തെ മനുഷ്യഛായയിൽ നിലത്ത വിതറി അതിൽ വെററില അടെക്ക മുതലായത വെച്ച പടച്ച ആ ചാരത്തെ ആററിൽ എറിഞ്ഞ കളയുന്നു. പിന്നെ കൎമ്മം ചെയ്യുവൻ സ്നാനം ചെയ്തു അമ്പലത്തിൽ നെയ്വിളക്ക വെച്ച വീട്ടിലേക്ക വരുന്നു. ചിലർ ശക്തിക്ക തക്കതായി ബ്രാഹ്മണന്ന വസ്ത്രം കൊടുക്കുന്നു. അവൻ വസ്ത്രത്തെയും ദക്ഷിണയെയും കൎമ്മാന്തരം ചെയ്ത അരി കായ്കറികളെയും എടുത്തകൊണ്ട പോകുന്നു.

ദിവസം എന്നത എന്തെന്നാൽ വൎഷാന്തരം ചെയ്യുവന്റെ നാൾ വരുമ്പോൾ ബ്രാഹ്മണ ഗുരുക്കന്മാർ മുമ്പെ പുണ്യദാനം ചെയ്തശേഷം മൂന്നിലകളെ ഇട്ട ഒന്നി ശിവനായിട്ടും ഒന്ന വിഷ്ണുവായിട്ടും ഒന്ന ചത്തവനായിട്ടും ഭാവിച്ച അതിൽ അരി കായ്കറി വെററില അടക്ക മുതലായ്തു വെച്ച ചില ചടങ്ങുകളെ ചെയ്തു അവയും അവൻ എടുത്ത കളയുന്നു. പിന്നെ പിണ്ഡപ്രധാനം എന്ന പറഞ്ഞ മാവിൽ വാഴപ്പഴം ഇട്ട കുഴച്ച മൂന്ന പിണ്ഡം ഉണ്ടാക്കി ദൎഭപ്പുല്ലിന്മേൽ വെച്ച ഒന്ന ചത്തവനായിട്ടും ഒന്ന അവന്റെ അപ്പനായും ഒന്ന അവന്റെ മുത്തപ്പനായും ഭാവിച്ച ആ പിണ്ഡത്തിന്ന പൂജ ചെയ്യുന്നു കൎമ്മം ചെയ്യുന്നവനോട ആ പിണ്ഡത്തിന്ന വന്ദനം ചെയ്വാൻ പറഞ്ഞു ആ പിണ്ഡത്തെ ആററിൽ കളവാൻ പറഞ്ഞ അതിന്നും പണം വാങ്ങിക്കുന്നു. ഇത തന്നെ ദിവസം.

ലിംഗധാരികൾ മോക്ഷ വിളക്കെന്ന പറഞ്ഞ സമാധി ഉറപ്പിച്ച പതിനൊന്നാം നാൾ കല്ലറമേടമേൽ ലിംഗം പോലെ പിടിച്ച പൂജ ചെയ്തു അവിടെ കുറെ ചടങ്ങുകളെ ചെയ്തു ചോറ കായ്കറി മുതലായവയെ ഉണ്ടാക്കി സമാധി

യിൽ വിളക്ക കൊളുത്തി ഒടുക്കം കപ്പൂര ദീപം പിടിച്ച മോക്ഷ വിളക്ക എടുത്തു എന്ന പറയുന്നു.

ഇങ്ങിനെ പൈതങ്ങൾ തങ്ങളെ പെററവൎക്കായിട്ട ചെയ്യുന്ന ക്രിയകളാൽ ആ ആത്മാവ പിതൃലോകത്തിൽനിന്ന സ്വൎഗ്ഗലോകത്തിലേക്ക പോകുമെന്ന പറയുന്നു ഇങ്ങിനെ ബ്രാഹ്മണ ഗുരുക്കന്മാർ മനുഷ്യരെ ചതിച്ച പോരുന്നു.

അപ്രകാരം തന്നെ റോമക്കാരും തങ്ങൾക്ക മരണാവസ്ഥ നേരിടുമ്പോൾ പട്ടക്കാരെ വരുത്തുന്നു. അവർ വന്ന ഉപ്രിശമപൂശി ചില ക്രിയകളെ ചെയ്തു തീൎത്ഥം കൊടുത്ത അതിനാൽ മോക്ഷം പ്രാപിക്കാമെന്ന പറയുന്നു.

ഒരുത്തൻ മരിച്ചതിൽ പിന്നെ അവൻെറ ശവത്തിന്ന അനേകം ചടങ്ങുകളെ ചെയ്തു അടക്കുന്നു. ചത്തവൻെറ ശേഷക്കാർ ചിലർ അജ്ഞാനികൾക്ക തക്കതായ അജ്ഞാന ക്രിയകളെ ചെയ്വാൻ ഭാവിച്ച വാഴ ഇളന്നീർ മുതലായത വെച്ച കാട അററുന്നത പോലെ പാൽ ചന്ദനം മുതലായ്ത കല്ലറമേൽ തളിക്കുന്നതുമുണ്ട

മോക്ഷവിളക്കെന്ന പറഞ്ഞ, മരിച്ച പതിനൊന്നാം നാൾ അല്ലെങ്കിൽ പിതമൂന്നാം നാൾ അവരവരുടെ ശക്തിക്ക തക്കതായ ഒരു രൂപാ പത്തു പണം മുപ്പതു പണം വരെക്കും പട്ടക്കാൎക്ക കൊടുത്ത മോക്ഷവിളക്ക എടുപ്പാൻ പറയുന്നു. അവർ അതിനെ വാങ്ങിച്ചുകൊണ്ട മോക്ഷവിളക്ക എടുക്കുന്നു എന്ന പറഞ്ഞ അധികം പണം കൊടുക്കുന്നവൎക്ക പള്ളയിൽ ആരാധന സമയത്ത പള്ളിയുടെ നടുവെ വെറുന്തുണ്ടാവയെ കൊണ്ടുവന്ന വെച്ച അതിന്മേൽ കറപ്പ വസ്ത്രം വിരിച്ച തുണ്ടാവയെ ചുററി മെഴുകുതിരി കൊളുത്തി ചത്തവനെന്ന മനസ്സുകൊണ്ട ഭാവിച്ച അവൻെറ പേർ ചൊല്ലി ലത്തീനിൽ ചില മന്ത്രങ്ങളെ പട്ടക്കാരൻ ജപിച്ച തീൎത്ഥം തളിച്ച ജനങ്ങളെ ചത്തവൻെറ ആത്മാവിന്നായിട്ട കൎത്താവിൻെറ പ്രാൎത്ഥനയെ മന്ത്രമായി ചൊല്ലി അപേക്ഷിച്ച കൊള്ളുവാൻ പറയുന്നു. ഇപ്രകാരമുള്ള ചടങ്ങുകളെ ചെയ്തു ഉടനെ ബെസ്ക്കാന സ്ഥലത്തിലിരിക്കുന്ന ആത്മാവ അവധി തീൎന്ന മോക്ഷത്തിന്ന പോകുമെന്ന പറയുന്നു. ഇത തന്നെ റോമക്കാരുടെ മോക്ഷവിളക്ക.

പിന്നെയും വൎഷാന്തരം വൃശ്ചികമാസത്തിൽ കൊണ്ടാടപ്പെടുന്ന ബെസ്ക്കാനസ്ഥലത്ത ഇരിക്കുന്ന ആത്മാക്കളുടെ തിരുനാളിൽ ഓരോരുത്തൻ തങ്ങളുടെ മരിച്ചുപോയ ശേഷക്കാൎക്കെല്ലാവൎക്കായിട്ടും മോക്ഷവിളക്കഎടുക്കേണ്ടതാകുന്നു. മുമ്പിലത്തെ മോക്ഷ വിളക്കിന്ന ചെല്ലുന്ന ചിലവ അപ്പോൾ ചിലവാക

യില്ല ഓരോരൊ ആത്മാവിന്ന ഓരോരു പണം കൊടുത്താൽ മതി അല്ലെങ്കിൽ ൱ം ആത്മാക്കൾക്ക കൂടി ഒരു പണംകൊടുത്താലും മതി എല്ലാവക്കും മോക്ഷ വിളക്ക എടുക്കപ്പെട്ടും.

വഷാന്തരം ബന്ധുക്കാന സ്ഥലത്തഇരിക്കുന്ന ആത്മാക്കളുടെ പെരുനാൾ കൊണ്ടാടപ്പെടുന്നതിന മുമ്പെ ഉപദേശിമാർ നാട്ടുകളിലും നഗരങ്ങളിലും ഗ്രാമങ്ങളിലുമുള്ള ഓരോരൊ വീട്ടിലെക്കപോയി അവരെ തങ്ങൾ തങ്ങളുടെ മരിച്ചശേഷക്കാക്കായിട്ട മോക്ഷ വിളക്ക എടുക്കെണമെന്ന ഭയപ്പെടുത്തി അവരാൽ കൊടുപ്പാൻ കഴിയുന്ന പണങ്ങളെ വാങ്ങിക്കൊണ്ട അവരവരുടെ മരിച്ചുപോയ ബന്ധുക്കളുടെ പേർ എഴുതിക്കൊണ്ട പൊരുന്നു. ഇപ്രകാരം ഒരു ചുമട ഓലക്കെട്ട ഉണ്ടാക്കുന്നു. മോക്ഷ വിളക്ക എടുക്കുന്നതിന ഉപദേശിമാർ തെണ്ടിക്കൊണ്ടുവന്ന പണത്തിൽ പാതി ഉപദേശിമാക്കും പാതി ഗുരുവിന്നും ചെരുന്നു എന്നാലും പല തുള്ളി ഒരു ആറായി പൊകുന്നതുപൊലെ അധികമായ ചെറിയ തുകകളാൽ അനേക ഗുരുക്കന്മാക്ക വെണ്ടുന്ന പണം വരും.

ആത്മതിരുനാൾ വരുമ്പൊൾ അതിന്റെ തലെ ദിവസം രാത്രി പന്ത്രണ്ട മണി നേരത്ത തുടങ്ങി പിറെറന്നാൾ പകൽ പൂജ അവസാനിക്കുന്ന വരെക്കും പള്ളി മണി ഇടവിടാതെ അടിക്കപ്പെടുന്നു. കല്ലറകളിൽ ഒക്കയും വിളക്ക കത്തിക്കപ്പെട്ടിരിക്കുന്നു. പള്ളിയിൽ എല്ലാടിക്കിലും കറപ്പവിരിച്ച പള്ളിയുടെ നടുവെ വെറുതൂണ്ടാവ വെച്ച ആ തൂണ്ടാവമേൽ കറപ്പ വസ്ത്രം വിരിച്ച അനേകം മെഴുകുതിരി കൊളുത്തിയിരിക്കുന്നു.

പട്ടക്കാരൻ പൂജയുടെ ആരംഭത്തിങ്കൽ അടുക്കൽ വന്നലത്തീനിൽ ചില മന്ത്രങ്ങളെ ജപിച്ചുകൊണ്ട നില്ക്കും. അപ്പോൾ ഉപദേശി എഴുനീററ നിന്ന മുമ്പെ മരിച്ചുപൊയ പട്ടക്കാരുടെ പേർ വായിച്ച അവസാനിക്കുന്നു. അപ്പോൾ പട്ടക്കാരൻ ജനങ്ങളെ നോക്കി ആ ആത്മാക്കൾക്കായി ഒന്നരണ്ട മന്ത്രങ്ങളെക്കൊണ്ട അപേക്ഷിച്ച കൊള്ളുവാൻ പറഞ്ഞ തീത്ഥം തളിക്കുന്നു. പിന്നെ മരിച്ച പോയ ഉപദേശികളുടെയും പള്ളി ശുശ്രൂഷക്കാരുടെയും പേർ വായിച്ച അവസാനിച്ച ജപിച്ച തീത്ഥം തളിക്കുന്നു. ഇതിന്നിടയിൽ നേരം കഴിഞ്ഞ പോയ്യകൊണ്ട സഭയിൽ എഴുത്ത അറിഞ്ഞവരിൽ മുപ്പത നാല്പത പേർ വരെക്കും എഴുനീററ വന്ന ചുററിനിന്ന പേർ എഴുതിവന്നിരിക്കുന്ന ഓല ചുരുളുകളിൽ അവരവർ ഓരോന്നിനെ എടുത്ത കൊണ്ട എല്ലാവരുമായി ഒരുമിച്ച കൂടി മഹാ നന്മയോട കൂടെ പത്രൊസ ഇഗനാസിയുസ സവെരി

അരുളായി പൂവായി എന്നിപ്രകാരം ചത്തവരുടെ പേരെല്ലാം വായിക്കുന്നു. അവിടവിടെ പട്ടക്കാരൻ സമയത്തിന്നു തക്കതായി ഒന്നു രണ്ടു പ്രാത്ഥനകളെകൊണ്ടു അപേക്ഷിച്ചുകൊള്ളുവാൻ പറഞ്ഞു താനും ലത്തീനിൽ ചില മന്ത്രങ്ങളെ ജപിച്ചു ചുററി തീത്ഥം തളിക്കുന്നു. ഇതു തന്നെ വഷാന്തരം ആത്മതിരുനാളിൽ എടുക്കുന്ന പൊതുവിലുള്ള മോക്ഷ വിളക്കു, ഇപ്രകാരം അവർ ചെയ്യുന്നതിനാൽ ബസ്സുക്കാന സ്ഥലത്തിൽ ഇരിക്കുന്ന ആത്മാക്കൾ അവധിയില്ലാത്ത മോക്ഷം ലഭിക്കുമെന്നു പറയുന്നു. ഇതു സത്യമായിരുന്നാൽ ചത്തവന്റെ ആത്മാവിന്നായിട്ടു അവൻ മരിച്ചു പതിനൊന്നാം നാൾ അല്ലെങ്കിൽ പതിമൂന്നാം നാൾ എടുക്കുന്ന മുമ്പിലത്തെ മോക്ഷ വിളക്കിൽ തന്നെ ആ ആത്മാവു അവധിയററ മോക്ഷത്തിന്നു പോയിരിക്കാമല്ലൊ. പിന്നെ വഷാന്തരം മോക്ഷ വിളക്കെടുക്കുന്നതു എന്തിന്നു. ഇതെല്ലാം ജനങ്ങളിൽ നിന്നു പണം തട്ടിപ്പറിക്കുന്നതിന്നു റോമപ്പട്ടക്കാർ ചെയ്യുന്ന തന്ത്രമായ നിയമമല്ലാതെ വേറെ ഒന്നുമല്ല.

അജ്ഞാനികൾ കമ്മാന്തരത്തിൽ ഒരു ചെറിയ രൂപം കെട്ടി ഉണ്ടാക്കി അതിൽ കെട്ടിയിട്ട ദൎഭപ്പുല്ലിനെ ചത്തവനായി ഭാവിച്ചു ചില ചടങ്ങുകളെ ചെയ്തു മന്ത്രിക്കുന്നതപോലെ തന്നെ റോമക്കാരും മോക്ഷ വിളക്കെടുമ്പോൾ വെറുന്തൂണ്ടാവ വെച്ചു ചത്തവനായി ഭാവിച്ചു ചത്തവന്റെ പേർ ചൊല്ലി ജപിക്കുന്നതിനാൽ അജ്ഞാനവും പാപ്പാമാൎഗ്ഗവും എത്ര അടുത്ത സംബന്ധമുള്ളതായിരിക്കുന്നു എന്നു കാണേണ്ടുന്നതാകുന്നു.

മോക്ഷ വിളക്കിനെ കുറിച്ചു തഞ്ചെനഗരത്തിൽ കുറെ കാലം മുമ്പെ നടന്ന ഒരു ചെറിയ കഥയെ ദൃഷ്ടാന്തമായി കാണിക്കുന്നു.

പുതുക്കോട്ടയിൽ ഇരിക്കുന്ന സുവിശേഷക്രിസ്ത്യാനിയായ വിയാകപ്പിള്ളയുടെ ഭാൎയ്യ റോമമാൎഗ്ഗത്തിൽ ഇരുന്നപ്പോൾ തഞ്ചാവൂര ഇരിക്കുന്ന റോമഉപദേശിയുടെ മകന രണ്ടു പണം കടം കൊടുത്തിട്ടുണ്ടായിരുന്നു അതിൽ അവൾക്കു കൊടുത്തതപോകെ രണ്ടു തുട്ടു കൊടുപ്പാനുണ്ടായിരുന്നു അവൾ നാലഞ്ചു മാസം ചോദിച്ചിട്ടും അവൻ ആ തുട്ടു കൊടുത്തില്ല. ഇതിന്നിടയിൽ ബസ്സുക്കാന സ്ഥലത്തിരിക്കുന്ന ആത്മപെരുനാൾവന്നു. അപ്പോൾ അവൾ അവനോട അനുജാ. നീ ആ രണ്ടുതുട്ടു കൊടുത്തുകൂടാ എന്നു പറയുന്നുവൊ ആത്മപെരുനാൾവരുന്നതകൊണ്ടു ഞങ്ങളുടെ മരിച്ചു പൊയ ശേഷക്കാരുടെ പേൎക്കായി മോക്ഷ വിളക്കു എടുക്കുമ്പോൾ അതിന്നായിട്ടു വാ

യിച്ച പോട്ടെ എന്ന അവൻ പറഞ്ഞു. അവൻ കൊടുക്കെ ണ്ടുന്നവർ തൻെറ മരിച്ചു പൊയ ശേഷക്കാരുടെ പേരെല്ലാം പറഞ്ഞു. അവൻ ഇരുപത പേർ വരെക്കും എഴുതി ആത്മ പെരുനാളിൽ പള്ളിയിൽ വായിച്ച ആ രണ്ട തുട്ട കടം കഴി ച്ചു.

ഇവിടെ സൂക്ഷിപ്പാനുള്ളത റോമക്കാർ രണ്ട തുട്ട കൊണ്ട ഇരുപത പേരെ മോക്ഷത്തിൽ കരേററാമെന്ന പറയുന്നതാ കുന്നു ഇത എങ്ങിനെയുള്ള കുരുട്ടുപദേശം.

റോമപ്പട്ടക്കാർ ഒപ്പീസ പഠിച്ച പൂജ ചെയ്യുന്നതകൊണ്ട ചത്തവരുടെ പാപത്തെ നിവാരണം ചെയ്യുന്നതിന്നും ബ സ്സുക്കാന സ്ഥലത്തിലിരുന്ന ആത്മാക്കളെ മോക്ഷത്തിൽ ചെ ൎക്കുന്നതിന്നും കഴിയുമെന്ന വെച്ച മരിച്ചവരുടെ ശേഷക്കാ രിൽനിന്ന പണം വാങ്ങുന്നു. ഇങ്ങിനെ അവർ ചെയ്യു ന്നതകൊണ്ട അനേകം ദ്രവ്യസ്ഥന്മാർ തങ്ങളുടെ പണങ്ങ ളെ കൊണ്ട പട്ടക്കാർചെയ്യും പൂജകളാലും കൎമ്മങ്ങളാലും കര കേറാമെന്ന സകല യോഗ്യാവസ്ഥയിലും ലോക ഇമ്പത്തി ലും നീന്തിക്കൊണ്ടിരിക്കും അല്ലയൊ?

ഒരു മരം എങ്ങിനെ വീണൊ അങ്ങിനെ തന്നെ കിടക്കും പാപത്തിൽ മരിച്ചുപോയവൻ പാപത്തിൽ തന്നെ കണ്ടു പിടിക്കപ്പെടും പിന്നെ അവനായിട്ട അവൻെറ പിള്ളകൾ ചെയ്യുന്ന പുണ്യങ്ങൾ ചേരുന്നത എങ്ങിനെ? മരിച്ച ഉട നെ ലാസറ മോക്ഷത്തിലും ധനവാൻ നരകത്തിലും ഇരു ന്നു എന്ന ക്രിസ്തു വെളിപ്പെടുത്തുന്നു. മനസ്സതിരിഞ്ഞ കള്ള നോട ക്രിസ്തു നീ ഇന്ന തന്നെ എന്നൊട കൂടെ പറുദീസയിൽ ഇരിക്കും എന്ന പറഞ്ഞുവല്ലൊ. [അറിയിപ്പ ൧൪ ൰൩] ക ൎത്താവിൽ ചാകുന്ന മരിച്ചവർ ഇതമുതൽ ഭാഗ്യമുള്ളവരാകു ന്നു എന്ന ആത്മാവ പറയുന്നു അപ്രകാരം കൎത്താവിൽ ചാ കാതെ മരിച്ചവർ അന്ന മുതൽ നിൎഭാഗ്യവാന്മാരായിരിക്കുന്നു ഒരിക്കൽ മരിക്കയും അതിൻെറ ശേഷം ന്യായതീൎപ്പുമല്ലാതെ വേറെ ഒന്നുമില്ലെന്ന വേദത്തിൽ പറഞ്ഞിരിക്കുന്നു. എബ്രെ ൻ. ൨൭.

അത്രയുമല്ല റോമക്കാരുടെ പുസ്തകത്തിൽ ഗൎഭം അഴിക്കു ന്നതിന്നും കരുക്കളെക്കും മുറകേട മുതലായ നാശമുള്ള പാപ ങ്ങൾക്കും ൭ പ്രായശ്ചിത്തം ചെയ്യാൽ ആ പാപം തീരുമെ ന്ന പറയുന്നു.

ചെയ്ത പാപങ്ങൾക്കും ഇനിയും ചെയ്യും പാപങ്ങൾക്കും പൂൎണ്ണഫലമായ പാപമോചനത്തിൻെറ ചീട്ട ലഭിക്കാമെന്ന പറയുന്നു. ദൈവത്തിൻെറ കൃപാകടാക്ഷം പണത്തിന്ന വാ

ങ്ങുകയും വില്ക്കുകയും ചെയ്യാമെന്ന വിചാരിച്ച കൂടാ, ഇതിനെ കുറിച്ച നടപ്പ. വ്യ. ൮. പത്രോസ ശീമോനോട ദൈവത്തിന്റെ ദാനം ദ്രവ്യം കൊണ്ട സമ്പാദിക്കാമെന്ന നീ വിചാരിച്ചത കൊണ്ട നിന്റെ ദ്രവ്യം നിന്നോട കൂടെ നശിച്ചപോകട്ടെ എന്ന പറയുന്നു.

ദൈവം തന്റെ വചനത്താൽ സകലത്തെയും സൃഷ്ടിക്കുന്നതിന്ന വല്ലഭനായിരുന്നു. എന്നാൽ പാപമോചനത്തെ അപ്രകാരം കല്പിക്കാതെ തന്റെ പുത്രനെ ഃരം ലോകത്തിൽ അയച്ച അവനെ മരണശിക്ഷയെ ഏല്പിച്ചതിനാൽ മനുഷ്യൎക്കപാപമോചനം ഉണ്ടാക്കുവാൻ അവന്ന തിരുമനസ്സ തോന്നി, ഇങ്ങിനെ പുത്രനാൽ ഉണ്ടാക്കപ്പെട്ട രക്ഷയെ പരിശുദ്ധാത്മാവ ഫലിപ്പിക്കുന്നു. ഇപ്രകാരം പാപം തീരെണം ഇത തന്നെ വഴി ഇതല്ലാതെ പണംകൊണ്ട പാപമോചനം ഇല്ല എന്നത സത്യമാകുന്നു.

ഇങ്ങിനെ ഇരുന്നിട്ടും ചിലർ സത്യവേദവും റോമമാൎഗ്ഗവും ഒന്നായിരിക്കുന്നു എങ്ങിനെ വിചാരിക്കുന്നു. റോമമാൎഗ്ഗത്തെ വേദത്തെ കൊണ്ട ശോധന ചെയ്തു നോക്കിയാൽ ഉള്ളിൽ അജ്ഞാനമാൎഗ്ഗം ഒളിക്കപ്പെട്ടിരിക്കുന്നു എന്ന കാണാം.

ആകയാൽ കൎത്താവായ ദൈവം അവരുടെ മേൽ ഇറങ്ങി അവരുടെ ബുദ്ധിയുടെ കണ്ണുകളെ തുറന്ന അവരെ തന്റെ സത്യവേദത്തിൻ വഴിയിൽ നടത്തുമാറാകട്ടെ.

J. G. B.

COTTAYAM: C. M. Press. 1857.

18640.

Hinduism & Romanism
by Miss. Kuttler
Trichur
(malayalam

# ...റ്റത്തിന്നും

# ...ഗ്ഗത്തിന്നും

...ളള സംബന്ധം.

K. UNIV. BIBL. TÜBINGEN

---

...ന നീക്കി പ്രകാശിപ്പിപ്പാൻ ഒ
...തുപോലെ മനുഷ്യരുടെ മനസ്സി
...ാശിപ്പിപ്പാൻ ഒരു വേദം ഉണ്ടാ
...തെന്ന മനുഷ്യൻ ദൈവാത്മാ
...ട്ടിരിക്കുന്ന തൻെറ ബുദ്ധിയുടെ
...ണ്ടതാകുന്നു. എല്ലാ വേദവും ജ്ഞാ
... പറയുന്നു. എങ്കിലും ദൈവത്തെ
...ളെയും ക്രിസ്തു ഉണ്ടാക്കിയ രക്ഷാ
...ത്തെയും വെളിപ്പെടുത്തുന്നത ത
...ദം ദൈവത്തിൻെറ ലക്ഷണ
...ള്ള രക്ഷാവഴിക്കും വിരോധമാ
...ത്താൽ ഉണ്ടായ വെദമാകയി

...ത്യവേദമാൎഗ്ഗം എന്ന പറകയും
...ക്ക കൊടുക്കാതെയും അതിനെ ത
...ക്കുന്നവരെ പതിതർ എന്ന പ
... കല്പനകളെ ദൈവകല്പനകളാ
... വരുന്നു. ആത്മാവാകുന്ന ദൈ
...ത്തിലും വന്ദിക്കെണ്ടതായിരിക്കു
...വന്ദന കൊണ്ടും കൎമ്മാചാരങ്ങ
...കൊണ്ടും, കള്ളക്കഥകൾകൊണ്ടും
...ിരുത്തുന്നു. ആകയാൽ റോമമാ
...ിരിക്കുന്നു എന്ന കാണിപ്പാനാ
...ള്ളു.
...ിയെ ആഗ്രഹിക്കുന്നവർ ഇതി
...വോടെ വായിച്ചു സത്യമൊ അ
...ത്യമാൎഗ്ഗത്തെ ഏററകൊണ്ട അ
...രാ വിവരട്ടെ.

A